ജേക്കബ് പുന്നൂസ് ഐ.പി.എസ്

ഭരണാധികാരിയുടെ ഇംഗിതത്തിനൊത്ത് ലാത്തി വീശുക എന്ന പ്രാകൃതധർമത്തിൽ നിന്ന് ജനാഭിലാഷ പ്രകാരമുള്ള, നിയമവ്യവസ്ഥയിലൂന്നി പ്രവർത്തിക്കുന്ന ജനസൗഹൃദ പൊലീസിലേക്കുള്ള പരിവർത്തനത്തിന്റെ പാതയിലാണ് കേരളാ പൊലീസ്.
കഴിഞ്ഞ അര നൂറ്റാണ്ടിൽ കേരള പൊലീസിനു സംഭവിച്ച പരിണാമങ്ങളും വളർച്ചയും വ്യക്തമാക്കുന്നതോടുകൂടി വെളിപ്പെടുത്തുന്ന ഏതാനും ലേഖനങ്ങൾ



# കേരളപൊലീസ് 50 വർഷം മാറ്റങ്ങളുടെ

കേരളത്തിന് 1956-57 വരെ പൊതുവായി ഒരു പൊലീസ് സേന ഉണ്ടായിരുന്നില്ല. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും വ്യത്യസ്ത ഘടനകളും വ്യത്യസ്ത വ്യവസ്ഥകളും ഉള്ള പൊലീസ് സമ്പ്രദായങ്ങളാണ് നിലനിന്നിരുന്നത്. കേരളപ്പിറവിക്ക് ശേഷം ഈ പൊലീസ് സമ്പ്രദായങ്ങൾ ഏകീകരിക്കപ്പെടുകയും കേരളത്തിന് മൊത്തമായി ഒരു പൊലീസ് സമ്പ്രദായം നിലവിൽ വരുകയും ചെയ്തു.

കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ സംഘടിത പൊലീസ് സംവിധാനങ്ങൾക്ക് ഏതാണ്ട് ഇരുന്നൂറിലധികം വർഷങ്ങളുടെ പഴക്കമുണ്ട്. എന്നാൽ ഇന്നത്തെ പൊലീസ് സേന രാജഭരണത്തിന്റെ കീഴിലും കൊളോണിയൽ സംവിധാനത്തിലും നിലനിന്നിരുന്ന പൊലീസ് സംവിധാനങ്ങളിൽ നിന്ന് തികച്ചും വിഭിന്നമാണ്. പുതിയ ഭരണരീതി നിലവിൽ വന്നപ്പോൾ പൊലീസുദ്യോഗസ്ഥർ തന്നെയാണ് ജനാധിപത്യസംവിധാനത്തിലെ പൊലീസായി പ്രവർത്തിക്കാനായി നിയോഗിക്കപ്പെട്ടത്. അതുകൊണ്ട് മുൻകാലങ്ങളിലുണ്ടായിരുന്ന പല ജനാധിപത്യ വിരുദ്ധമായ ഉപസംസ്കാര രീതികളും പാരമ്പര്യങ്ങളും പൊലീസിൽ തുടർന്നു വന്നു. അതേ സമയം ജനാധിപത്യ ഭരണ സംവിധാനങ്ങളുടെ പ്രവർത്തന ഫലമായി വളരെ കാതലായ മാറ്റങ്ങൾ പൊലീസിൽ ഉണ്ടാകുകയും ചെയ്തു.

പണ്ട് നിയമത്തിന്റെ ഉടമസ്ഥാവകാശം ജനങ്ങളിൽ നിക്ഷിപ്തമായിരുന്നില്ല. ജനങ്ങളുടെ സമ്മതം വാങ്ങാതെ ഭരണാധികാരികൾ സ്വന്തം നിലയ്ക്ക് നിർമിക്കുന്ന നിയമങ്ങൾ ജനങ്ങളെക്കൊണ്ട് നിർബന്ധിച്ച് അനുസരിപ്പിക്കുക എന്നതായിരുന്നു പഴയ കാലങ്ങളിലെ പൊലീസ് കർത്തവ്യം. ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത നിയമങ്ങൾ, ഭരണാധികാരികളുടെ ഇഷ്ടാനുസരണം, വേണ്ടിവന്നാൽ ബലം പ്രയോഗിച്ച്, നടപ്പാക്കുന്നതിനുള്ള കഴിവ് പൊലീസിന്റെ കാര്യക്ഷമതയുടെ ഒരു പ്രധാന അളവുകോലായിരുന്നു.

ജനാധിപത്യത്തിൽ നിയമങ്ങൾ ജനങ്ങളുടെതാണ്. ജനങ്ങളുടെ സമ്മതത്തോടുകൂടിയാണ് നിയമങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. അങ്ങനെയുള്ള നിയമങ്ങൾ വ്യവസ്ഥാപിതമായ രീതിയിൽ നടപ്പാക്കുകയാണ് ഇന്ന് പൊലീസിന്റെ ജോലി. ഈ നിയമ വ്യവസ്ഥിതിയിൽ ജനങ്ങൾ പൗരസ്വാതന്ത്ര്യങ്ങളും മൗലികാവകാശങ്ങളും അനുഭവിക്കുന്നു. മൗലികാവകാശങ്ങളില്ലാതാക്കാൻ ഭരണകൂടത്തിനോ പൊലീസിനോ യാതൊരവകാശവും ഇല്ല. ഭരണാധികാരിയുടെ ഇംഗിതമല്ല, മറിച്ച് നിയമ നിഷ്കർഷതയും നിയമപരമായ നടപടിക്രമവുമാണ് ജനാധിപത്യത്തിലെ പൊലീസിന്റെ കാര്യക്ഷമതയുടെ മാനദണ്ഡം.

ഭരണാധികാരിയുടെ ഇംഗിത പൂർത്തീ



കേരള പൊലീസിന്റെ 50-ാം വാർഷികാഘോഷം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.



കരണം എന്ന ധർമത്തിൽ നിന്ന് നിയമവ്യവസ്ഥകളിലൂടെയുള്ള ജനാഭിലാഷപൂർത്തീകരണ പ്രവർത്തന പ്രക്രിയയിലേക്കുള്ളമാറ്റം ക്രമാനുഗതമായി കേരള പൊലീസിൽ സംഭവിച്ചു കൊണ്ടിരിക്കുന്നു. പഴയതിൽ നിന്ന് പുതിയതിലേക്കുള്ള മാറ്റം ഒരു തുടർപ്രക്രിയയാണ്; ഇത്തരം മാറ്റങ്ങൾ പെട്ടെന്ന് സംഭവിക്കുന്നില്ല. ഈ മാറ്റങ്ങൾക്ക് പ്രധാനമായ രണ്ടു മുഖങ്ങളാണുള്ളത്-ഒന്ന്, പൊലീസിനെപ്പറ്റി ജനങ്ങൾക്കുള്ള കാഴ്ചപ്പാട്; രണ്ട്, പൊലീസുകാർക്ക് ജനങ്ങളെപ്പറ്റിയുള്ള കാഴ്ചപ്പാട്. ഈ രണ്ടു കാഴ്ചപ്പാടുകളും ഒരുമിച്ച് പരസ്പരപൂരകങ്ങളായി മാറിക്കൊണ്ടിരുന്നാലേ നിയമസംരക്ഷണമെന്ന സുപ്രധാന കർത്തവ്യം സമൂഹത്തിൽ കാര്യക്ഷമമായി നിർവഹിക്കപ്പെടുകയുള്ളൂ.

കൂടുതൽ സ്വാതന്ത്ര്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുമ്പോൾ ഭരണകൂടത്തിന്റെ അനിയന്ത്രിത അധികാരം കുറഞ്ഞുവരും. അങ്ങനെ പൊലീസിന്റെ അധികാരങ്ങൾ നിയമപരമായ നിയന്ത്രണങ്ങൾക്ക് വർദ്ധിച്ച രീതിയിൽ വിധേയമാകുമ്പോൾ നിയമപാലനത്തിന് കാര്യക്ഷമത കുറഞ്ഞുവരുന്നതായി ചിലപ്പോഴെങ്കിലും തോന്നും. എന്നാൽ കേരളത്തിലെ നിയമ സമാധാന പരിപാലന നിലവാരം ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ മെച്ചപ്പെട്ട നിലയിലുള്ളതാണ്. പല മാധ്യമങ്ങളും ദേശവ്യാപകമായി പൊതുജനങ്ങളുടെ ഇടയിൽ നടത്തിയിട്ടുള്ള സർവേകളിൽ ഇക്കാര്യം വ്യക്തമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഗുരുതരമായ കുറ്റകൃത്യങ്ങൾ കേരളത്തിൽ പൊതുവെ കുറവാണ്. കുറ്റകൃത്യങ്ങൾ ഉണ്ടായാൽ അവ രജിസ്റ്റർ ചെയ്യാനും അന്വേഷിക്കാനും മറ്റു സംസ്ഥാന പൊലീസ് സംവിധാനങ്ങളിലുള്ളതിനെക്കാൾ കൂടുതൽ താത്പര്യം കേരളാ പൊലീസ് പ്രകടിപ്പിക്കുന്നുണ്ട്. ചെറിയ കുറ്റകൃത്യങ്ങൾ പോലും ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നു. സാധാരണക്കാർ കുറ്റകൃത്യങ്ങൾക്ക് വിധേയരായാൽ അവരുടെ പരാതികൾ സ്വീകരിക്കാൻ ഉതകുന്ന സംവിധാനം ഇവിടെ നിലനിൽക്കുന്നു. കുറ്റകൃത്യങ്ങൾ തടയാൻ ഉപകരിക്കുന്ന പെറ്റീഷൻ അന്വേഷണ രീതി വളരെ നാളുകളായി സ്വീകരിച്ചിരുന്ന ഒരു സംസ്ഥാനമാണ് കേരളം. മിക്ക സംസ്ഥാനങ്ങളിലും ഈ രീതിയിലുള്ള ഒരു സംവിധാനം നിലവിലില്ല.

തൃപ്തികരമായ ക്രമസമാധാനം നിലനിൽക്കുന്നില്ലെങ്കിൽ ഒരു രംഗത്തും ഒരു പുരോഗതിയും ഉണ്ടാവുകയില്ല. വ്യവസായങ്ങളോ പ്രകൃതിവിഭവങ്ങളോ ഉണ്ടായതുകൊണ്ടുമാത്രം സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുകയില്ല. അതു സാധിക്കണമെന്നുണ്ടെങ്കിൽ, സമ്പദ്‌വ്യവസ്ഥ സമ്പുഷ്ടമാക്കുന്ന പ്രവർത്തനങ്ങൾ സുരക്ഷിതമായി നടത്താവുന്ന ഒരു അന്തരീക്ഷം സമൂഹത്തിൽ നിലനിൽക്കണം. കഴിഞ്ഞ അൻപത് വർഷക്കാലം കൊണ്ട് എല്ലാ രംഗങ്ങളിലും കേരളം അഭൂതപൂർവമായ വളർച്ച നേടിയിട്ടുണ്ട്. കേരളത്തിലെ വീടുകളുടെയും വാഹനങ്ങളുടെയും വ്യാപാര സ്ഥാപനങ്ങ ളുടെയും എണ്ണം, വിവിധ മതവിഭാഗങ്ങളുടെ പെരുന്നാളുകളും, ഉത്സവങ്ങളുടെയും തീർത്ഥാടന കേന്ദ്രങ്ങളുടെയും എണ്ണം, വിദ്യാഭ്യാസ-ആരോഗ്യ-ടൂറിസം മേഖലകളിൽ ഉണ്ടായ കുതിച്ചുചാട്ടം മുതലായവ പരിശോധിക്കുമ്പോൾ പലപ്പോഴും വിസ്മരിക്കപ്പെടുന്ന ഒരു കാര്യം ഇവയെല്ലാം സാധ്യമാകുന്നതിനുതകുന്ന ഒരു സമാധാന അന്തരീക്ഷം നിലനിർത്തുന്നതിൽ കേരളാ പൊലീസ് വഹിച്ച സ്തുത്യർഹമായ പങ്കാണ്. ഇത്തരം ഒരന്തരീക്ഷം സമൂഹത്തിന് കേരളാ പൊലീസ് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് നിസ്സംശയം പറയാം. കേരളത്തിലുണ്ടായിട്ടുള്ള ക്രമസമാധാന പ്രശ്നങ്ങൾ ഒന്നും തന്നെ രൂക്ഷമായ പ്രതിസന്ധികളായി മാറിയിട്ടില്ലെന്നുള്ളത് പൊലീസിന് അഭിമാനിക്കാവുന്ന വസ്തുതയാണ്.

കേരളത്തിലെ സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും നിർണ്ണായകമായ സംഭാവന ചെയ്യുന്നത് സേവന മേഖലയാണ്. സേവന മേഖലയുടെ വളർച്ച എപ്പോഴും നല്ല പൊലീസിങ് രീതികളെ ആശ്രയിച്ചിരിക്കും. ഗതാഗതമാണെങ്കിലും ഹോട്ടൽ വ്യവസായമാണെങ്കിലും ടൂറിസമാണെങ്കിലും കാര്യക്ഷമമായ ക്രമസമാധാനപാലനം ഉണ്ടെങ്കിൽ മാത്രമേ പുഷ്ടിപ്പെടുകയുള്ളൂ. മറുനാടൻ മലയാളികളും നാടിന്റെ പുരോഗതിക്ക് കാര്യമായ സംഭാവനകൾ നൽകി



വരുന്നു. ലക്ഷക്കണക്കിനാളുകൾക്ക് കേരളം വിട്ട് അന്യനാടുകളിൽ തുടർച്ചയായി ജോലി ചെയ്യുവാൻ സാധിക്കുന്നുണ്ട്. അവർ ഇവിടം വിട്ടു പോയാലും അവർക്ക് ഇവിടെയുള്ള വസ്തുവകകളെയും ബന്ധുമിത്രാദികളെയും സംരക്ഷിക്കുവാൻ പ്രാപ്തമായ ഒരു പൊലീസ് സംവിധാനം ഇവിടെ നിലനിൽക്കുന്നു. അങ്ങനെയുള്ള ഒരു പൊതുവിശ്വാസം അവർക്ക് ഇല്ലായിരുന്നെങ്കിൽ ഒരു പക്ഷേ ഇന്ന് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ നിലനിർത്തുന്ന ഒരു പ്രധാനഘടകങ്ങളായ വിദേശമലയാളികളുടെ എണ്ണം വളരെ വളരെ കുറഞ്ഞു വരുമായിരുന്നു. കാരണം വിദേശമലയാളിക്ക് സ്വന്തം നാട്ടിലെ സുരക്ഷിതത്വ അന്തരീക്ഷം വളരെ പ്രധാനമാണ്; ആ സുരക്ഷ പ്രദാനം ചെയ്യുന്നതിൽ കേരളാ പൊലീസ് വളരെയധികം വിജയിച്ചിട്ടുണ്ട്.

പൊലീസ് സ്റ്റേഷനിൽ കടന്നു ചെന്ന് സഹായം അഭ്യർത്ഥിക്കുവാനുള്ള അവസരം ഒരിക്കൽ പൊലീസിന്റെ 'ഔദാര്യ'മായിരുന്നു; ഇത് ജനങ്ങളുടെ അവകാശമായി പരിഗണിക്കപ്പെടുന്നു. പണ്ട് പൊലീസ് സ്റ്റേഷനിൽ 'സ്വീകരണം' ലഭിക്കണമെന്നു ആരെങ്കിലും പറഞ്ഞാൽ അതൊരു തമാശയായി മാത്രമേ ആളുകൾ കരുതുമായിരുന്നുള്ളൂ. പൊലീസ് സ്റ്റേഷനിലെ സ്വീകരണം വിശിഷ്ട വ്യക്തികൾക്കും, മേലധികാരികൾക്കും മാത്രമുള്ള അവകാശമായിട്ടാണ് ജനങ്ങൾ ഒരിക്കൽ കരുതിയിരുത്. ഇന്ന് ആ സ്ഥിതി മാറി; കേരളത്തിലെ എല്ലാ പൊലീസ് സ്റ്റേഷനുകളിലും സ്വീകരണമുറികൾ സർക്കാർ ചെലവിൽ തന്നെ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പൊലീസ് സ്റ്റേഷനിൽ സാധാരണ പൗരൻമാർ പോലും സ്വീകരിക്കപ്പെടണമെന്ന കാഴ്ചപ്പാട് സർക്കാരുകൾക്കും വകുപ്പിനും ജീവനക്കാർക്കും ജനങ്ങൾക്കും ഉണ്ടായി എന്നതാണ് ഇത് കാണിക്കുന്നത്.

പൊലീസ് ജനങ്ങളുടെ സേവകരാണ്. ഒരർത്ഥത്തിൽ ദാസൻമാരാണ് എന്ന ഒരു ചിന്താരീതി, പൂർണ്ണമായി പ്രാവർത്തികമാക്കപ്പെട്ടില്ലെങ്കിലും, ഇന്ന് വകുപ്പിലും ജനങ്ങളുടെ ഇടയിലും വളരെ പ്രചാരം നേടിയിരിക്കുന്നു. ഇന്ന് പൊലീസിന്റെ സേവനം ഒരു ഫോൺ വിളിയിലൂടെ ലഭിക്കും എന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു. എവിടെ എന്തെങ്കിലും ഒരു പ്രശ്നമുണ്ടായാൽ അവിടെ നിന്ന് ഫോൺ ചെയ്താൽ പൊലീസ് വരുമെന്ന് ജനങ്ങൾ വിശ്വസിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെ സാധാരണക്കാരായ ജനങ്ങൾ പ്രയാസങ്ങളിൽ അകപ്പെടുമ്പോൾ എവിടെ നിന്ന് വിളിച്ചാലും അടിയന്തരമായി ചെല്ലേണ്ടത് പൊലീസിന്റെ കടമയായി പൊലീസ് കരുതുകയും ചെയ്യുന്നു. എന്നാൽ പത്തമ്പത് വർഷങ്ങൾക്ക് മുൻപ് ഈ രീതിയിൽ പൊലീസ് സ്റ്റേഷനിലേക്ക് വിളിച്ച് ഒരു സേവനം ആവശ്യപ്പെടാൻ ധൈര്യമുണ്ടായിരുന്ന ആളുകൾ ഈ നാട്ടിൽ വിരളമായിരുന്നു. അങ്ങനെ ആവശ്യപ്പെട്ടാൽ ത്തന്നെ അത് സാമാന്യ മര്യാദയുടെ ധിക്കാരമായി അന്നത്തെ പൊലീസുകാർ കരുതുമായിരുന്നു. 'സുരക്ഷ എന്നത് ജനങ്ങളുടെ അവകാശമായി മാറിക്കൊണ്ടിരിക്കുന്നു;. അതിനനുസരിച്ച് പൊലീസും പ്രതികരിക്കുന്നു' എന്ന രീതിയിലുള്ള ഒരു മാറ്റമാണ് ഇക്കാര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

സബ്ഇൻസ്പെക്ടറെ 'ഏമാനെ'ന്നും, ഹെഡ് കോസ്റ്റബിളിനെ 'അങ്ങത്തേ' എന്നുമൊക്കെ വിളിച്ചിരുന്ന കാലം ഇന്ന് സർവീസിലുള്ള പലർക്കും ഓർമയുണ്ട്. ജനാധിപത്യ ചിന്തയുടെ കുത്തൊഴുക്കിൽ അങ്ങനെയുള്ള ഫ്യൂഡൽ അഭിസംബോധനാ രീതികളൊക്കെ അപ്രത്യക്ഷമായിക്കഴിഞ്ഞു. ഇത് വെറും ഒരു സംസാരഭാഷാ വ്യത്യാസം മാത്രമല്ല, മറിച്ച് പൊലീസിനെക്കുറിച്ച് സമൂഹത്തിന്റെയും പൊലീസിന്റെയും കാഴ്ചപ്പാടിൽ സംഭവിച്ച ഒരു പ്രധാന മാറ്റത്തിന്റെ പ്രകടലക്ഷണമാണ്. 'നിയമം എനിക്ക് തോന്നിയതുപോലെ നടപ്പാക്കും' എന്ന് പറയുന്ന, നിയമത്തിന്റെ ഉടമയായി അഭിനയിക്കുന്ന, ചോദ്യം ചെയ്യാൻ പാടില്ലാത്ത അധികാരത്തിന്റെ ആൾരൂപമായി പ്രത്യക്ഷപ്പെടുന്ന സബ് ഇൻസ്പെക്ടറെ 'ഏമാനെന്ന്' സാധാരണക്കാർ അഭിസംബോധന ചെയ്തിരുന്നത് അത്ഭുതകരമല്ല. ഇന്ന് സബ് ഇൻസ്പെക്ടർ ഒരു ഉദ്യോഗസ്ഥനാണെന്നും എല്ലാ ഉദ്യോഗസ്ഥർക്കും അർഹതപ്പെട്ട ബഹുമാനം മാത്രമെ അയാൾ അർഹിക്കുന്നുള്ളൂവെന്നും അയാൾ ആരുടെയും 'ഏമാന'ല്ലെന്നും ജനം തിരിച്ചറിയുന്നു. ആ തിരിച്ചറിവ് അധികാര ഗർവില്ലാതെ പൊലീസുകാർ അംഗീകരിക്കുകയും ചെയ്യുന്നു. ഇത് ജനാധിപത്യബോധം പൊലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധങ്ങളിലേക്ക് വേരോടുന്നതിന്റെ ദൃഷ്ടാന്തമാണ്.

'പൊലീസ് ഉദ്യോഗസ്ഥർ ഭരണാധികാരിയുടേയോ, ഭരിക്കുന്ന കക്ഷിയുടെയോ ആജ്ഞാനുവർത്തികളല്ല. മറിച്ച് നിയമസംരക്ഷകരാണ്, സമൂഹത്തിൽ എല്ലാ വിഭാഗങ്ങളോടും പ്രതിബദ്ധതയുള്ളവരാണ്' എന്ന സങ്കൽപ്പം ഇന്ന് നിയമപരമായി ത്തന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പൊലീസിന്റെ നിയന്ത്രണം ആഭ്യന്തര മന്ത്രിയും പ്രതിപക്ഷ നേതാവും ഉദ്യോഗസ്ഥ പ്രമുഖരും പൗരപ്രമുഖരും ഉൾപ്പെടുന്ന ഒരു സംസ്ഥാന സെക്യൂരിറ്റി കമ്മീഷനിൽ ക്ലിപ്തപ്പെടുത്തിയ ഒരു നിയമം തന്നെ, അടുത്ത കാലത്ത് അംഗീകരിക്കപ്പെട്ടു. പൊലീസിനെതിരായ പരാതികൾ കേൾക്കുവാനും തീർപ്പ് കൽപ്പിക്കുവാനും നിരവധി

# കേരള പൊലീസിന്റെ ചരിത്രം

സംസ്ഥാനങ്ങളുടെ പുനർരൂപീകരണ കാലത്ത് 1956 ലാണ് കേരള പൊലീസിന്റെ രൂപീകരണം. സ്വാതന്ത്ര്യത്തിനു മുമ്പ് രാജ ഭരണം നിലനിന്ന തിരുവനന്തപുരം കൊച്ചി, മലബാർ പ്രദേശങ്ങൾ മദ്രാസ് പ്രവിശ്യയുടെ കീഴിലായിരുന്നു. രാജ ഭരണത്തിൻ കീഴിലായിരുന്നതു കൊണ്ട് ഈ പ്രദേശങ്ങൾക്ക് അവരുടേതായ രീതിയിലുള്ള പൊലീസ് സംവിധാനങ്ങളുമുണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ഭരണമാണ് ആധുനിക പൊലീസിന്റെ രൂപത്തിന്റെയും ഭാവത്തിന്റെയും പിന്നിൽ.

1881 ൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ആദ്യപൊലീസ് സൂപ്രണ്ടായി ഒലിവർ എച്ച് ബെൻസ്‌ലി നിയമിക്കപ്പെട്ടു. 1938 ൽ ഖാൻ ബാദ്ദൂർ സയ്യിദ് അബ്ദുൾ കരിം സുഹ്റാവർദി തിരുവിതാംകൂറിന്റെ ആദ്യ ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ് ആയി. കൊച്ചിസംസ്ഥാനത്തിന് 1942 ലാണ് ഐ ജി പി യെ ലഭിച്ചത്. മലബാറിലേക്കുള്ള ഐ ജി മദ്രാസിന്റെ സംഭാവനയായിരുന്നു.

മൃദുഭാവേ ദൃഢകൃത്യേ- Gentle in manner, Firm in action ഇതാണ് കേരള പൊലീസിന്റെ മോട്ടോ.

42149 പേർ കേരള പൊലീസിൽ കർമനിരതരായി നിലകൊള്ളുന്നു. അഞ്ചു പട്ടണങ്ങളിലും 53 മുനിസിപ്പൽ പട്ടണങ്ങളിലും 1452 ഗ്രാമങ്ങളിലുമായി പരന്നു കിടക്കുന്ന 31.8 മില്യൺ ജനതയെ സേവിക്കുന്നു.ഒരു കി.മീറ്റർ സ്ക്വയറിന് 819 പേർ എന്ന നിരക്കിലാണ് ജനസാന്ദ്രത. ഇതിൽ 8.2 മില്യൺ നഗരങ്ങളിലും 23.6 മില്യൺ ഗ്രാമങ്ങളിലുമാണ്. ഒന്നേമുക്കാൽ ലക്ഷത്തോളം കേസുകൾ ഒരു വർഷം അന്വേഷിക്കുന്നു.

*പൊലീസ് വെബ്സൈറ്റിൽ നിന്ന്*

സ്വതന്ത്ര ഏജൻസികൾ (മനുഷ്യാവകാശ കമ്മീഷൻ, ലോകായുക്ത, വനിതാ കമ്മീഷൻ, പൊലീസ് കംപ്ലയിന്റ് അതോറിറ്റി മുതലായവ) ഇന്ന് നിലവിൽ വന്നിട്ടുണ്ട്. പൊലീസ് അതിക്രമങ്ങൾ തടയുവാനും പൊലീസിന്റെ അക്രമങ്ങളും പൊലീസിന്റെ താന്തോന്നിത്തങ്ങളും ഇല്ലാതാക്കുവാനും സർക്കാരും ജനങ്ങളും പൊലീസ് വകുപ്പും ഒരുമിച്ച് പരിശ്രമിക്കുന്നതിന്റെ ഫലമായാണ് ഇങ്ങനെയുള്ള ഏജൻസികൾ നിലവിൽ വന്നത്. ഇതൊക്കെ പൊലീസിന്റെ പ്രവർത്തന മേഖലയിൽ ജനാധിപത്യവത്കരണപ്രക്രിയ സൃഷ്ടിച്ച മാറ്റങ്ങളാണ്.

പൊലീസിന്റെ ആന്തരിക ഘടനകളിൽ വളരെ വലിയ മാറ്റങ്ങളാണ് കഴിഞ്ഞ 50 വർഷങ്ങളിൽ സംഭവിച്ചത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളത്തിലെ പൊലീസുകാർക്ക് സംഘടനാസ്വാതന്ത്ര്യം 1979ൽ അനുവദിക്കപ്പെട്ടതാണ്. ബ്രിട്ടൻ മുതലായ രാജ്യങ്ങളിൽ വളരെ കാലം മുമ്പ് തന്നെ പൊലീസുകാർക്ക് സംഘടനാ സ്വാതന്ത്ര്യം നിലനിന്നിരുന്നു. കേരളത്തിലെ പൊലീസുകാർക്ക് സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചതിനു ശേഷം പൊലീസിന്റെ ജോലിയെക്കുറിച്ചും പൊലീസുകാരുടെ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ചും വളരെ മെച്ചപ്പെട്ട രീതിയിലുള്ള ചർച്ചകളും നടപടിക്രമങ്ങളും അവബോധവും ഉണ്ടായിട്ടുണ്ട്. ഒരിക്കൽപോലും അച്ചടക്കലംഘനത്തിന് ഇത് വഴി തെളിച്ചില്ലായെന്ന കാര്യവും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. പൊലീസുകാരിൽ തങ്ങൾ ചെയ്യുന്ന ജോലിയെക്കുറിച്ചുള്ള അഭിമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽപരമായ മേൻമയ്ക്ക് ഉപയുക്തമായ രീതിയിൽ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തിയെടുക്കുന്നതിനും അസോസിയേഷന്റെ പ്രവർത്തനം മൂലം സാധിച്ചിട്ടുണ്ട്.

> പൊലീസിനെതിരായ പരാതികൾ കേൾക്കുവാനും തീർപ്പ് കൽപ്പിക്കുവാനും മനുഷ്യാവകാശ കമ്മീഷൻ, ലോകായുക്ത, വനിതാ കമ്മീഷൻ, പൊലീസ് കംപ്ലയിന്റ് അതോറിറ്റി മുതലായ സ്വതന്ത്ര ഏജൻസികൾ നിലവിൽ വന്നിട്ടുണ്ട്.

കേരളത്തിലെ പൊലീസുകാരിൽ ഗുണപരമായ പല വലിയ മാറ്റങ്ങളും ഉണ്ടാക്കുന്നതിൽ ജനാധിപത്യ പ്രക്രിയ സഹായിച്ചു. 'വിദ്യാഭ്യാസമില്ലാത്ത പൊലീസുകാരാണ് ഏറ്റവും നല്ല പൊലീസുകാർ' എന്ന ഒരു ധാരണ പണ്ട് നിലവിലുണ്ടായിരുന്നു. ഇന്ന് ആ നില മാറി. വിദ്യാഭ്യാസപരമായി വളരെ ഉന്നതനിലവാരം പുലർത്തുന്ന വ്യക്തികളാണ് ഇന്ന് പൊലീസ് സേനയിൽ അംഗങ്ങളായിക്കൊണ്ടിരിക്കുന്നത്. സേനയിലേക്കുള്ള റിക്രൂട്ട്മെന്റ് പബ്ളിക് സർവീസ് കമ്മീഷൻ വഴി നടത്തുന്ന ഏക സംസ്ഥാനം കേരളമാണ്. ആ വിധത്തിൽ വളരെ മെച്ചപ്പെട്ട ആളുകളെ പരീക്ഷാ യോഗ്യത്തയുടെയും കായികക്ഷമതയുടെയും മത്സരപരീക്ഷയുടെയും അടിസ്ഥാനത്തിൽ സേനയിലേക്ക് തെരഞ്ഞെടുക്കുന്നതിന് സാധിച്ചു.

പഴയകാല പരിശീലന രീതികളിൽ നിന്ന് വ്യത്യസ്തമായി വളരെ ബൃഹത്തായ ഒരു പാഠ്യപദ്ധതി തന്നെ പൊലീസ് പരിശീലനത്തിന്റെ ഭാഗമാക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുടെ മുൻപിലാണ് കേരളം.

പൊലീസുകാരുടെ പരിശീലനത്തിനു വേണ്ടി ലോകത്തിലെ തന്നെ മറ്റ് ഏത് പൊലീസ് പരിശീലന കേന്ദ്രത്തിനോടും കിടപിടിക്കുന്ന ഒരു കേരള പൊലീസ് അക്കാദമി കഴിഞ്ഞ് കുറേ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. ഇത് കേരളാ പൊലീസിന്റെ പരിശീലന പ്രക്രിയയിൽ വളരെ വലിയ മാറ്റങ്ങൾക്ക് വഴി തെളിച്ചിട്ടുണ്ട്. കേരളാ പൊലീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ.ടി. തോമസ്, അക്കാദമിയെ 'കേരളാ പൊലീസിന്റെ ഭാവിപ്രതീക്ഷ'യെന്ന് പരാമർശിച്ചത്.

പൊലീസിൽ ഉണ്ടായ ഗുണപരമായ മാറ്റങ്ങൾക്ക് സഹായകരമായ രീതിയിൽ പൊലീസിന്റെ സേവന വേതന വ്യവസ്ഥകൾ കേരളത്തിൽ പരിഷ്കരിക്കപ്പെട്ടുകൊണ്ടേയിരുന്നു. ഒരു ജനാധിപത്യ വ്യവസ്ഥിതിയിലെ പോലീസിന് അനുയോജ്യമായ രീതിയിൽ നല്ല നിലയിലുള്ള ശമ്പളവും എട്ട് മണിക്കൂർ ജോലി സൗകര്യങ്ങളും മെച്ചപ്പെട്ട പ്രമോഷൻ സാദ്ധ്യതകളും അവധിജോലിക്ക് അധിക വേതനവും മറ്റ് സംസ്ഥാനങ്ങളിൽ നൽകി വരുന്നതിനെക്കാൾ ഉയർന്ന രീതിയിൽ കേരളത്തിലെ പൊലീസുകാർക്ക് ലഭിക്കുന്നുണ്ടെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കഴിഞ്ഞ 50 വർഷങ്ങളിൽ ഉണ്ടായ പുരോഗതിയും മാറ്റങ്ങളും വളരെ ശുഭോദർക്കമാണ്. എന്നിരുന്നാലും പല പോരായ്മകളും ഇനിയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. പൊലീസിന്റെ പ്രവർത്തനങ്ങളിൽ നിരവധി ന്യൂനതകൾ ഇപ്പോഴും നിലനിൽക്കുന്നു. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ പലപ്പോഴും പൊലിസിന് സാധിക്കുന്നില്ല. ഈ കുറവുകൾ പരിഹരിച്ച്, ജനങ്ങളുടെ ജീവനും സ്വത്തും അന്തസ്സും സംരക്ഷിക്കുന്നു, തികച്ചും ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കുന്ന, ജനസുഹൃത്തുക്കളായ ഒരു പൊലീസ് സേനയായി കേരളാ പോലീസ് പൂർണ്ണമായി മാറും എതിൽ സംശയമില്ല. കഴിഞ്ഞ 50 വർഷങ്ങളിൽ ഉണ്ടായ അവിശ്വസനീയമായ മാറ്റങ്ങളുടെ പിൻബലത്തിൽ ഒരു ജനാധിപത്യ രാഷ്ട്രത്തിന് അനുയോജ്യമായ പൊലീസ് സേനയായി പൂർണ്ണമായി പരിണമിക്കുവാൻ കേരളാ പൊലീസിന് സമീപ ഭാവിയിൽത്തന്നെ കഴിയുമെന്ന് നമുക്ക് വിശ്വസിക്കാം. ■

*ഇന്റലിജൻസ് വിഭാഗം അഡീഷണൽ ഡി.ജി.പി.യാണ് ലേഖകൻ*

**കോടിയേരി ബാലകൃഷ്ണൻ,** *ആഭ്യന്തരമന്ത്രി* / **ഗായത്രി**



# ജനസൗഹൃദ പൊലീസ് ഞങ്ങളുടെ ലക്ഷ്യം

*സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന ഘട്ടത്തിൽ ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് മാധ്യമങ്ങൾ കാര്യമായ വിമർശനമൊന്നും ഉന്നയിച്ചുകണ്ടില്ല. മന്ത്രിയെന്ന നിലയിൽ ഇത് എങ്ങനെയാണ് വിലയിരുത്തുന്നത്?*

ഏതു ഘട്ടത്തിലും വിമർശിക്കപ്പെടുന്ന ഒരു വിഭാഗമാണ് പൊലീസ്. ജനങ്ങളുടെ ജീവിതവുമായി നിത്യവും ബന്ധപ്പെടുന്ന വിഭാഗമെന്ന നിലയിൽ പ്രതിദിന വിചാരണയ്ക്ക് വിധേയമാകുന്നവരാണ് പൊലീസുകാർ. എന്നാൽ, താങ്കൾ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ പൊലീസിനെപ്പറ്റി വൻതോതിലുള്ള കുറ്റപ്പെടുത്തലുകൾ ഉണ്ടായിക്കണ്ടില്ല. അത് മാധ്യമങ്ങൾ ആഭ്യന്തര വകുപ്പിനെ മറന്നു പോയതുകൊണ്ടാവാൻ തരമില്ല. മറിച്ച്, മുൻകാലത്തെക്കാൾ സ്ഥിതി മെച്ചപ്പെട്ടതുകൊണ്ടാണ്. ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പുവരുത്താൻ പൊലീസ് നിതാന്തജാഗ്രത പുലർത്തുന്നുണ്ട്. പൊതുസമൂഹത്തിന്റെ സമാധാനം കെടുത്തുന്ന സാമൂഹികവിരുദ്ധ ശക്തികളെ അടിച്ചമർത്തി. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരായ അക്രമങ്ങൾ ഏറ്റവും കുറവുള്ള ഇന്ത്യൻ സംസ്ഥാനം കേരളമാണെന്ന് UNDP യും ദില്ലിയിലെ മറ്റൊരു ഗവേഷണ ഏജൻസിയും ചേർന്ന് നടത്തിയ പഠനം വെളിപ്പെടുത്തുന്നു. ഈ വസ്തുതകൾ മുന്നിൽ നിൽക്കുമ്പോൾ മാധ്യമങ്ങൾക്ക് എങ്ങനെയാണ് അന്ധമായി വിമർശനമുന്നയിക്കാൻ കഴിയുക? എന്നാൽ സ്ഥിതിഗതികൾ മെച്ചപ്പെട്ടു എന്ന വസ്തുത ഉയർത്തിക്കാട്ടാൻ മാധ്യമങ്ങൾ ശ്രമിച്ചിട്ടുമില്ല.

*പൊലീസ് പൂർണമായും മെച്ചപ്പെട്ടു എന്നാണോ അങ്ങ് അവകാശപ്പെടുന്നത്?*

അല്ല. വർഷങ്ങളായി അനുവർത്തിച്ചു വരുന്ന നടപടികളും ശീലങ്ങളും ഒറ്റയടിക്ക് മാറ്റിയെടുക്കാൻ കഴിയില്ല. എന്നാൽ ഇച്ഛാശക്തിയും ആത്മാർത്ഥതയും അഴിമതിരഹിത സമീപനവുമുള്ള ഒരു ഭരണനേതൃത്വം ഉണ്ടാകുമ്പോൾ ഉദ്യോഗസ്ഥതലത്തിലും അത് ഒരു പരിധിവരെ പ്രതിഫലിക്കും. ആ മാറ്റം ഉണ്ടായിട്ടുണ്ട്.

*സാമൂഹികവിരുദ്ധ ശക്തികളെ അടിച്ചമർത്താൻ എന്തൊക്കെ നടപടികളാണെടുത്തത്?*

ഗുണ്ടാ-മാഫിയാ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ ശക്തമായ നിയമനിർമാണം നടത്തി. ഇതിനായി പുറപ്പെടുവിച്ച ഓർഡിനൻസ് പരിശോധിച്ചാൽ താങ്കൾക്ക് കാര്യങ്ങൾ കുറെക്കൂടി വ്യക്തമാകും. അറിയപ്പെടുന്ന ഗുണ്ടകളെ മാത്രമല്ല, ബ്ലേഡ്, മണൽ, വാടകപിരിവ്, മദ്യ, സിഡി മാഫിയകളെയും ഈ നിയമത്തിന്റെ പിരിധിയിൽ കൊണ്ടുവന്നു. അതായത് സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കുന്ന, സംഘടിത കുറ്റകൃത്യങ്ങൾ നടത്തുന്ന ഏതൊരാളെയും



**കേരള പൊലീസിന്റെ 50-ാം വാർഷികാഘോഷ ചടങ്ങിൽ ഡി.ജി.പി. രമൺ ശ്രീവാസ്തവ സ്വാഗതം ആശംസിക്കുന്നു. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ, മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ, പന്ന്യൻ രവീന്ദ്രൻ എം.പി, വി. ശിവൻകുട്ടി എം.എൽ.എ എന്നിവർ വേദിയിൽ**



## കുറ്റകൃത്യങ്ങൾ
# ഒരു താരതമ്യം

**കേ**രളത്തിൽ അപൂർവമായേ കുറ്റകൃകുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നുള്ളൂ. വാർത്താവിനിമയ സൗകര്യങ്ങളും പൊലീസ് സ്റ്റേഷനുകളുടെ സാമീപ്യവും കാരണം കുറ്റകൃത്യങ്ങൾ മിക്കവയും റിപ്പോർട്ട് ചെയ്യപ്പെടുന്നു. 2004ലെ കണക്ക് പ്രകാരം കേരളത്തിൽ 19,000 ഡിസ്ട്രസ് കാൾ ലഭിച്ചപ്പോൾ മധ്യപ്രദേശിൽ 450 ഉം ഛത്തീസ്ഗഢിൽ 376 ഉം ബീഹാറിൽ 6,500 ഉം മാത്രമാണ് ലഭിച്ചത്. കേരളത്തിൽ ഒരു ലക്ഷം പേരിൽ 320 കുറ്റകൃത്യങ്ങൾ നടക്കുന്നതായാണ് കണക്കുകൾ എന്നിരിക്കിലും ജീവിതസുരക്ഷ ഏറ്റവുമധികമുള്ള സംസ്ഥാനം കേരളമാണ്. ബീഹാറിൽ ഒരു ലക്ഷം പേരിൽ കൊലപാതകം ഒഴികെയുള്ള 150 കുറ്റകൃത്യങ്ങൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതേസമയം 2004 ൽ അവിടെ 3948 കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലാകട്ടെ ആ വർഷം 419 കൊലപാതകങ്ങളാണ് രേഖപ്പെടുത്തിയത്. ചെറിയ കുറ്റകൃത്യങ്ങൾ കുറയുകയും കൊടുംകുറ്റങ്ങൾ പെരുകുകയും ചെയ്തത് അവിടെ സംഭവങ്ങൾ അങ്ങനെയായതുകൊണ്ടല്ല, അവ റിപ്പോർട്ട് ചെയ്യപ്പെടാതെ പോയതുകൊണ്ടാണ്. കേരളം ഇക്കാര്യത്തിൽ ഏറെ മുന്നിലാണ്.




**റിസപ്ഷൻ കൗണ്ടറുകൾ:** പൊലീസ് സ്റ്റേഷനുകളിലെ പുതിയമുഖം

അതിൽ നിന്ന് തടയാൻ പര്യാപ്തമാണ് ഈ നിയമമെന്ന് ചുരുക്കം. ഇത് ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യതകൾ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യപ്പെടാവുന്നയാളിന് തന്റെ ഭാഗം വ്യക്തമാക്കാനുള്ള അവസരങ്ങൾ നിയമം ഉറപ്പാക്കുന്നുമുണ്ട്. കരുതൽ തടങ്കലിനുള്ള നിയമമാണിത്. ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായി ജ.കെ.കെ.ദിനേശൻ അദ്ധ്യക്ഷനായി ഉപദേശകസമിതിയും രൂപീകരിച്ചു കഴിഞ്ഞു. ഇതു കൂടാതെ സാമൂഹികവിരുദ്ധരെയും കുറ്റവാളികളെയും കണ്ടെത്തുന്നതിനുള്ള ജാഗ്രത്തായ പ്രവർത്തനങ്ങൾ പൊലീസ് നടത്തുന്നുമുണ്ട്. 2359 പുതിയ പൊലീസുകാരെ കഴിഞ്ഞവർഷം തെരഞ്ഞെടുത്ത് പരിശീലനത്തിനയച്ചു. പല സ്റ്റേഷനുകളിലും ആവശ്യത്തിന് പൊലീസുകാരില്ലാത്ത സ്ഥിതി പരിഗണിച്ചാണിത്. പൊലീസുകാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ തുടരുകയാണ്.

*പൊലീസ് സേനയെ പരിഷ്കരിക്കുന്നത് സംബന്ധിച്ച് നിരവധി ചർച്ചകൾ നടക്കാറുണ്ട്. പക്ഷേ ഇന്നും പൊലീസ് പഴയ പൊലീസ് തന്നെയല്ലേ? ജനങ്ങൾ പൊലീസിനെ ഭയപ്പാടോടെയല്ലേ നോക്കിക്കാണുന്നത്?*

പൊലീസ് പഴയ പൊലീസ് തന്നെയാണോ എന്ന് മനസിലാക്കാൻ താങ്കൾ ഏതെങ്കിലുമൊരു പൊലീസ് സ്റ്റേഷൻ സന്ദർശിച്ചാൽ മതി. മാറ്റം പ്രത്യക്ഷത്തിൽത്തന്നെ അറിയാൻ കഴിയും. ഞാൻ പറഞ്ഞല്ലോ, ഒറ്റയടിക്ക് എല്ലാം മാറ്റാൻ പറ്റില്ല. പക്ഷേ കുറെ മാറ്റങ്ങളുണ്ട്. പുതിയ പൊലീസ് സേനാംഗങ്ങൾ വളരെ ഉയർന്ന വിദ്യാഭ്യാസമുള്ളവരാണ്. ബിരുദവും ബിരുദാനന്തരബിരുദവുമുള്ള അനേകം പേരുണ്ട്. ഇത് അവരുടെ പെരുമാറ്റത്തിൽ സ്വാഭാവികമായും പ്രതിഫലിക്കും. അതുപോലെ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള അവബോധം അവർക്ക് നൽകുന്നുണ്ട്.

ഇതിനെല്ലാം പുറമെയാണ് ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ. എല്ലാ സ്റ്റേഷനുകളിലും റിസപ്ഷൻ കൗണ്ടറുകൾ ഏർപ്പെടുത്തി. ഇവിടങ്ങളിൽ കഴിവതും വനിതാ പൊലീസുകാരെ നിയോഗിച്ചു. ഇതൊക്കെ പൊലീസിനെക്കുറിച്ചുള്ള സാധാരണക്കാരന്റെ ഭയം കുറച്ചിട്ടുണ്ട്.

പൊലീസ് നവീകരണത്തിന് വളരെ പ്രസക്തമായ ചില നടപടികൾക്ക് ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊലീസ് മാന്വൽ പരിഷ്കരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. പൊലീസ് ആക്ട് പരിഷ്കരിക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിച്ചു. കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത് പൊലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്. കുറ്റാന്വേഷണം ശാസ്ത്രീയമാക്കാൻ ബ്രെയിൻ മാപ്പിങ് അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി.

*വളരെ ദുഷ്കരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന പൊലീസുകാരുടെ ക്ഷേമത്തിനായി നടപ്പാക്കിയ പരിപാടികൾ ഒന്നു വിശദമാക്കാമോ?*

പൊലീസുകാരുടെ ഡ്യൂട്ടിസമയത്തിൽ ക്ലിപ്തത വരുത്തിയതാണ് ഒരു പ്രധാന നടപടി. എട്ടു മണിക്കൂർ ഡ്യൂട്ടി ഷിഫ്റ്റ് തത്ത്വത്തിൽ അംഗീകരിക്കുകയും 17 സ്റ്റേഷനുകളിൽ നടപ്പാക്കുകയും ചെയ്തു. ഇത് 17 സ്റ്റേഷനുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കും. പൊലീസായി സർവീസിൽ കയറുന്നയാൾ പൊലീസായിത്തന്നെ വിരമിക്കുന്ന ദു:സ്ഥിതിയാണ് മുൻപുണ്ടായിരുന്നത്. ഇത് മാറ്റാൻ ഗ്രേഡ് പ്രമോഷൻ നടപ്പാക്കി. 15 കൊല്ലം പൂർത്തിയാക്കിയ കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ ആയും 23 കൊല്ലം സർവീസുള്ള ഹെഡ്കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐ. ആയും പ്രമോഷൻ നൽകി. പൊലീസുകാരുടെ പരാതികൾ കേൾക്കാനുള്ള കംപ്ലയ്ന്റ് അതോറിട്ടിയുടെ കാര്യവും എടുത്തുപറയേണ്ടതുണ്ട്.

*ഇടതുപക്ഷസർക്കാരിന്റെ പൊലീസ് നയം മുൻസർക്കാരിന്റേതിൽനിന്ന് എങ്ങനെയാണ്*

*വ്യത്യസ്തമായിരിക്കുന്നത്?*

മുൻസർക്കാർ പൊലീസിനെ മർദനോപകരണമായാണ് ഉപയോഗിച്ചത്. ജനങ്ങളുടെ പ്രശ്നങ്ങളിൽ നിന്ന് മുഖം തിരിക്കുന്ന, ജനകീയ സമരങ്ങളെ അടിച്ചമർത്തുന്ന പൊലീസായിരുന്നു അത്. കാരണം, മുൻസർക്കാരിന്റെ പൊലീസ്നയം അതായിരുന്നു. മുമ്പ് പ്രശ്നം ഉണ്ടാക്കിയിരുന്നത് പൊലീസായിരുന്നെങ്കിൽ ഇന്ന് അവർ സംയമനം പാലിക്കുന്നു. പ്രക്ഷോഭകർ പ്രശ്നമുണ്ടാക്കിയിട്ടും പ്രകോപിപ്പിച്ചിട്ടും പൊലീസ് സംയമനം പാലിക്കുകയാണ്. ക്രമസമാധാന പാലനരംഗത്ത് ഇതൊരു പുതിയ ചുവടുവയ്പ്പാണ്.

ഇന്ത്യയിൽ പൊലീസിന് കൊളോണിയൽ പൊലീസിന്റെ പൊതുസ്വഭാവമുണ്ട്. ഇതിന്റെ അവശേഷിപ്പ് കേരള പൊലീസിലും നിലനിൽക്കുന്നു. ഇത് മാറ്റാനുള്ള ശ്രമമാണ് ഇടതുപക്ഷസർക്കാരുകൾ എക്കാലത്തും നടത്തിയിട്ടുള്ളത്. ഇപ്പോൾ കൂടുതൽ സജീവമായി നടപ്പാക്കാൻ ശ്രമിക്കുന്നതും അതുതന്നെയാണ്.

*പൊലീസിന് മാറ്റമുണ്ടായെന്ന് താങ്കൾ പറയുന്നു. ഒരു സാധാരണ പൗരന് എങ്ങനെയാണ് ഈ മാറ്റം അനുഭവപ്പെടുക?*

ഒരു പൗരന് പൊലീസ് സ്റ്റേഷനുകളിലെ മാറ്റം അനുഭവപ്പെടുന്നതിനെപ്പറ്റി പൗരൻ തന്നെയാണ് വിലയിരുത്തേണ്ടത്. എങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നു പറയുമ്പോൾ, സാധാരണക്കാർക്ക് പൊലീസ് സ്റ്റേഷനിൽ കയറാനുള്ള ഭയം മാറ്റുന്നതിനാണ് മുൻഗണന നൽകിയത്. പൊതുജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാൻ റിസപ്ഷൻ കൗണ്ടറുകൾ ഏർപ്പെടുത്തിയത് ചെറിയ കാര്യമല്ല. പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിൽ പോലും ഇങ്ങനെ ഒരു സംവിധാനം ഇല്ലെന്നിരിക്കെയാണ് പൊലീസ് സ്റ്റേഷനുകളിൽ ഒരു അതിഥിയെ എന്നപോലെ പരാതിക്കാരനെ ആദരവോടെ സ്വീകരിക്കുന്ന റിസപ്ഷൻ കൗണ്ടറുകൾ തുറന്നിരിക്കുന്നത്. ഇതൊരു വലിയ സംഭവമാണ്.

സേവന-വേതന പരിഷ്കാരങ്ങൾ പൊലീസുകാരുടെ നിലയും വിലയും ഉയർത്തുന്നതിനും അവരെ സംതൃപ്തരാക്കി മാറ്റുന്നതിനും സഹായിച്ചിട്ടുണ്ട്. പൊലീസിനെ സാമൂഹിക പ്രതിബദ്ധതയുള്ള മാതൃകാസേനയാക്കി മാറ്റിയതാണ് ഈ സർക്കാരിന്റെ ഒരു പ്രധാന നേട്ടം. മിഠായിത്തെരുവു കത്തിയപ്പോൾ പതിവുപോലെ കൊള്ളയോ കവർച്ചയോ അനുവദിക്കാതെയും പരാതിക്ക് ഇട നൽകാതെയും സമയോചിതമായി ഇടപെട്ടത് പൊലീസിന്റെ പുതിയ മുഖമാണ് കാണിക്കുന്നത്. കുത്തഴിഞ്ഞ സംവിധാനത്തിൽ നിന്ന് കഴിഞ്ഞ ഒരു വർഷം കൊണ്ട് പരമാവധി നല്ല പൊലീസിനെയാണ് ഇടതുപക്ഷ സർക്കാർ സൃഷ്ടിച്ചിരിക്കുന്നത്.

*വരുംവർഷം ആഭ്യന്തരവകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്?*

ഇപ്പോൾ തുടങ്ങിവച്ച നടപടികൾ തുടരും. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി അതിർത്തികളിൽ കമ്മ്യൂണിറ്റി പൊലീസിങ് നടപ്പാക്കും. പൊലീസുകാർക്ക് കൂടുതൽ വിദഗ്ദ്ധ പരിശീലനം നൽകും. പൊലീസിന്റെ ആധുനികവത്കരണ പ്രക്രിയ ത്വരിതപ്പെടുത്തും. ■



ഡോ.അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്



# പൊലീസും

കേരളം രൂപീകൃതമാകുമ്പോൾ മൂന്ന് പൊലീസ് ട്രെയിനിങ് സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. തിരുവനന്തപുരത്തും തൃശൂരിലുമുണ്ടായിരുന്ന റിക്രൂട്ട്സ് സ്കൂളുകളും പാണ്ടിക്കാട്ടെ എം.എസ്. പി ട്രെയിനിങ് സെന്ററും. 1959-ൽ തൈക്കാട് പുതിയൊരു പൊലീസ് ട്രെയിനിങ് കോളേജ് സ്ഥാപിച്ചു. എസ്.ഐമാരുടെ ട്രെയിനിങ് വെല്ലൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് മാറ്റി. തുടർന്നാണ് ക്ലാരീക്യാമ്പിൽ എ ആർ ട്രെയിനിങ് കേന്ദ്രം സ്ഥാപിച്ചത്. അങ്ങനെ ആദ്യകാലത്ത് കേരള പൊലീസിന് അഞ്ച് പൊലീസ് ട്രെയിനിങ് സ്ഥാപനങ്ങൾ ഉണ്ടായി. 1982-ടെ റിക്രൂട്ട്മെന്റ് പി.എസ്.സിക്ക് കൈമാറി. ആദ്യ റിക്രൂട്ട്മെന്റിൽ ഏഴായിരത്തോളം പേരുടെ ട്രെയിനിങ് ഏറ്റെടുക്കേണ്ട ചുമതല കേരള പൊലീസിനു കൈവന്നു. അതിനായാണ് 1985-ൽ ആംഡ് പൊലീസ് ട്രെയിനിങ് സെന്റർ (APTC) രാമവർമ്മപുരത്ത് സ്ഥാപിച്ചത്. പക്ഷേ തുടർന്നുള്ള 10 വർഷങ്ങൾ പൊലീസ് ട്രെയിനിങ് സ്ഥാപനങ്ങളുടെ ഒന്നൊന്നായ നാശത്തിനാണ് വഴിവച്ചത്. പിന്നീട് തിരുവനന്തപുരം റിക്രൂട്ട് സ്കൂൾ പൊലീസ് ട്രെയിനിങ് കോളേജിലും തൃശ്ശൂർ റിക്രൂട്ട് സ്കൂൾ എ.പി.ടി.സിയിലും ലയിപ്പിച്ചു.

1986ൽ റിക്രൂട്ട്മെന്റ് എ.പി ബറ്റാലിയനിലൂടെ മാത്രമാക്കാൻ സർക്കാർ തീരുമാനമെടുത്തു. അതെത്തുടർന്ന് എ.ആർ ട്രെയിനിങ് സെന്റർ ക്ളാരി ആംഡ് പെലീസ് ട്രെയിനിങ് സെന്ററിലും പാണ്ടിക്കാട്ടെ ട്രെയിനിങ് സെന്റർ എം.എസ്.പിയിലും ലയിപ്പിച്ചു. 1990-ൽ എ.പി.ടി.സി കെ എ പി 5-ാം ബറ്റാലിയനായി രൂപാന്തരപ്പെടുത്തി. ഇതോടെ കേരളത്തിൽ ആകെ പൊലീസ് ട്രെയിനിങ് കോളേജ് എന്ന ഒരേയൊരു സ്ഥാപനം മാത്രമായി ചുരുങ്ങി. സ്വാഭാവികമായും വിപുലമാവുന്ന പൊലീസ് സേനയുടെ മൊത്തം പരിശീലനത്തിന് ഈ സ്ഥാപനം മതിയാവില്ലല്ലോ.

ഈ സ്ഥിതി മാറ്റുന്നതിനായി 1994-ൽ ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി പൊലീസ് അക്കാദമിയുടെ സ്ഥാപനത്തിന് വേണ്ടിയുള്ള നിർദേശ

സമൂഹനന്മയ്ക്ക് ഉതകുന്ന സേനയെ വാർത്തെടുക്കുന്നതിനുള്ള പരിശീലനമാണ് നമ്മുടെ പൊലീസിന് നൽകുന്നത്.



# പരിശീലനവും

ഴാണ് ഇത് ലഭിക്കുന്നത്.

പൊലീസ് ട്രെയിനിങ് കോളേജിൽ 2006 വരെ 2,351,888 പരിശീലന മനുഷ്യ ദിനങ്ങൾ ഉണ്ടായിട്ടുണ്ട്.1981 ലാണ് ഏറ്റവും കൂടുതൽ പരിശീലന മനുഷ്യദിനങ്ങൾ ഉണ്ടായത്-256,194. ഏറ്റവും കുറവ് 1999ലും-1473.

കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് 19,366 പേർ അക്കാദമിയിൽ ട്രെയിനിങ് കഴിഞ്ഞ് പോയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം മാത്രം 2,369 പേർക്ക് അടിസ്ഥാന പരിശീലനവും 5902 പേർക്ക് ഹ്രസ്വകാല പരിശീലനവും അക്കാദമി നൽകിയിട്ടുണ്ട്.

പൊലീസ് ട്രെയിനിങ്ങിന്റെ സിലബസ് 1973-ൽ ഡിസൈൻ ചെയ്തതായിരുന്നു. പിന്നീട് 1983ലെ സർക്കാർ ഉത്തരവുങ്ങൾ സർക്കാരിന് സമർപ്പിച്ചു. ആ നിർദേശം സർക്കാർ അംഗീകരിച്ച് 1996 ജനുവരി ഒന്നിന് പൊലീസ് അക്കാദമി അനുവദിച്ച് ഉത്തരവായി. തുടർന്ന് 1996 ജനുവരി 27ന് അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണി പൊലീസ് അക്കാദമിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. എങ്കിലും 1999-ലാണ് അക്കാദമിയുടെ പണികൾ ആരംഭിക്കാൻ കഴിഞ്ഞത്. 2001 ഒക്ടോബർ ഒന്നാം തീയതി 436 വനിതാ പൊലീസുകാരുടെ ട്രെയിനിങ്ങോടുകൂടി അക്കാദമി ഭാഗികമായി പ്രവർത്തനം ആരംഭിച്ചു. 2004 മെയ് 29ന് കേരള പൊലീസ് അക്കാദമി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഒരേ സമയം 1850 പേരെ ട്രെയിൻ ചെയ്യാൻ കഴിയുന്ന ഇന്ത്യയിലെ ഏറ്റവും വലിയ പൊലീസ് ട്രെയിനിങ് സ്ഥാപനമായി കേരള പൊലീസ് അക്കാദമി ഇന്നു മാറിയിട്ടുണ്ട്

ഒരു ട്രെയിനിങ് സ്ഥാപനത്തിന്റെ ആകെ ചെയ്യുന്ന ജോലിയെപ്പറ്റി മനസ്സിലാക്കുന്നത് ട്രെയിനിങ് ഡെയ്സ് എന്ന കണക്കിലൂടെയാണ്. ട്രെയിനിങ്ങിൽ പങ്കെടുത്തവരുടെ എണ്ണത്തെ ട്രെയിനിങ് നടന്ന ദിവസങ്ങളുടെ എണ്ണം കൊണ്ട് ഗുണിക്കുമ്പോ

പട്ടിക 1

| വിഷയം | പീരിഡ് |
|---|---|
| പൊതുജനങ്ങളോടുള്ള പെരുമാറ്റം | 50 |
| നല്ല പെരുമാറ്റ രീതി | 10 |
| പിരിമുറുക്കം-മാനസികം | 10 |
| ക്രമസമാധാന പരിപാലനം | 40 |
| ഗതാഗത ജോലികളും അതിന്റെ സംരക്ഷണവും | 10 |
| ശാസ്ത്രീയ കുറ്റാന്വേഷണം | 10 |
| വാഹനങ്ങളുടെ സംരക്ഷണം | 10 |
| ഉപകരണങ്ങളുടെ സംരക്ഷണം | 10 |
| തിരിച്ചറിയൽ | 55 |
| ആശയവിനിമയം | 40 |
| കംപ്യൂട്ടർ | 55 |
| വയർലസ്, ഫാക്സ്, ടെലിഫോൺ എന്നിവയുടെ ഉപയോഗം | 15 |
| അപകടകരവും മാരകവുമായ വസ്തുക്കളുടെ കൈകാര്യം | 10 |
| സൈക്ലിങ് | 10 |
| ഡ്രൈവിങ് | 60 |
| ട്രാഫിക് | 10 |
| സ്വിമ്മിങ് | 30 |



കേരള പൊലീസ് അക്കാദമി മന്ദിരം

പ്രകാരം (ജി.ഒ. 125/83) എ.പി ബറ്റാലിയൻ ട്രെയിനിങ് സിലബസ് നിലവിൽ വന്നു. ലോക്കൽ പൊലീസ്, എ.ആർ പൊലീസ് റിക്രൂട്ട്മെന്റുകൾ ഇല്ലാതാക്കിയപ്പോൾ ആ സിലബസുകൾ നടപ്പിലാകാതെ പോയി. അതുകൊണ്ടു തന്നെ ഒരു പൊലീസുകാരൻ അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും പൊലീസ് സിലബസിൽ ഉണ്ടായിരുന്നില്ല. 420 പിരീഡ് ക്ലാസ്മുറിക്കുള്ളിലും, 1375 പിരീഡ് പുറത്തുമുള്ള ട്രെയിനിങ് സിലബസാണ് നിലവിൽ ഉണ്ടായിരുന്നത്. ഇത് പരിഹരിച്ച് പുതിയ സിലബസ് (ജി.ഒ. 192/2004 19.5.2004) 2004ൽ പുതിയ സർക്കാർ ഉത്തരവനുസരിച്ച് നിലവിൽ വന്നിട്ടുണ്ട്. ഇതനുസരിച്ച് കംപ്യൂട്ടറും ഡ്രൈവിങ്ങും സ്വിമ്മിങ്ങും ഉൾപ്പെടെ 435 പീരീഡുകൾ പുതുതായി ചേർക്കുകയുണ്ടായി. ആ പീരീഡുകൾ പട്ടിക ഒന്നിൽ കൊടുക്കുന്നു.

ഇപ്പോൾ പതിനായിരത്തിലേറെ പരിശീലകർ കംപ്യൂട്ടറും ഡ്രൈവിങ്ങും സ്വിമ്മിങ്ങും പഠിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത് വലിയ ഒരു നേട്ടമാണ്. പൊലീസ് അസോസിയേഷന്റെ അഭ്യർത്ഥന പ്രകാരം ആഭ്യന്തരമന്ത്രി കേരളത്തിലെ എല്ലാ പൊലീസ് സ്റ്റേഷനുകളിൽനിന്നും ഓരോ പൊലീസുകാരനെ പുതിയ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി അക്കാദമിയിൽ വിളിച്ചു വരുത്തി കോഴ്സ് നടത്തുകയാണിപ്പോൾ. എ.എസ്.ഐമാർക്കും എച്ച്.സിമാർക്കും കംപ്യൂട്ടർ, ഡ്രൈവിങ്, സ്വിമ്മിങ് ഇവ പഠിപ്പിക്കുന്ന കോഴ്സുകൾ നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അതും ആരംഭിച്ചു കഴിഞ്ഞു. 5 വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ പൊലീസ് സേനാംഗങ്ങൾക്കും ഈ പരിശീലനം ലഭ്യമാക്കാനാണ് പദ്ധതി.

കഴിഞ്ഞ ഒരു വർഷം ട്രെയിനിങ് രംഗത്ത് വളരെ വലിയ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

1. ഒരു കോടി രൂപ ചെലവിൽ ഓഡിറ്റോറിയത്തിന്റെ നിർമാണം പുരോഗമിക്കുന്നു.
2. ഒരു കോടി രൂപ ചെലവിൽ ഇൻഡോർ ട്രെയിനിങ് കോംപ്ലക്സിന്റെ ശിലാസ്ഥാപനവും നടന്നുകഴിഞ്ഞു.
3. അക്വാട്ടിക് ട്രെയിനിങ് കോംപ്ലക്സിനു തറക്കല്ലിട്ടു.
4. പണിപൂർത്തിയായ ഡോഗ് ട്രെയിനിങ് സ്കൂൾ ഉദ്ഘാടനത്തിന് സജ്ജമായി.
5. മാതൃകാ പൊലീസ് സ്റ്റേഷൻ ഉദ്ഘാടനസജ്ജമായി.
6. 50 കംപ്യൂട്ടറുകളോട് കൂടിയ രണ്ടാമത്തെ കംപ്യൂട്ടർ ലാബ് പ്രവർത്തനം ആരംഭിച്ചു.
7. മൂന്ന് ഏക്കറോളം വരുന്ന മൂന്ന് ഗ്രൗണ്ടുകൾ നിർമിച്ചു.
8. 48 ലക്ഷം ചെലവിൽ 20 റൗണ്ട് ക്വാർട്ടേർസിന്റെ അറ്റകുറ്റപ്പണികൾ നടത്തി.
9. 58 ലക്ഷം ചെലവിൽ ബാരക്കുകളെല്ലാം പണിപൂർത്തിയാക്കി.

അക്കാദമിയിൽ ഇപ്പോൾ ഒരേ സമയം നടക്കുന്ന ട്രെയിനിങ്ങുകളുടെ വിവരം പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

കേരള പൊലീസിന്റെ ദൗത്യപ്രഖ്യാപനം പറയുന്നത് പോലെ പ്രവർത്തിക്കുന്ന ഒരു പൊലീസ് സേന ഉണ്ടാകണമെങ്കിൽ അത് തീവ്രപരിശ്രമത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ. ഒരു ആണ്ടിൽ ഇതിനായി 1800– ഓളം പൊലീസ് കോൺസ്റ്റബിൾമാർക്കും, 150 ഓളം എസ്ഐ മാർക്കും ഒൻപത് മാസത്തെയും ഒരു വർഷത്തെയും അടിസ്ഥാന ട്രെയിനിങ് നൽകേണ്ടതുണ്ട്. ഇത് കൂടാതെ ഗോറെ കമ്മിറ്റിയുടെ നിർദേശപ്രകാരം അഞ്ച് വർഷത്തിലൊരിക്കൽ എല്ലാ പൊലീസ് ഉദ്യോഗസ്ഥൻമാർക്കും ഒരു ആഴ്ചത്തെ റിഫ്രഷർ കോഴ്സും നൽകണം. ഇതിന് 10,000 ഓളം പേരെ ഒരാണ്ടിൽ ട്രെയിനിങ് നടത്തേണ്ടതായിട്ടുണ്ട്. ഈ രീതിയിൽ ട്രെയിനിങ് നടത്തുന്നതിന് ഇന്നത്തെ ട്രെയിനിങ് ഡിപ്പാർട്ട്മെന്റിൽ അടിസ്ഥാന സൗകര്യങ്ങൾ മതിയാകില്ല. പരിശീലന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഇതിനുള്ള നടപടി. സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്ന ഒരു പൊലീസ് സേനയെ വാർത്ത് എടുക്കുന്നതിന് സുസജ്ജമായ ഒരു പൊലീസ് ട്രെയിനിങ് വ്യവസ്ഥയിലേക്ക് സമീപഭാവിയിൽ തന്നെ മുന്നേറാൻ നമുക്ക് കഴിയുമെന്നാണ് പ്രതീക്ഷ. ■

*പരിശീലനവിഭാഗം ഐജിയും തൃശൂരിലെ കേരള പൊലീസ് അക്കാദമി ഡയറക്ടറുമാണ് ലേഖകൻ*

**ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്ന ഒരു പൊലീസ് സേനയെ വാർത്ത് എടുക്കുകയാണ് ലക്ഷ്യം**

പട്ടിക 2

| Training | No: of Trainees |
|---|---|
| S.S.B-Short Hand Reporters | 2 |
| 9th Batch Rt. Driver PCs | 10 |
| 10th Batch Rt.Driver PCs | 27 |
| 1 year basic training to SI (G.E) Cadets | 214 |
| 9 months basic Training to RSI (DAR) Cadets | 42 |
| 6 months basic Training to MTSI Cadets | 3 |
| 9th batch Rt.WPCs (A Batch)-Kannur, Thrissur & Ernakulam Ranges | 171 |
| 9th batch Rt.WPCs (B Batch)-Thiruvananthapuram Range | 102 |
| 2nd batch Tele Communication PCs-9months basic training | 109 |
| 9 months basic training to Forest Guards-Kerala Piravi Batch | 227 |
| 4th batch of Exice Guards-90 Working days basic training | 250 |
| 1st batch Exice Preventive Officers-90 Working days basic training | 50 |
| 3rd batch of 45 Working days Capsule Course for Local PCs | 271 |
| 15 days Physical Training to Exice Officers (6th Batch) | 29 |
| TOTAL | 1507 |

ഡോ.ബി. സന്ധ്യ ഐ.പി.എസ്.

# കരുത്തേകാൻ സ്ത്രീശക്തി

സ്ത്രീകളുടെ കണ്ണീരൊപ്പാനും സമൂഹത്തിൽ അവരുടെ അന്തസ്സ് ഉയർത്താനും നീതി ലഭ്യമാക്കാനും പൊലീസിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഏറെ സഹായകമാകും.





ഇന്ത്യയിൽ ആദ്യമായി വനിതാ പൊലീസിനെ നിയമിച്ച സംസ്ഥാനം തിരുവിതാംകൂർ ആണ്. 1939ലാണ് ഒരു ഹെഡ് കോൺസ്റ്റബിളും 12 വനിതാ പൊലീസുകാരുമടങ്ങിയ വനിതാ പൊലീസിനെ തിരുവനന്തപുരത്തു നിയമിക്കുന്നത്. പാവാടയും കീഴ്കാലുറയുമായിരുന്നു തോക്കേന്തിയിരുന്ന ഇവരുടെ വേഷം. വിശിഷ്ടാതിഥികളായ സ്ത്രീകൾക്ക് അകമ്പടി സേവിക്കുകയും സംരക്ഷണം നൽകുകയും ചെയ്യുക, സ്ത്രീ തടവുകാരുടെ ദേഹപരിശോധന നടത്തുക എന്നീ ചുമതലകൾക്കായിരുന്നു ഇവരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നത്. പിന്നീട് ഇവരുടെ എണ്ണം വർദ്ധിപ്പിച്ചതോടെ സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണം എന്ന ചുമതല കൂടി ഇവർക്കു നൽകി. പ്രഥമ ശുശ്രൂഷയിലും മറ്റും പരിശീലനം നൽകി അവരെ കൂടുതൽ സേവന സന്നദ്ധരാക്കി. പിന്നീട് വനിതാ പൊലീസിന്റെ വേഷം കാക്കി നിറമുള്ള സാരിയും ബ്ലൗസും ഗാന്ധിത്തൊപ്പിയുമായി. ഇന്ന് കാക്കി പാന്റ്സും ഷർട്ടും പുരുഷ പൊലീസിന്റേതു പോലെയുള്ള തൊപ്പിയുമാണ് വനിതാ പൊലീസുകാരുടെ യൂണിഫോം.

1973ൽ ഇന്ത്യയിലെ ആദ്യത്തെ വനിതാ പൊലീസ് സ്റ്റേഷൻ കോഴിക്കോട് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്തു. ഇന്നു കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും വനിതാ പൊലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നു. സ്ത്രീകൾക്കെതിരെ സ്ത്രീകൾ നടത്തുന്ന കുറ്റകൃത്യങ്ങൾ മാത്രമാണ് ഈ പൊലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്നത്. കൂടാതെ സ്ത്രീകൾ നൽകുന്ന പരാതികളും അന്വേഷിക്കുന്നു. സ്ത്രീകൾ നൽകുന്ന പരാതികൾ അന്വേഷിക്കുന്നതിനായി വനിതാ സെല്ലുകളും ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നു. വനിതാ സെല്ലുകളുടെ ചുമതല വനിതാ സർക്കിൾ ഇൻസ്പെക്ടർമാർ നിർവഹിക്കുന്നു.

സ്ത്രീകൾക്ക് നിർഭയമായി പൊലീസ് സ്റ്റേഷനുകളിൽ പോയി അവരുടെ പരാതികൾ നൽകാൻ കഴിയേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതു പോലെ ഏതൊരു വകുപ്പിലും സഹകരണ മനോഭാവത്തോടെ ജീവനക്കാർ ജോലി ചെയ്യുന്നതിന് സ്ത്രീകളുടെ ശരിയായ പ്രാതിനിധ്യം സഹായിക്കുന്നു എന്നതും ഇന്ന് എല്ലാവർക്കും അറിവുള്ള കാര്യമാണ്. അതുകൊണ്ട് തന്നെ സ്ത്രീകളുടെ പ്രാതിനിധ്യം പടിപടിയായി ഉയർത്തിക്കൊണ്ടുവരാൻ ലോകത്തുള്ള എല്ലാ പൊലീസ് സേനകളും ഇന്നു ശ്രമിച്ചു വരികയാണ്. മഹാരാഷ്ട്ര പോലെയുള്ള സംസ്ഥാനങ്ങൾ ഇതിനുള്ള ശ്രമം എൺപതുകളുടെ അവസാനത്തോടെ തന്നെ തുടങ്ങി. ഇന്നു പല സംസ്ഥാനങ്ങളിലും 35 % സംവരണം സ്ത്രീകൾക്കായി പൊലീസ് സേനകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ഇത് ലോക്കൽ പൊലീസ് സേനാബലത്തിന്റെ 10% ആക്കിക്കൊണ്ടുള്ള ഉത്തരവ് 1996ൽ പുറപ്പെടുവിച്ചു. ഇതിന്റെ ഫലമായി വനിതാ പൊലീസിന്റെ അംഗസംഖ്യ 2432 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ സംവരണം ഓഫീസർ ജോലികളിൽ നിലവിലില്ല. ഒരു പൊലീസ് സൂപ്രണ്ട്, ഒരു ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്, 21 സർക്കിൾ ഇൻസ്പെക്ടർമാർ, 74



**രാജഭരണ കാലത്തെ പൊലീസിൽ നിന്ന് ഗാന്ധിത്തൊപ്പിയും പാന്റ്സും ധരിച്ചതു വരെ വനിതാ പൊലീസിന്റെ വേഷവിധാനങ്ങളുടെ പടിപടിയായുള്ള പരിണാമം**

> എല്ലാ പൊലീസ് സ്റ്റേഷനുകളിലും വനിതാ പൊലീസുകാരുടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനിതാ പൊലീസുകാരെ നേരിട്ട് പൊലീസ് സ്റ്റേഷനുകളിലേക്കാണ് നിയമിക്കുന്നത്

എസ്.ഐമാർ എന്നിങ്ങനെയാണ് വനിതാ ഓഫീസർമാരുടെ സംഖ്യാബലം. കേരള കേഡറിൽ ആദ്യമായി ഒരു സ്ത്രീ, ഐ.പി.എസ് കേഡറിൽ നിയമിതയായത് 1987 ലാണ്. ആർ.ശ്രീലേഖയാണ് ആ വനിത.

എല്ലാ പൊലീസ് സ്റ്റേഷനുകളിലും തന്നെ വനിതാ പൊലീസുകാരുടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനിതാ പൊലീസുകാരെ നേരിട്ട് പൊലീസ് സ്റ്റേഷനുകളിലേക്കാണ് നിയമിക്കുന്നത്. ഇതുമൂലം പൊലീസ് സ്റ്റേഷനുകൾക്ക് സേവന സന്നദ്ധതയുടെ പുതിയ മുഖം നൽകാൻ സാധിച്ചിട്ടുണ്ട്. പൊലീസ് സ്റ്റേഷനുകളിൽ വരുന്ന സ്ത്രീകൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നതിനായി വനിതാ പൊലീസുകാർ കൈകാര്യം ചെയ്യുന്ന വനിതാ ഡസ്ക് ഇന്നു മിക്ക പൊലീസ് സ്റ്റേഷനുകളിലും നിലവിൽ വന്നുകഴിഞ്ഞു.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും സ്ത്രീകൾക്കും കുടുംബാംഗങ്ങൾക്കും വേണ്ട കൗൺസലിങ്ങും മറ്റും നൽകുന്നതിനും പ്രത്യേക സംവിധാനങ്ങൾ ആവശ്യമുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ കൺട്രോൾ റൂം ഈ ഉദ്ദേശ്യത്തോടെ തൃശൂർ റേഞ്ചിലെ മൂന്നുജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ഈ കൺട്രോൾ റൂമുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ ഫോൺ, (ഫോൺ നമ്പർ തൃശൂർ - 0487-2428855,പാലക്കാട് - 049-3251111, മലപ്പുറം - 0483-2734992) വാഹന സൗകര്യം ഇവ ലഭ്യമാണ്. വനിതാ പൊലീസ് മാത്രമാണ് വനിതാ കൺട്രോൾ റൂമുകളിൽ ജോലി ചെയ്യുന്നത്.

പൊലീസിന്റെ പ്രതിച്ഛായ നന്നാക്കാനും മെച്ചപ്പെട്ട സേവനം ജനങ്ങൾക്കു ലഭ്യമാക്കാനും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരടങ്ങിയ വനിതാ പൊലീസ് വളരെയേറെ സഹായകമാകുന്നുണ്ട്. വട്ടിയൂർക്കാവ് പൊലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന വനിത പൊലീസുകാരി ഡോ.അനിത, പി.എച്ച്ഡി നേടിയ വ്യക്തിയാണ്.

സ്ത്രീകളുടെ കണ്ണീരൊപ്പാനും സമൂഹത്തിൽ സ്ത്രീകളുടെ അന്തസ്സ് ഉയർത്താനും നീതി ലഭ്യമാക്കാനും പൊലീസിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഏറെ സഹായകമാകും. ക്രമസമാധാന രംഗത്ത് ഓഫീസർ റാങ്കിലുൾപ്പടെ സ്ത്രീകൾക്കു വഴിതുറന്നുകൊടുക്കാൻ ഇനിയും വൈകുകയില്ല എന്നു നമുക്കു പ്രത്യാശിക്കാം. ■

*കേരള ആംഡ് പോലീസ് ബറ്റാലിയൻ ഐ.ജിയാണ് ലേഖിക*

അഡ്വ. എസ്.എസ്. രാജീവ്

# പൊലീസും മനുഷ്യാവകാശസംരക്ഷണവും

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുവാൻ ബാധ്യതയുള്ള വിഭാഗമാണ് പൊലീസ്. എത്രത്തോളം അതു നിർവഹിക്കുന്നുവെന്നത് പൊലീസിന്റെ അടിസ്ഥാന ഘടനയോടൊപ്പം, ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളാണ് തീരുമാനിക്കുന്നത്.

ലോകമെമ്പാടും നടക്കുന്ന ചെറുതും വലുതമായ നിരവധി മനുഷ്യാവകാശ ലംഘനങ്ങളുടെ കൂട്ടത്തിൽ ഭരണകൂടങ്ങൾ അവയുടെ ഉപകരണങ്ങളായ സൈന്യത്തേയും പൊലീസിനെയും ഉപയോഗിച്ചു നടത്തുന്ന മനുഷ്യാവകാശലംഘനങ്ങളുടെ സ്ഥാനം ഒട്ടും ചെറുതല്ല. ജനാധിപത്യവിരുദ്ധതയും സാമ്രാജ്യത്വ താത്പര്യങ്ങളും ശീലമാക്കിയ ഭരണകൂടങ്ങൾക്കാകട്ടെ ഇക്കാര്യത്തിൽ കുപ്രസിദ്ധിയുമുണ്ടെന്ന് വിയറ്റ്നാമും ലാറ്റിനമേരിക്കയും മുതൽ അഫ്ഗാനിസ്ഥാനും ഇറാക്കും വരെ നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് മനുഷ്യാവകാശ സംരക്ഷണത്തെക്കുറിച്ചുള്ള ചിന്തകൾ പ്രസക്തമാവുന്നത്.

സാമൂഹികവൈരുദ്ധ്യങ്ങളെ വർദ്ധിപ്പിക്കുന്നതിൽ ഭരണകൂടവും പലപ്പോഴും പങ്കുവഹിക്കാറുണ്ട്. മാനവികമെന്ന് പൊതുവിൽ വ്യവഹരിക്കപ്പെടുന്ന മൂല്യങ്ങൾ പൊതുവെ ഭരണയന്ത്രത്തിന്റെ പ്രവർത്തനത്തെ സ്വാധീനിക്കുകയോ, അതിന്റെ പ്രജ്ഞയെ ഉണർത്തുകയോ അലട്ടുകയോ ചെയ്യുന്നില്ല. ഫലത്തിൽ ജനാധിപത്യ പൗരാവകാശങ്ങൾ സംരക്ഷിക്കുവാൻ ബാദ്ധ്യസ്ഥവും കർത്തവ്യ ബദ്ധവുമായ ഭരണകൂടം തന്നെ അവ ജനസാമാന്യങ്ങളിൽ നിന്ന് നേരിട്ട് കവർന്നെടുക്കുകയോ കവർന്നെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് കാവൽ നിൽക്കുകയോ അത്തരം പ്രവൃത്തികളോട് പ്രതികരിക്കാതിരിക്കുകയോ ചെയ്യുന്നുവെന്നതാണ് യാഥാർത്ഥ്യം. എന്നാൽ സമൂഹത്തിലുണ്ടാകുന്ന സംഘർഷങ്ങളും രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളുടെ സമ്മർദവും ജനങ്ങളോട് പ്രതിബദ്ധതയുള്ള സർക്കാരുകളുടെ സാന്നിദ്ധ്യവും പലപ്പോഴും ഈ സ്ഥിതിയിൽ നിന്നുള്ള മാറ്റം ആവശ്യപ്പെടുകയും മനുഷ്യാവകാശ സംരക്ഷണത്തിനുള്ള ഇടപെടലുകൾ ഉണ്ടാകുകയും ചെയ്യുന്നു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ കെടുതികൾക്കിരയായ കോടിക്കണക്കായ മനുഷ്യരുടെ ദുരവസ്ഥയാണ് 1948-ൽ സാർവലൗകിക മനുഷ്യാവകാശ പ്രഖ്യാപനത്തിനായി ഐക്യരാഷ്ട്ര സംഘടനയെ പ്രേരിപ്പിച്ചത്. ഇതിന്റെ സാരാംശങ്ങൾ ഉൾക്കൊള്ളിച്ചതായിരുന്നു നമ്മുടെ ഭരണഘടന. കേവലം സ്വാതന്ത്ര്യലബ്ധിയെന്ന ലക്ഷ്യത്തിനപ്പുറം മനുഷ്യാവകാശപ്രേക്ഷ്യവും ഉൾക്കൊള്ളിച്ച ഒരു ദേശീയസ്വാതന്ത്ര്യ സമരത്തിന്റെ പരിണതിയായ ഇന്ത്യയുടെ ഭരണഘടനയിൽ മൂന്നാം ഭാഗത്തിൽ ഉൾക്കൊള്ളിച്ച മൗലികാവകാശങ്ങൾ അന്തർദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ സാരാംശം പൂർണമായും ഉൾക്കൊണ്ടത് സ്വാഭാവികം മാത്രമായിരുന്നു.

സമത്വം, ലിംഗം, മതം, ജാതി, ജനനസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനരാഹിത്യം, വ്യക്തിയുടെ ജീവന്റെ സുരക്ഷിതത്വം, വ്യക്തിസ്വാതന്ത്ര്യം, അഭിപ്രായപ്രകടനസ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, ഇഷ്ടമുള്ള തൊഴിലെടുക്കാനുള്ള സ്വാതന്ത്ര്യം, ഇരട്ടി ദണ്ഡത്തിന് വിധേയമാകാതിരിക്കാനുള്ള അവകാശം, നിർബന്ധിത അദ്ധ്വാനം, ഭിക്ഷാടനം എന്നിവയ്ക്ക് ഇരയാകാതിരിക്കാനുള്ള





# ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ

സുപ്രീം കോടതി 1997-ൽ അറസ്റ്റ് സംബന്ധമായി ഇന്ത്യയിലെവിടെയും പൊലീസ് നിർബന്ധമായും പാലിക്കേണ്ട നടപടിക്രമങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

ഒരാളെ അറസ്റ്റ് ചെയ്യുകയോ, ചോദ്യം ചെയ്യുകയോ ചെയ്യുന്ന പൊലീസ് ഉദ്യോഗസ്ഥൻ തന്റെ അധികാരസ്ഥാനവും പേരും ഒക്കെ വ്യക്തമാക്കുന്ന സൂചകങ്ങൾ ധരിച്ചിരിക്കണം. അപ്രകാരം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ കൊള്ളിച്ചിരിക്കണം. അറസ്റ്റ് ചെയ്യുന്ന സ്ഥലത്ത് വച്ച് അറസ്റ്റിന്റെ സമയം, തീയതി എന്നിവയോടെ അറസ്റ്റ് മെമ്മോ തയ്യാറാക്കണം. അയാളുടെ കുടുംബാംഗമോ സ്ഥലത്തെ ആദരണീയനായ വ്യക്തിയോ അതിന് സാക്ഷിയായിരിക്കണം. അറസ്റ്റ് ചെയ്യപ്പെടുകയോ തടങ്കലിൽ വയ്ക്കപ്പെടുകയോ ചെയ്യുന്ന ഒരാൾക്ക് ഏറ്റവും അടുത്ത് സുഹൃത്തിനെയോ ബന്ധുവിനെയോ അയാളുടെ ക്ഷേമത്തിൽ തത്പരനായ ഒരു വ്യക്തിയെയോ അറസ്റ്റ് വിവരം അറിയിക്കുവാനുള്ള അവകാശമുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട ആളിൽ താത്പര്യമുള്ളയാൾ ജില്ലയ്ക്ക് പുറത്ത് താമസിക്കുന്ന വ്യക്തിയാണെങ്കിൽ ജില്ലയിലെ നിയമസഹായസംഘത്തെയും ബന്ധപ്പെട്ട പൊലീസ് സ്റ്റേഷനിലേക്ക് ടെലിഗ്രാഫ് മുഖേനയും കഴിയുന്നത്ര വേഗത്തിൽ 8 മുതൽ 12 മണിക്കൂറുകൾക്കകം അറിയിക്കണം. ഇപ്രകാരം സ്വന്തം അറസ്റ്റ് വിവരം തനിക്ക് വേണ്ടപ്പെട്ട ആരെയെങ്കിലും അറിയിക്കുവാനുള്ള അവകാശമുണ്ടെന്ന് അയാളെത്തന്നെ പൊലീസ് ധരിപ്പിക്കേണ്ടതാണ്. അറസ്റ്റിന് വിധേയമായ ആളിന്റെ പേരും അറസ്റ്റ് വിവരം അറിയിക്കപ്പെട്ട അയാൾക്ക് വേണ്ടപ്പെട്ട ആളിന്റെ പേരും, അയാളുടെ ചുമതലയുള്ള പൊലീസ് അധികാരികളുടെ പേരുവിവരവും അയാളെ സൂക്ഷിച്ചിരിക്കുന്ന സ്ഥലത്തുള്ള ഡയറിയിൽ രേഖപ്പെടുത്തിയിരിക്കണം. അറസ്റ്റ് ചെയ്യപ്പെട്ടയാൾ നിഷ്കർഷിക്കുകയാണെങ്കിൽ അയാളുടെ ദേഹത്തെ ചെറുതും വലുതുമായ മുറിവുകൾ പരിശോധന മെമ്മോയിൽ രേഖപ്പെടുത്തി അറസ്റ്റ് ചെയ്യപ്പെട്ടയാളിന്റെയും അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥന്റെയും ഒപ്പിട്ട് അറസ്റ്റ് ചെയ്യപ്പെട്ടയാളിന്റെ കൈവശം കൊടുക്കേണ്ടതാണ്. അറസ്റ്റ് ചെയ്യപ്പെട്ട ആളിനെ ബന്ധപ്പെട്ട സർക്കാരിന്റെ ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമിക്കുന്ന ഒരു പറ്റം അംഗീകൃത ഡോക്ടർമാരിൽ ഒരാൾ 48 മണിക്കൂറിലൊരിക്കൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കണം. അറസ്റ്റ് മെമ്മോയുൾപ്പെടെയുള്ള എല്ലാ അറസ്റ്റ് രേഖകളും ബന്ധപ്പെട്ട മജിസ്ട്രേട്ടിനു മുമ്പാകെ നിർബന്ധമായി ഹാജരാക്കണം. ചോദ്യം ചെയ്യലിനിടയിൽ സ്വന്തം അഭിഭാഷകനെ കാണാനുള്ള അനുമതിക്ക് അറസ്റ്റ് ചെയ്യപ്പെടുന്നയാളിന് അവകാശമുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെയും അറസ്റ്റ് ചെയ്ത വ്യക്തിയുടെയും വിവരങ്ങൾ 12 മണിക്കൂറിനുള്ളിൽ പൊലീസ് കൺട്രോൾ റൂമിൽ അറിയിച്ചിരിക്കണം. ആ വിവരം പ്രത്യേകം ബോർഡിൽ പ്രദർശിപ്പിച്ചിരിക്കണം.

അവകാശം മതവിശ്വാസത്തിനും, പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം, സ്വന്തം ഭാഷയും സംസ്ക്കാരവും കാത്തുസൂക്ഷിക്കുവാനുള്ള അവകാശം, തങ്ങൾക്കിഷ്ടപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനുള്ള ന്യൂനപക്ഷങ്ങളുടെ അവകാശം എന്നിങ്ങനെയുള്ള മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെല്ലാം ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ സുവ്യക്തമായി ഉൾപ്പെട്ടിരിക്കുന്നുവെന്ന് മാത്രമല്ല, അവയുടെ ലംഘനത്തിനെതിരെ സുപ്രീം കോടതിയെ സമീപിക്കുവാനുള്ള അവകാശം കൂടി മൗലികാവകാശമാക്കിയിരിക്കുന്നു. എന്നാൽ സാർവലൗകിക മനുഷ്യാവകാശ പ്രഖ്യാപനം ഉറപ്പുനൽകുന്ന തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള അവകാശം, ഇന്ത്യൻ ഭരണഘടനയുടെ നാലാംഭാഗത്തിൽ നിർദേശകതത്ത്വങ്ങളിൽ ഉൾക്കൊള്ളിക്കുവാൻ മാത്രമേ ഭരണഘടനാശില്പികൾ തയ്യാറായിട്ടുള്ളുവെന്നതും ശ്രദ്ധേയമാണ്.

പിൽക്കാലത്ത് ഭേദഗതി ചെയ്യപ്പെട്ട സ്വത്തവകാശമുൾപ്പെടെയുള്ള മൗലികാവകാശ ലംഘനങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്തിരുന്ന ഇന്ത്യയിലെ പരമോന്നത നീതിപീഠം മാർഗനിർദേശകതത്ത്വത്തിലൂന്നിയ അവകാശങ്ങൾക്ക് കാര്യമായ പരിഗണന നൽകുവാൻ താത്പര്യം കാട്ടിയിരുന്നില്ല എന്നത് മാത്രമല്ല, മനുഷ്യാവകാശങ്ങൾ ഉറപ്പുനൽകുന്ന സാമൂഹ്യ-സാമ്പത്തിക പരിഷ്കാരങ്ങളിൽ നിന്ന് പുറം തിരിഞ്ഞു നിൽക്കുന്ന സമീപനമാണ് പുലർത്തി പോന്നിരുന്നത് എന്ന് ശക്തമായ വിമർശനമുണ്ട്. 1951-ലെ മദ്രാസ് സംസ്ഥാനം അഭി: ചെമ്പകം കേസ്, 1962-ലെ ബീഹാർ സംസ്ഥാനം അഭി: കാമേശ്വർ സിങ് കേസ്, 1952-ലെ എ.കെ.ഗോപാലൻ അഭി: ഇന്ത്യൻ യൂണിയൻ കേസ് തുടങ്ങിയ നിരവധി കേസുകൾ ഈ നിലപാടിനുള്ള വ്യക്തമായ തെളിവാണ്.

എന്നാൽ എഴുപതുകളുടെ ഒടുവിൽ ഈ സമീപനത്തിൽ സാരമായ വ്യതിയാനം തന്നെ സംഭവിക്കുകയുണ്ടായി. ഈ പരിവർത്തനത്തിന്റെ സാരഥികളായി വർത്തിച്ചത് ജസ്റ്റിസുമാരായ വി.ആർ. കൃഷ്ണയ്യർ, പി.എൻ. ഭഗവതി, ഒ. ചിന്നപ്പ റെഡ്ഡി, ദരുഭായി ദേശായി തുടങ്ങിയവരാണ്. 1980-ലെ പ്രശസ്തമായ മിനർവാ മിൽസ് കേസിൽ ജസ്റ്റിസ് പി.എൻ. ഭഗവതി "നിർദേശകതത്ത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാമൂഹ്യസാമ്പത്തിക സംവിധാനത്തിന്റെ ചട്ടക്കൂട്ടിനകത്ത് നിന്ന് വേണം നമ്മുടെ മൗലികാവകാശങ്ങൾ പ്രാവർത്തികമാക്കേണ്ട"തെന്ന് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുകയുണ്ടായി.

ഈ ദിശാമാറ്റം പരിസ്ഥിതി സംരക്ഷണം, അഭയാർത്ഥികളുടെ അവകാശങ്ങൾ, തടവുകാരുടെ അവകാശങ്ങൾ, അടിമവേല നിരോധനം തുടങ്ങി വൈവിധ്യമായ കേസുകളിൽ വെളിവാകുകയുണ്ടായി എന്നു മാത്രമല്ല, പൊതുതാത്പര്യ വ്യവഹാരങ്ങളിലൂടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുവാനുള്ള ഒറ്റയ്ക്കും കൂട്ടായുമുള്ള ശ്രമങ്ങളെയും അംഗീകരിച്ചാശീർവദിക്കുന്നതിനും ഇന്ത്യൻ നീതിന്യായ സംവിധാനം തയ്യാറായി.

അതേസമയം ഇതിനെതിരായ സമീപനങ്ങളും കാണപ്പെട്ടു. ആഭ്യന്തര സുരക്ഷിതത്വം ഉറപ്പുചെയ്യുവാനായി ഭാരതസർക്കാർ മുന്നോട്ടുവച്ചതും പ്രത്യക്ഷത്തിൽ തന്നെ മനുഷ്യാവകാശങ്ങളുടെ നിഷേധ സംവിധാനങ്ങളൊരുക്കുന്നതുമായ 'ടാഡാ', 'പോട്ടാ' തുടങ്ങിയ നിയമങ്ങൾ ഭരണഘടനാനുസൃതമാണെന്ന കോടതിവിലയിരുത്തൽ ഉദാഹരണം.

1966-ൽ ഐക്യരാഷ്ട്രസഭയംഗീകരിച്ച് നിലവിൽ വന്ന പൗര-രാഷ്ട്രീയാവകാശങ്ങൾ സംബന്ധിച്ച ഉടമ്പടിയും സാമ്പത്തിക സാമൂഹ്യ-സാംസ്കാരിക അവകാശങ്ങൾ സംബന്ധിച്ച ഉടമ്പടിയും 1980-കളിൽ ശക്തിപ്രാപിച്ച പഞ്ചാബ്, കാശ്മീർ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ വിഘടനവാദ പ്രവണതകളെ സൈനിക, അർദ്ധ സൈനിക വിഭാഗങ്ങളെ ഉപയോഗിച്ച് നിയന്ത്രിച്ചതും അടിച്ചമർത്തിയതുമായ രീതികളുമൊക്കെ അന്താരാഷ്ട്ര രംഗത്ത് ഉയർത്തിയ വിവാദഭൂമികയിലാണ് അന്താരാഷ്ട്രവും, ആഭ്യന്തരവുമായ സമ്മർദത്തെ തുടർന്ന് 1993-ൽ ഒരു മനുഷ്യാവകാശ നിയമത്തിന് ഭാരത സർക്കാർ രൂപം നൽകിയത്.

ഇന്ത്യൻ ഭരണഘടനയും 1966-ലെ മേൽപ്പറഞ്ഞ അന്താരാഷ്ട്ര ഉടമ്പടികളും ഉറപ്പുനൽകുന്നവയും ഇന്ത്യൻ കോടതികളിലൂടെ നടപ്പിലാക്കാവുന്നവയുമായ എല്ലാ അവകാശങ്ങളും മനുഷ്യാവകാശങ്ങളാണെന്ന് പ്രസ്തുത നിയമം നിർവചിച്ചിരിക്കുന്നു. ഫലത്തിൽ മനുഷ്യാവകാശങ്ങ

ൾക്ക് സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-രാഷ്ട്രീയ മാനങ്ങൾ നിയമപരമായ അംഗീകാരമായിരുന്നു.

മനുഷ്യാവകാശ ലംഘനങ്ങൾക്കോ അത്തരം ലംഘനങ്ങൾക്കു പ്രേരകമാകുന്ന കാര്യങ്ങൾക്കോ അത്തരം ലംഘനങ്ങൾ തടയുന്നതിൽ വിവിധ ശ്രേണിയിലുള്ള സർക്കാർ ഉദ്യോഗസ്ഥരും അധികാരികളും പൊതുജനസേവകർ എന്ന നിലയിൽ വരുത്തുന്ന വീഴ്ചകൾക്കോ എതിരായി അവയ്ക്കിരയാകുന്ന വ്യക്തികളോ അവർക്കു വേണ്ടി മറ്റുള്ളവരോ സമർപ്പിക്കുന്ന പരാതികളും സ്വമേധയാ ശ്രദ്ധയിൽ വരുന്ന സംഗതികളും പരിഗണിക്കുന്നതിന് അധികാരമുള്ള മനുഷ്യാവകാശ കമ്മീഷനുകൾ ദേശീയതലത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിക്കുവാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. സുപ്രീം കോടതിയിലെ മുൻ മുഖ്യന്യായാധിപൻ അദ്ധ്യക്ഷനും മുൻ സുപ്രീം കോടതി ജഡ്ജിയും ഏതെങ്കിലും ഹൈക്കോടതി മുൻ മുഖ്യന്യായാധിപനും മനുഷ്യാവകാശ പ്രശ്നങ്ങളിൽ പ്രവീണരായ രണ്ട് വ്യക്തികളും ഉൾപ്പെട്ട ദേശീയകമ്മീഷനും ഹൈക്കോടതി മുഖ്യന്യായാധിപൻ അദ്ധ്യക്ഷനായും മുൻ ഹൈക്കോടതി ജഡ്ജിയും ജില്ലാജഡ്ജിയും മനുഷ്യാവകാശ പ്രശ്നങ്ങളിൽ പ്രവീണരായ രണ്ടംഗങ്ങളുമുള്ള സംസ്ഥാന കമ്മീഷനുമാണ് പ്രസ്തുത നിയമം വിഭാവനം ചെയ്യുന്നത്.

മനുഷ്യാവകാശലംഘനമുൾക്കൊള്ളുന്ന എന്തെങ്കിലും വ്യവഹാരങ്ങൾ ഏതെങ്കിലുംകോടതികളിൽ നിലവിലുണ്ടെങ്കിൽ പ്രസ്തുത വ്യവഹാരങ്ങളിൽ ആ കോടതിയുടെ അനുവാദത്തോടെ ഇടപെടുവാനുള്ള അധികാരവും സർക്കാരിന്റെ തടവറയുൾപ്പടെയുള്ള ഏത് സ്ഥാപനവും

> ഭരണഘടനയും 1966–ലെ അന്താരാഷ്ട്ര ഉടമ്പടികളും ഉറപ്പുനൽകുന്നവയും കോടതികളിലൂടെ നടപ്പിലാക്കാവുന്നവയുമായ എല്ലാ അവകാശങ്ങളും മനുഷ്യാവകാശങ്ങളാണെന്ന് നിയമം നിർവചിച്ചിരിക്കുന്നു.

സന്ദർശിച്ച് അന്തേവാസികളുടെ ജീവിതസാഹചര്യം വിലയിരുത്തുന്നതിനും മാർഗനിർദേശങ്ങൾ നൽകുന്നതിനും ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടതായ മുൻകരുതലുകൾ പുനരവലോകനം ചെയ്യുന്നതിനും ഭീകരപ്രവർത്തനമുൾപ്പെടെ മനുഷ്യാവകാശങ്ങൾ കവർന്നെടുക്കുന്ന ഘടകങ്ങൾ പരിശോധിച്ച് പരിഹാരക്രിയകൾ നിർദേശിക്കുന്നതിനും മനുഷ്യാവകാശ രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഏറ്റെടുക്കുന്നതിനും മനുഷ്യാവകാശ വിദ്യാഭ്യാസം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കുന്നതിനും മനുഷ്യാവകാശ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളെയും സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും ഒക്കെയുള്ള അവകാശ അധികാരങ്ങൾ ഈ നിയമം പ്രസ്തുത കമ്മീഷനുകൾക്ക് കൽപ്പിച്ചു കൊടുത്തിരിക്കുന്നു.

പരാതികൾ സംബന്ധമായി വിചാരണ നടത്തുവാനും സർക്കാരിനോടോ പരാതിയുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പിനോടോ വിശദീകരണം ആവശ്യപ്പെടുവാനും വിചാരണയിൽ മനുഷ്യാവകാശ ലംഘനം നടന്നതായി വെളിപ്പെടുന്ന പക്ഷം അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ യുക്തമായ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോടോ ബന്ധപ്പെട്ട അധികാരിയോടോ നിർദേശിച്ചുത്തരവാകാനും ലംഘനത്തിന് ഇരയായ വ്യക്തികൾക്ക് ഇടക്കാല ആശ്വാസം അനുവദിക്കാനും കമ്മീഷനുകൾക്ക് അധികാരമുണ്ട്.

കമ്മീഷനുകളുടെ നിർദേശം ലഭിക്കുന്ന മുറയ്ക്ക് സർക്കാരോ മറ്റ് അധികാരസ്ഥാപനങ്ങളോ അവയിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധമായി റിപ്പോർട്ടുകളുൾപ്പെടെ അവരുടെ അഭിപ്രായങ്ങൾ സഹിതം കമ്മീഷനുകളെ അറിയിക്കണമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

സൈന്യങ്ങളിലെ അംഗങ്ങളുടെ പ്രവൃത്തികൾ മൂലമുണ്ടാകുന്ന മനുഷ്യാവകാശ ലംഘനം സംബന്ധമായ പരാതികൾ പരിഗണിക്കുവാനും അവയിന്മേൽ കേന്ദ്ര സർക്കാരിന് നിർദേശം നൽകുവാനും ദേശീയ കമ്മീഷന് സവിശേഷ അധികാരമുണ്ട്.

കമ്മീഷനുകൾ എല്ലാവർഷവും അവയുടെ പ്രവർത്തനം സംബന്ധിച്ച് വാർഷിക ലേഖനം തയ്യാറാക്കി ബന്ധപ്പെട്ട സർക്കാരുകൾക്ക് നൽകേണ്ടതാണ്. പ്രസ്തുത ലേഖനങ്ങൾ അവയ്ക്ക് മേൽ സർക്കാർ സ്വീകരിച്ച നടപടികളടക്കം പാർലമെന്റിന്റെയോ നിയമസഭയുടെയോ മുമ്പാകെ വയ്ക്കുവാൻ സർക്കാരുകൾ ബാദ്ധ്യസ്ഥരാണ്.

കമ്മീഷനുകളുടെ സംഘാടനത്തോടൊ



**രക്ഷകനായ പൊലീസ്:** കോഴിക്കോട് നഗരത്തിൽ നിന്ന് ഒരു ദൃശ്യം

പ്പം തന്നെ ഓരോ റവന്യൂ ജില്ലയിലും ഒരു സെഷൻസ് കോടതിയെ മനുഷ്യാവകാശക്കോടതിയായി പ്രഖ്യാപിക്കണമെന്ന് നിയമം നിർദ്ദേശിക്കുന്നുവെങ്കിലും മനുഷ്യാവകാശലംഘനങ്ങൾ സംബന്ധമായ കുറ്റങ്ങൾ, അവയ്ക്കുള്ള ശിക്ഷ എന്നിവ സംബന്ധിച്ച് നിയതമായ വ്യവസ്ഥകളൊന്നും തന്നെ പ്രസ്തുത നിയമത്തിൽ വ്യതിരിക്തമാക്കിയിട്ടില്ലായെന്നതും നാളിതുവരെ പ്രസ്തുത കോടതികൾ രാജ്യത്തിലെവിടെയെങ്കിലും പ്രയോഗത്തിൽ വരുത്തുന്നതിൽ ഒരു സർക്കാരും ശുഷ്കാന്തി പ്രകടിപ്പിച്ചിട്ടില്ലായെന്നതും ഈ രംഗത്തോടുള്ള രാഷ്ട്രത്തിന്റെ ഉദാസീനത തന്നെയാണ് വ്യക്തമാക്കുന്നത്.

മനുഷ്യാവകാശ നിയമവും അതിനടിസ്ഥാനപ്പെടുത്തി രൂപം കൊണ്ട കമ്മീഷനുകളും പ്രാബല്യത്തിലായിട്ട് ഒരു ദശാബ്ദത്തോളം പിന്നിടുമെങ്കിലും മനുഷ്യാവകാശ സംരക്ഷണത്തിന്റെ കാര്യത്തിൽ രാജ്യത്തിൽ പൊതുവിൽ ആശ്വാസ്യമായ സ്ഥിതിയല്ലെന്ന് നിത്യവും നമ്മെ ബോദ്ധ്യപ്പെടുത്തികൊണ്ടിരിക്കുന്നു.

ഭരണകൂടത്തിന്റെ അവയവങ്ങളിൽ പ്രവൃത്തികൊണ്ടും നിഷ്ക്രിയത്വം കൊണ്ടും ഏറ്റവുമധികം വിമർശനത്തിന് ശരവ്യമാകുന്ന ഒന്നാണ് കാവൽസേനകൾ അഥവാ പൊലീസ്. ഇവയുടെ പ്രവൃത്തികൾ മിക്കപ്പോഴും അതിക്രമങ്ങളാവുകയോ, നിഷ്ക്രിയത്വം നീതിനിഷേധത്തിന് അവസരമൊരുക്കുകയോ ചെയ്യുന്നുവെന്നാണ് മുഖ്യകാരണം. ഭരണകൂടത്തിന്റെ നിലനില്പിന് ഏറ്റവും അത്യന്താപേക്ഷിതമാകുന്ന ഈ വിഭാഗത്തിന്റെ വിശ്വാസ്യതയാകട്ടെ, പൊതുജനമദ്ധ്യത്തിൽ ഇടിഞ്ഞു താഴുന്ന സ്ഥിതിയുണ്ട്. അതുകൊണ്ടുതന്നെ പൊലീസ് സേനയുടെ നവീകരണം ഇന്ന് ലോകമെമ്പാടുമുള്ള ഭരണകൂടങ്ങളുടെ മുൻഗണനാപട്ടികയിലാണ്.

കൊളോണിയൽ വാഴ്ചയുടെ പശ്ചാത്തലത്തിൽ രൂപംകൊണ്ട ഇന്ത്യൻ പൊലീസ് സംവിധാനവും ഒറ്റപ്പെട്ട ഒന്നല്ല. ഒരു മർദ്ദക സംവിധാനത്തിന്റെ പരിവേഷത്തിൽ നിന്ന് മോചനം നേടി ഒരു സംരക്ഷക സംവിധാനത്തിന്റെ പ്രതിച്ഛായയിലേക്കുള്ള പരിവർത്തനത്തിനു കേരളപൊലീസിൽ നടക്കുന്ന ശ്രമങ്ങൾ പൂർണതയിലെത്തേണ്ടതുണ്ട്.

അടിയന്തിരാവസ്ഥക്കാലത്തെ രാജൻ സംഭവം, ഭഗൽപൂരിൽ തടവുകരുടെ കണ്ണുപൊട്ടിച്ചത് തുടങ്ങിയവ ഇന്ത്യൻ പോലീസ് ചരിത്രത്തിലെ തന്നെ കറുത്ത ഏടുകളായി നിലനിൽക്കുമ്പോൾ സമീപകാലത്ത് നടന്ന മുത്തങ്ങയിലെ ആദിവാസിസമരത്തെ കേരളാ പൊലീസ് നേരിട്ട രീതിയും തിരുവനന്തപുരം ഫോർട്ട് പൊലീസ് സ്റ്റേഷനിൽ അരങ്ങേറിയ ഉരുട്ടിക്കൊലയും മറ്റുചില ലോക്കപ്പു മർദനങ്ങളും ഗുജറാത്തിലും മുംബയിലുമൊക്കെ അരങ്ങേറിയ 'ഏറ്റുമുട്ടൽ' നാടകങ്ങളുമൊക്കെ മനുഷ്യാവകാശ ലംഘനത്തിന്റെ കാരണഭൂതരായി പലപ്പോഴും പൊലീസും മാറുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പൊലീസ് സംവിധാനത്തിന്റെ ഈ സ്വഭാവവിശേഷം ബോദ്ധ്യം വന്നതിനാലാണ് സുപ്രീം കോടതി 1997-ൽ പശ്ചിമ ബംഗാൾ സർക്കാരും ഡി.കെ. ബാസുവും തമ്മിലുള്ള കേസിൽ പ്രസ്തുത കേസിന്റെ പരിധികൾക്കപ്പുറത്തേക്ക് കടന്നുകൊണ്ട് അറസ്റ്റ് സംബന്ധമായി ഇന്ത്യയിലെവിടെയും പൊലീസ് നിർബന്ധമായും പാലിക്കേണ്ട നടപടിക്രമങ്ങൾ ഉത്തരവിലൂടെ നടപ്പിലാക്കിയത്.

പകരം നിയമങ്ങൾ രൂപീകരിക്കപ്പെടും വരെ ഇവ പാലിച്ചില്ലെങ്കിൽ കോടതിയലക്ഷ്യമാകുമെന്നും സുപ്രീംകോടതി വ്യക്തമാക്കുകയുണ്ടായി.

1997-ൽ പ്രസ്തുത വിധിയുണ്ടായിട്ട് ഇന്നേക്ക് ഒരു ദശാബ്ദം പിന്നിട്ടുവെങ്കിലും ഇന്നും ഈ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ

## മുഖം മാറുന്ന പൊലീസ്

പൊലീസിനെ ഭരണകൂടത്തിന്റെ മർദനോപാധിയെന്ന നിലയിലല്ല മറിച്ച് ജനങ്ങളുടെ സുഹൃത്തും സഹായിയുമാക്കി മാറ്റുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുഖ്യലക്ഷ്യം. അതോടൊപ്പം പൊലീസിന് ജന സൗഹൃദ മുഖവും കൈവരുന്നു. ജനങ്ങളുടെ സമാധാന ജീവിതം ഉറപ്പു വരുത്താൻ സാമൂഹ്യവിരുദ്ധ ശക്തികളെ ശക്തമായി അടിച്ചമർത്തി. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഇന്ത്യയിൽ ഏറ്റവും കുറവ് കേരളത്തിലാണെന്ന് ഐക്യരാഷ്ട്ര സഭാ സമിതിയുടെ പഠനം വെളിപ്പെടുത്തുന്നു.

ഗുണ്ടാ - മാഫിയ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ ശക്തമായ നിയമ നിർമാണവും നടപടികളും. ഗുണ്ടകളെ മാത്രമല്ല, ബ്ലേഡ്, മണൽ, വാടകപ്പിരിവ്, സി.ഡി മാഫിയകളെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വന്നു.

സ്ത്രീ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വനിതാസെൽ നിരവധി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടു.

പുതിയതായി 2359 പൊലീസുകാരെ തെരഞ്ഞെടുത്തു പരിശീലനത്തിനയച്ചു. നിലവിലുള്ള 5873 പൊലീസുകാർക്ക് കേരള പൊലീസ് അക്കാദമിയിൽ മികച്ച പരിശീലനം നല്കി പൊലീസ് മാന്വൽ പരിഷ്കരിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ചു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇത് നടപ്പാക്കി.

പൊലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി ഒട്ടനവധി പരിപാടികൾ നടപ്പാക്കി.

- 15 കൊല്ലം പൂർത്തിയാക്കിയ കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ ആയും 23 കൊല്ലം സർവീസ് പൂർത്തിയാക്കിയ ഹെഡ് കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐ ആയും ഗ്രേഡ് നൽകി.
- പൊലീസ് സ്റ്റേഷനിലെ പാറാവ് ഡ്യൂട്ടിക്കാർക്ക് റൈഫിൾ മാറ്റി റിവോൾവർ നൽകി.
- പൊലീസുകാരുടെ ഡ്യൂട്ടി സമയം 8 മണിക്കൂർ ആക്കി നിജപ്പെടുത്തണമെന്ന ദീർഘകാല ആവശ്യം അംഗീകരിച്ചു. 17 സ്റ്റേഷനുകളിൽ നടപ്പാക്കി. കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിച്ച് വരുന്നു.
- പൊലീസുകാരുടെ പരാതികൾ പരിഹരിക്കുവാൻ സംവിധാനം ഏർപ്പെടുത്തി.
- കോൺസ്റ്റബിൾമാർക്കായി 70 പുതിയ ക്വാർട്ടേഴ്സുകൾ നിർമിച്ചു.
- ഓഫീസർമാർക്ക് 10 ക്വാർട്ടേഴ്സുകൾ നിർമിച്ചു.

പൊലീസും ബഹുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് കമ്മ്യൂണിറ്റി പൊലീസിങ് ആവിഷ്കരിച്ച് നടപ്പാക്കി. തിരുവനന്തപുരത്ത് റസിഡന്റ് അസോസിയേഷനുകളുടെ സഹകരണത്തോടെ നടപ്പാക്കിയ മൈത്രി പദ്ധതി. കൊച്ചിയിലെ പ്രൈഡ് പദ്ധതി എന്നിവ ഉദാഹരണം. പൊലീസ് സ്റ്റേഷനുകളുടെ കംപ്യൂട്ടർവത്കരണം, സൈബർ പൊലീസ് സ്റ്റേഷൻ, റെയിൽയാത്രക്കാർക്ക് തുണയായി റെയിൽ അലേർട്ട്. എന്നിവയും പുതുതായി ആരംഭിച്ച പദ്ധതികളാണ്. സങ്കീർണ്ണമായ നിരവധി കേസുകൾക്ക് തുമ്പുണ്ടാക്കി

- തലസ്ഥാന നഗരിയിൽ ഭീതിപരത്തിയ ലെറ്റർ ബോംബ് കേസ് ശാസ്ത്രീയമായി തെളിയിച്ചു.
- രാഷ്ട്രപതിക്ക് ഇ-മെയിൽ സന്ദേശമയച്ച സങ്കീർണ്ണമായ സൈബർ കേസ് ദിവസങ്ങൾക്കകം തെളിയിച്ചു.
- ഇന്റർനെറ്റിലൂടെ ആൾമാറാട്ടം നടത്തി പണം തട്ടിയെടുക്കുന്ന തിരുവനന്തപുരം ചെന്തിട്ട സ്വദേശിയെ അറസ്റ്റ് ചെയ്തു.
- മോഷ്ടിച്ച എ.ടി.എം കാർഡ് ഉപയോഗിച്ച് വൈറ്റിലയിൽ നിന്ന് ലക്ഷങ്ങൾ കവർന്ന കേസിലെ പ്രതി പിടിയിൽ.
- കാസർഗോഡ് മധൂരിലെയും കൊല്ലത്തെ വിവിധ ക്ഷേത്രങ്ങളിലെയും അടക്കം നിരവധി ക്ഷേത്രകവർച്ചാ സംഘങ്ങൾ പിടിയിൽ.
- പതിനായിരക്കണക്കിന് ലിറ്റർ വ്യാജ ചാരായം പിടിച്ചു.
- തിരുവനന്തപുരം നഗരത്തിൽ ക്രമസമാധാനം ഉറപ്പാക്കാൻ ഫലപ്രദമായ സിറ്റി ഷാഡോസ്.
- ട്രാഫിക് ബോധവത്കരണത്തിന് പ്രചാരണ പരിപാടികൾ.
- ബാലരാമപുരത്തും തിരൂരും സമയോചിത പൊലീസ് ഇടപെടൽ മൂലം വൻ കലാപം ഒഴിവായി.
- ആയുധശേഖരം കണ്ടെത്താൻ സംസ്ഥാന വ്യാപകമായി റെയ്ഡുകൾ.
- അഴിമതി തടയാൻ വിജിലൻസ് വകുപ്പിനെ ശക്തമാക്കി.

# എല്ലാം മണത്തറിയുന്ന 'പൊലീസ്'





ഫോട്ടോ : നോയൽ ജോൺ തോമസ്

ഏഴുവർഷം മുമ്പ് കല്ലമ്പലത്ത് അഞ്ചുവയസ്സു മാത്രമുള്ള ഒരു പെൺകുട്ടിയെ പീഡിപ്പിച്ചു കൊന്ന് ആരോ ചതുപ്പിൽ ചവിട്ടിത്താഴ്ത്തി. ടാപ്പിങ് തൊഴിലാളിയായ രണ്ടാനച്ഛന് പഴങ്കഞ്ഞി കൊടുക്കാൻ റബ്ബർ തോട്ടത്തിലേക്കു പോയപ്പോഴായിരുന്നു ആ ദുരന്തം സംഭവിച്ചത്. പെൺകുട്ടിയുടെ ശരീരത്തിൽ പുരണ്ട റബ്ബർക്കറയും മറ്റു സാഹചര്യത്തെളിവുകളും രണ്ടാനച്ഛനെ കുറ്റക്കാരനെന്ന് സംശയിക്കാൻ ഇടയാക്കി. എന്നാൽ സംസ്ഥാന പൊലീസിന്റെ ഡോഗ് സ്ക്വാഡ് രംഗപ്രവേശം ചെയ്തതോടെ ഒരു ഷാജി കൈലാസ് ചിത്രം പോലെ സത്യത്തിന്റെ ചുരുളുകൾ അഴിഞ്ഞു.

ഡോഗ് സ്ക്വാഡ് കണ്ടെത്തിയ പ്രതി കഥയുടെ ആദ്യഭാഗങ്ങളിൽ സംശയം പോലും ഇല്ലാതിരുന്ന മറ്റൊരു റബ്ബർ ടാപ്പിങ് തൊഴിലാളി! പാവം രണ്ടാനച്ഛൻ കുടുങ്ങിയില്ലെന്നു മാത്രമല്ല, യഥാർത്ഥ പ്രതി വലയിലാവുകയും ചെയ്തു. അങ്ങനെ ഡോഗ് സ്ക്വാഡിന്റെ അന്വേഷണം ആ കേസിനു വഴിത്തിരിവായി. ഇങ്ങനെ കേസുകൾക്ക് സുപ്രധാനമായ തുമ്പുണ്ടാക്കുന്നതിൽ ഡോഗ് സ്ക്വാഡ് നൽകിയ സംഭാവനകൾ പറഞ്ഞാൽ തീരില്ല. ഇന്ന് കേരളപൊലീസിന്റെ വളരെ പ്രധാനപ്പെട്ട വിഭാഗമാണ് ഡോഗ്സ്ക്വാഡ്.

മോഷണം, കൊലപാതകം, ബോംബ്ഭീഷണി, റെയ്ഡ് തുടങ്ങി അന്വേഷണത്തിനു പുറമെ പ്രധാനപ്പെട്ട ചടങ്ങുകളിൽ സുരക്ഷ ഉറപ്പുവരുത്താനും ഡോഗ്സ്ക്വാഡിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. പഴയ വേട്ടപ്പട്ടിയിൽ നിന്ന് ശ്വാനസേനയിലേക്കുള്ള വളർച്ച നായയുടെ കഴിവിനെക്കാൾ, നായയെ ഉപയോഗിക്കാനുള്ള മനുഷ്യന്റെ കഴിവിന്റെ വളർച്ചയെയാണ് കാണിക്കുന്നത്. മനുഷ്യനെ അപേക്ഷിച്ച് നൂറുമടങ്ങ് അധികം ഘ്രാണശക്തിയുണ്ട് നായ്ക്കൾക്ക്. ഈ കഴിവ് പരിശീലനത്തിലൂടെ വളർത്തിയെടുത്താണ് 'പൊലീസ്നായ'യെ രൂപപ്പെടുത്തുന്നത്. ആറുമാസത്തിൽ താഴെപ്രായമുള്ള ജർമൻഷെപ്പേഡ്, ലാബ്രഡോർ, ഡോബർമാൻ തുടങ്ങിയ ഇനം നായ്ക്കളെയാണ് ശ്വാനസേനയിലേയ്ക്ക് ഉപയോഗിക്കുക. ഒരു വർഷത്തെ കഠിന പരിശീലനം. മയക്കുമരുന്നിന്റെയും വെടിമരുന്നിന്റെയും മറ്റ് സാധനങ്ങളുടെയും മണം പ്രത്യേകം പ്രത്യേകം നൽകി പരിശീലിപ്പിക്കും. ഒടുവിൽ ചെറിയ മണം പോലും തിരിച്ചറിയാൻ പ്രപ്തമാക്കുന്നു. മുഖ്യ പരിശീലകനല്ലാതെ മറ്റൊരാൾ നൽകുന്ന ഭക്ഷണംപോലും ഇവ കഴിക്കില്ല. അത്ര പട്ടാളച്ചിട്ടയാണവയ്ക്ക്. മുട്ടയും പാലും ഇറച്ചിയുമടക്കം സുഭിക്ഷമായ ഭക്ഷണം. എന്നാൽ തടി കൂടാതെ നിയന്ത്രിക്കുകയും ചെയ്യും.

രണ്ടിനം നായ്ക്കളാണ് കേരളപൊലീസിനുള്ളത്- ട്രാക്കർ, സ്നിഫർ. കല്ലമ്പലത്തെ പെൺകുട്ടിയുടെ കാര്യത്തിൽ എന്നപോലെ മണംപിടിച്ച് ഓടി പ്രതിയെ അല്ലെങ്കിൽ തൊണ്ടി കണ്ടെത്തുന്ന വിഭാഗം, ട്രാക്കർ. മയക്കുമരുന്നും ബോംബും പോലെ, ഒളിപ്പിച്ച സാധനങ്ങൾ മണം പിടിച്ച് കണ്ടെടുക്കുന്ന വിഭാഗം സ്നിഫർ. സംസ്ഥാനപൊലീസിന് എല്ലാ ജില്ലകളിലുമായി 14 ട്രാക്കറുകളും 22 സ്നിഫറുകളുമാണുള്ളത്.

1957 ൽ തിരുവിതാംകൂറിലെ അവസാനത്തെ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ രണ്ട് അൽസേഷ്യൻ നായ്ക്കളെ സംഭാവനചെയ്തതോടെയാണ് ഡോഗ്സ്ക്വാഡിന്റെ തുടക്കം. പടിഞ്ഞാറേകോട്ടയിലാണ് ആസ്ഥാനം.

വാലാട്ടിയായല്ല, യജമാനനായാണ് നായ്ക്കളെ കേസന്വേഷിക്കുമ്പോൾ പരിഗണിക്കുക. മറ്റു പൊലീസുകാർ അപ്പോൾ നായ്ക്കു വേണ്ട സൗകര്യം ഒരുക്കുന്ന 'സേവകർ' മാത്രം. ജീവൻ പൊലിയുമ്പോഴും, വീരചരമമടയുന്ന സൈനികനു ലഭിക്കുന്ന ബഹുമതികളോടെയാണ് പൊലീസ്നായയെ സംസ്കരിക്കുക.

**പി.ടി.**



മായി നടപ്പിൽ വരുത്തുന്നതിനോ പകരം കൂടുതൽ മൂർത്തവും വ്യക്തവുമായ നിയമനിർമ്മാണത്തിനോ രാജ്യം തയ്യാറായിട്ടില്ലെന്നത് പരിമിതിയായി നിൽക്കുന്നു.

അടിസ്ഥാനപരമായി, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുവാൻ ബാധ്യതയുള്ള വിഭാഗമാണ് പൊലീസ്. പൊലീസ് എത്രത്തോളം അതു നിർവഹിക്കുന്നുവെന്നത് പൊലീസിന്റെ അടിസ്ഥാന ഘടനയോടൊപ്പം ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളുമാണ് തീരുമാനിക്കുന്നത്. ജനങ്ങളുടെ സുഹൃത്തും മനുഷ്യാവകാശ സംരക്ഷകനുമായി പൊലീസിനെ മാറ്റിയെടുക്കുതിനുള്ള ശ്രമം ഇപ്പോഴത്തെ സർക്കാർ നടത്തുന്നത് ശുഭോദർക്കമാണ്. കുറ്റം തെളിയിക്കാൻ മൂന്നാം മുറ പാടില്ലെന്നു കർശനമായി വിലക്കിയത്, സുതാതര്യത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ, കമ്യൂണിറ്റി പൊലീസിങ്, പൊലീസ് സ്റ്റേഷനുകളിൽ സ്വീകരണ മുറികൾ തുടങ്ങിയ നടപടികളൊക്കെ അതിനു സഹായിക്കുന്ന ഘടകങ്ങളാണ്. പക്ഷേ പൊലീസിന്റെ ഘടനയിലും പരിശീലന രീതികളിലും ചട്ടങ്ങളിലും കാലികമായ മാറ്റങ്ങൾവരുത്തിക്കൊണ്ടു മാത്രമേ അതു പൂർണതയിലെത്തിക്കുവാൻ കഴിയൂ. ഒപ്പം പൊലീസിൽ നിന്നുള്ള മനുഷ്യാവകശലംഘനങ്ങളുണ്ടായാൽ അതിനുള്ള പരിഹാര സംവിധാനങ്ങളും കുറ്റമറ്റതാകണം. 1999-ലെ മനുഷ്യാവകാശ നിയമത്തിലെ മനുഷ്യവകാശങ്ങളുടെ നിർവ്വചനം കൂടുതൽ വ്യക്തമാക്കുകയും അത് സംബന്ധിച്ച എന്തൊക്കെ പ്രവൃത്തികൾ കുറ്റകൃത്യമാകണമെന്ന് വ്യക്തമാക്കിയും അത്തരം പ്രവൃത്തികൾക്കുള്ള ശിക്ഷകൾ പ്രഖ്യാപിച്ചുകൊണ്ടും മനുഷ്യാവകാശ നിയമത്തെ ഭേദഗതി ചെയ്തുകൊണ്ടും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മനുഷ്യാവകാശ കോടതികൾ സ്ഥാപിച്ചുകൊണ്ടും മാത്രമേ മനുഷ്യാവകാശ സംരക്ഷണം സാമാന്യ ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന തരത്തിൽ അടിയന്തിര ഭാവിയിൽ പ്രയോഗത്തിൽ വരുത്താനാകൂ. ■

അലക്സ് വള്ളികുന്നം

# ‘സൂക്ഷിക്കുക, ജീവൻ വിലപ്പെട്ടതാണ്’



**പൊലീസ് നാടകസംഘം തിരുവനന്തപുരത്ത് നാടകാവതരണത്തിൽ**

പൊലിസ് സേനയെക്കുറിച്ചുള്ള ജനങ്ങളുടെ ധാരണയിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ജയിൽ മർദ്ദനവും പീഡനവും മരണവും പോലുള്ള ധാരാളം സംഭവങ്ങളും പണമുണ്ടെങ്കിൽ ആരെയും എന്തുംചെയ്യാമെന്ന സ്ഥിതിയും വാദിയെ പ്രതിയാക്കുന്ന മാസ്മരവിദ്യയും നിരപരാധികളെ കള്ളക്കേസുകളിൽ കുടുക്കുന്ന സംഭവങ്ങളും ഒക്കെ പൊലീസിനെതിരെയുള്ള കുറ്റപത്രങ്ങളായി സമൂഹമനസ്സിൽ അവശേഷിക്കുന്നതുകൊണ്ടാകാം ജനങ്ങൾക്കെന്നും ആശ്വാസവും കാവലുമാകുന്ന പൊലീസിന്റെ നന്മ കാണുവാനും അംഗീകരിക്കുവാനും പലപ്പോഴും അവർ തയാറാകാത്തത്.

കേരളപൊലീസ് സേനയിലെ ട്രാഫിക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കലാപരിപാടിക്ക് രൂപം നൽകിയിരിക്കുന്നു എന്നത് ഈ പശ്ചാത്തലത്തിലാണ് അർത്ഥവത്താകുന്നത്. പ്രത്യേകിച്ചും കേരളപൊലീസ് സേവനത്തിന്റെ അമ്പത് വർഷം പിന്നിടുന്ന സാഹചര്യത്തിൽ. *സൂക്ഷിക്കുക ജീവൻ വിലപ്പെട്ടതാണ്* എന്ന ഒരു തുറന്ന നാടകം മനോജ് എബ്രഹാം ഐ.പി.എസിന്റെ നേതൃത്വത്തിൽ രൂപംകൊടുത്ത് പൊലീസ് ഉദ്യാഗസ്ഥന്മാരായ ഒരു സംഘം ചെറുപ്പക്കാർ കേരളത്തിൽ അങ്ങോളമിങ്ങോളം അവതരിപ്പിച്ചു വരുന്നു. നാടകത്തിന്റെ ആശയവും അദ്ദേഹത്തിന്റേതു തന്നെ. സംവിധാനം അനിൽ കാരേറ്റ് നിർവ്വഹിച്ചിരിക്കുന്നു. രാവും പകലും ഉറങ്ങാതെ ജനത്തിന് കാവൽ നിൽക്കേണ്ടിവരുന്ന പൊലീസുകാരായ ഞങ്ങൾക്ക് ജനങ്ങളുടെ കുറ്റം മാത്രം കേൾക്കേണ്ടിവരുന്ന ദുര്യോഗമാണുള്ളതെന്ന ആമുഖത്തോടെയാണ് നാടകം ആരംഭിക്കുന്നത്.

*കാക്കിവേഷത്തിൽ സ്നേഹമാണെന്നും*
*ഈ ലാത്തി ഏന്തും കൈകൾ സുരക്ഷിതത്വം ഏകും ..*

എന്ന് ആലപിച്ച് പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങൾ ജനങ്ങൾക്ക് ബോധവത്കരണത്തിന്റെ നല്ല പാഠങ്ങൾ പറഞ്ഞുതരുന്ന അനുഭവത്തിലേക്കാണ് നാടകം മാറുന്നത്. നാടിന്റെ നന്മയ്ക്ക് ജീവൻപോലും ബലിയർപ്പിക്കുവാൻ തയ്യാറായിട്ടുള്ള പൊലീസ് സേനയുടെ നിശ്ചയദാർഢ്യത്തിന്റെയും ഉദ്ദേശ്യ ശുദ്ധിയുടെയും വെളിപ്പെടുത്തലുകളായും നാടകം പരിണമിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ സദാ ജാഗരൂകരായ പൊലീസ് സേന പക്ഷേ ജനങ്ങളോടഭ്യർത്ഥിക്കുന്നതും ഓർമ്മിപ്പിക്കുന്നതും ജനങ്ങളുടെ കൂടി ഉത്തരവാദിത്തത്തെക്കുറിച്ചാണ്. തങ്ങളുടെ അലസതയുടെയും അശ്രദ്ധയുടെയും ഇരകളായി എത്രയെത്ര ജീവനുകളാണ് പൊലിയുന്നത് എന്ന് ജനങ്ങളെ ഓർമ്മിപ്പിക്കുകയും ജനങ്ങൾ പാലിക്കേണ്ടുന്ന നിയമമര്യാദകളെപ്പറ്റി കൃത്യമായി പാലിക്കുന്നതിന് ശക്തമായ സൂചനകൾ നല്കുകയുമാണ്.

ട്രാഫിക്ക് പൊലീസിന്റെ നേതൃത്വത്തിലുള്ള നാടകമായതുകൊണ്ട് ഈ കഥ ട്രാഫിക്ക് നിയമങ്ങൾ പാലിക്കേണ്ടുന്നതിന്റെ ആവശ്യകതയിലേക്കാണ് പ്രധാനമായും വിരൽ ചൂണ്ടുന്നത്. അപകടങ്ങൾ നിമിഷംപ്രതി ഏറിവരുന്നതിന്റെ ഭയാനകതയിൽ ഈ ശ്രമം അന്വർത്ഥവുമാണ്.

ഒരു കുഞ്ഞുണ്ടാകുന്ന ദിവസം മുതൽ അച്ഛനമ്മമാർ അവനെ ശീലിപ്പിക്കേണ്ടുന്ന ശരിയായ പാഠങ്ങളെക്കുറിച്ചുള്ള തിരിച്ചറിവു പകരുന്നതാണ് കഥയുടെ ഉള്ളടക്കം. പന്തുകളിക്കുന്ന കുഞ്ഞ് റോഡിലേക്ക് ഇറങ്ങിപ്പോയാൽ, അത് നിനക്ക് കളിക്കാനുള്ള സ്ഥലമല്ല എന്നു പറഞ്ഞുകൊടുക്കുന്ന രക്ഷിതാക്കൾ എത്ര ശതമാനം വരും എന്നോർക്കുക. പ്രായപൂർത്തിയാകുന്നതിനു

മുമ്പുതന്നെ അവന്റെ നിർബന്ധത്തിനു വഴങ്ങി സൈക്കിൾ വാങ്ങിക്കൊടുത്ത് സ്കൂളിലേക്ക് അയയ്ക്കുക, പണമില്ലെങ്കിലും കടംവാങ്ങി ബൈക്ക് വാങ്ങിക്കൊടുക്കുക തുടങ്ങിയവ രക്ഷിതാക്കൾ ഔചിത്യത്തോടെ ബുദ്ധിപൂർവ്വം ചെയ്യുന്നതാണെന്ന് വിശ്വസിക്കാമോ . ബസ്സിന്റെ കമ്പിയിൽ തൂങ്ങി സൈക്കിൾ ഓടിക്കുക, ബസ്സിൽ ചാടിക്കയറുകയും ചാടിയിറങ്ങുകയും ചെയ്യുക, ബസ്സ് സ്റ്റോപ്പിൽ നിന്ന് ക്രിക്കറ്റും ഫുട്ബോളും കളിക്കുക തുടങ്ങിയ സാഹസങ്ങൾ വേറെയും. ഫുട്പാത്ത് വിട്ട് നടക്കുകയും റോഡിൽ തുപ്പുകയും റോഡിൽ ചപ്പുചവറുകൾ അശ്രദ്ധമായി വലിച്ചെറിയുകയും പോലുള്ള കാര്യങ്ങൾ പൊതുജനങ്ങൾ ചെയ്യുന്നതും അപകടങ്ങൾ വിളിച്ചുവരുത്തുന്നവയാണെന്നും നാടകം ഓർമ്മപ്പെടുത്തുന്നു. കുട്ടികളെ കുത്തിനിറച്ച് കാലും തലയും വരെ പുറത്തിട്ടു കൊണ്ടു വാഹനത്തിൽ കൊടുത്തയയ്ക്കുന്നത് പല രക്ഷിതാക്കളും നിസ്സാരമായി കാണുന്നത് കുട്ടികളെകൊണ്ടുപോകുന്ന വാഹന ഡ്രൈവറേക്കാൾ ഗുരുതരമായ കുറ്റംചെയ്യുന്നതിന് തുല്യമാണ്. ഇത്തരം വാഹനമോടിക്കുന്നവർ അധികമായി ചെയ്യുന്ന കുറ്റങ്ങളാണ് സിഗ്നലുകൾ പാലിക്കാതെ വാഹനങ്ങൾ ഓടിക്കുന്നതും അപകടങ്ങൾ വിളിച്ചുവരുത്തുന്നതും. സാധാരണ അറിയിപ്പുകളും മുന്നറിയിപ്പുകളും കർശനമായി പാലിക്കേണ്ട അറിയിപ്പുകളും ആയ സിഗ്നൽ ബോർഡുകൾ വകതിരിച്ച് നാടകത്തിലൂടെ വിശദമാക്കപ്പെടുന്നതുപോലുള്ള രംഗങ്ങൾ ഈ നാടകത്തിൽ ഇടകലർത്തി അവതരിപ്പിക്കുന്നത് നാടകത്തിന്റെ ഉള്ളടക്കത്തിന് ശക്തി വർദ്ധിപ്പിക്കുന്നുണ്ട്. വിവാഹത്തലേന്ന് ബാച്ചിലേഴ്സ്പാർട്ടി നടത്തി ലക്കുകെട്ട് സുഹൃത്തിനൊപ്പം ബൈക്കിൽ യാത്രചെയ്ത സുദർശനൻ എന്ന യുവാവിന്റെ ദുരന്തകഥ അനാവരണം ചെയ്യപ്പെടുന്നതിലൂടെ പ്രേക്ഷകർ എത്രയോ സുദർശനകഥകൾ ഓർത്തുപോവുകയും ഇനിയൊരു സുദർശനകഥ ആവർത്തിക്കാതിരിക്കട്ടെ എന്നാഗ്രഹിച്ചുപോകുകയും ചെയ്യുന്നിടത്ത് നാടകം അവസാനിക്കുന്നു. ഒരു പശ്ചാത്താപത്തിനും ജീവന്റെ വില നൽകാനാവില്ലല്ലോ എന്ന ശാശ്വതമായ മുന്നറിയിപ്പും.

ആശുപത്രി, സ്കൂൾ, ബാർ, വീട് തുടങ്ങിയ രംഗസൂചനകളിലൂടെ കഥ പറയുകയും ഇടയ്ക്കിടെ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന ഇടകലർന്ന അവതരണരീതി ഇത്തരം നാടകങ്ങളുടെ പൊതുസ്വഭാവമാണെങ്കിലും, ഈ നാടകത്തിൽ ആ സംവിധാനരീതി ആശയവിനിമയം സാദ്ധ്യമാക്കുന്ന നിലയിൽ ശക്തമാണ്. 160 ഓളം വേദികൾ പിന്നിട്ട നാടകത്തിന്റെ മേൽനോട്ടം അസി.കമ്മീഷണർ മോഹനൻനായർ നിർവ്വഹിക്കുന്നു. കോ-ഓർനേറ്ററായി സജിയും പ്രവർത്തിക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത നാടകത്തിൽ നജിമുദ്ദീൻ, ചന്ദ്രകുമാർ, ഷറഫുദ്ദീൻ, മണികണ്ഠൻ, അസീം, രാജേഷ്, രമേഷ് കുമാർ, വിൻസന്റ്, സുദർശനൻ, സോമരാജൻ, സതികുമാർ എന്നീ പൊലീസുകാരാണ് കഥാപാത്രങ്ങളാകുന്നത്. തുറസായ സ്ഥലങ്ങളിലവതരിപ്പിക്കുന്ന ഈ നാടകത്തിന് പൊതുജനങ്ങളിൽ നിന്നും വിദ്യാർത്ഥികളുൾപ്പെടുന്ന പുതുതലമുറയിൽനിന്നുമൊക്കെ ആവേശകരമായ പ്രതികരണങ്ങളാണ് ലഭിക്കുന്നത്. നിയമ സംവിധാന പാലനത്തിന്റെ ഒരു ഭാഗം മാത്രമായ ട്രാഫിക് സംവിധാനത്തിലൂന്നിയ ഈ കഥ അവതരിപ്പിച്ചു കഴിയുമ്പോൾ പൊലീസെന്ന ജനസേവകരുടെ ആത്മാർത്ഥതയെ ബോധ്യപ്പെടുത്തുന്ന ഒരു അടയാളം കൂടിയായി ഇത് പരിണമിക്കുന്നുണ്ട്.■



ഫോട്ടോ : ജോയൽ ബോൺ തോമസ്

# കുതിരപ്പൊലീസ് പ്രൗഢിയുടെ മുദ്ര

**കേ**രളാ പൊലീസിന് രാജകീയ പ്രൗഢി ചാർത്തുന്ന അശ്വാരൂഢസേനാംഗങ്ങളെ പരിചയമുണ്ടാവുക ചുരുക്കം പേർക്കു മാത്രമാണ്. ചിലർക്ക് കേട്ടറിവുകാണും. എന്നാൽ നേരിട്ടു കണ്ടിട്ടുള്ളവർ വിരളം. അതിൽത്തന്നെ ഏറെ പേരും തിരുവനന്തപുരത്ത് സെക്കന്റ്ഷോ കാണാൻ പോകുന്നവരായിരിക്കും. കാരണം രാത്രി പന്ത്രണ്ട് മുതൽ മൂന്ന് മണി വരെ നഗരവീഥികളിലൂടെ പട്രോളിങ് നടത്തുന്നവരാണ് ഈ സേനാംഗങ്ങൾ. സ്വാതന്ത്ര്യ ദിനത്തിലും റിപ്പബ്ലിക് ദിനത്തിലും നടക്കുന്ന പരേഡുകൾക്ക് നിറം പകരാനും ഇവർ മുന്നിലുണ്ടാകും. കോവളം, ശംഖുംമുഖം തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആഘോഷവേളകളിൽ ടൂറിസം പൊലീസായി നിയമപരിപാലനത്തിനും, ആദ്യകാലങ്ങളിൽ ട്രാഫിക് ഡ്യൂട്ടിയിലും കുതിരപ്പൊലീസ് സേവനമനുഷ്ഠിച്ചിരുന്നു. ഇതിനു പുറമെ ബീമാപള്ളി ഉറൂസ്, പത്മനാഭപുരം ക്ഷേത്രത്തിലെ ആറാട്ട് തുടങ്ങിയ അവസരങ്ങളിലും കുതിരപ്പൊലീസിനെ നിയോഗിക്കാറുണ്ട്.

കുതിരപ്പൊലീസിന്റെ വട്ടത്തൊപ്പിയും ബ്രൗൺ ബൂട്സും കാക്കി വേഷവും എല്ലാം മൂന്നു പതിറ്റാണ്ടു മുൻപുള്ള 'പാവാടപ്പൊലീസി'നെ ഓർമ്മിപ്പിക്കുന്നതാണ്. കുതിരപ്പുറത്തുള്ള സവാരി കൂടെ ആയാൽ ചരിത്ര പുസ്തകങ്ങളിൽ കണ്ടിട്ടുള്ള ബ്രിട്ടീഷ് പട്ടാളത്തെയോ രാജഭടൻമാരെയോ പോലെ തോന്നും. എന്നാൽ കുതിരപ്പൊലീസിന്റെ വേഷവിധാനങ്ങൾ ഇവിടെ തീരുന്നില്ല. എന്നും രാവിലെ നടക്കുന്ന ഡ്രില്ലിൽ കുതിരപ്പൊലീസിന്റെ കൈയിൽ ഒരു ലാൻസ്(കുന്തം)കൂടെയുണ്ടാവും. ലാൻസിലെ ചുവപ്പും വെള്ളയും നിറത്തിലുള്ള കൊടി ധീരതയെയും സമാധാനത്തെയുമാണ് സൂചിപ്പിക്കുന്നത്.

ഈ വേഷത്തിൽ കുതിരപ്പൊലീസിന്റെ ചരിത്രം തന്നെ ഒളിഞ്ഞുകിടപ്പുണ്ട്. രാജഭരണത്തിൽ തുടങ്ങി ബ്രിട്ടീഷ് ഭരണകാലവും കഴിഞ്ഞ് ഒടുവിൽ കേരളാ പൊലീസിന്റെ ഭാഗമായ കുതിരപ്പടയ്ക്ക് കാലത്തിലെന്ന പോലെ വേഷത്തിലും പ്രവൃത്തിയിലും മാറ്റം വന്നു. എന്നാൽ ഈ മാറ്റങ്ങൾക്കിടയിലും ചരിത്രത്തിന്റെ ചില ശകലങ്ങൾ അവരിൽ അവശേഷിച്ചു. അതാണ് ഈ സേനാംഗങ്ങളെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കുന്നത്.

1880 കളിൽതന്നെ കുതിരപ്പൊലീസ് ചരിത്രത്തിൽ സ്ഥാനം നേടിത്തുടങ്ങിയിരുന്നു. 'രാജപ്രമുഖ അംഗരക്ഷകർ' എന്നാണ് ആദ്യകാലങ്ങളിൽ ഇവർ അറിയപ്പെട്ടത്. മഞ്ഞത്തൊപ്പിയും വാളും നീല കോട്ടും അണിഞ്ഞ് രാജാവിന്റെ രഥത്തിന് അകമ്പടി സേവിച്ച് നഗരവീഥികളിലൂടെ കടന്നു പോകുന്ന കാഴ്ച ഇന്നും പഴയ തലമുറ കൗതുകം വിടാതെ ഓർക്കുന്നു. പിന്നീട് ബ്രിട്ടീഷ് ഭരണകാലത്ത് 'പാലസ് ഗാർഡ്'എന്നാണ് കുതിരപ്പൊലീസ് അറിയപ്പെട്ടത്. ബ്രിഗേഡിയർ ഡബ്ള്യൂ.ഡി.കേച്ചൻ അന്നത്തെ കുതിരപ്പൊലീസിന് വേണ്ടി തിരുവനന്തപുരത്ത് പാളയം കന്റോൺമെന്റ് പൊലീസ് ക്യാമ്പ് സ്ഥാപിച്ചത് ആ കാലഘട്ടത്തിലാണ്. 1961 ലാണ് കുതിരപ്പൊലീസ് ഇന്നു കാണുന്ന രൂപം പ്രാപിച്ചത്. 1981ൽ ഇതിന്റെ ആസ്ഥാനം തൈക്കാട്ടേയ്ക്കു മാറ്റി. ആദ്യ കാലങ്ങളിൽ വിദേശത്തു നിന്നു കൊണ്ടുവന്നവ ഉൾപ്പെടെ മുപ്പത്തഞ്ചോളം കുതിരകൾ ഇവിടെയുണ്ടായിരുന്നു. ഇന്ന് 17 കുതിരകളും 32 സേനാംഗങ്ങളും അടങ്ങുന്നതാണ് കുതിരപ്പൊലീസ്.

**പി.ടി.**









രാജഭടൻ മുതൽ...

ഫോട്ടോഫീച്ചർ

# പൊലീസിന്റെ വേഷപ്പകർച്ചയും വൈവിധ്യവും

**ചിത്രങ്ങൾ : പൊലീസ് ഫോട്ടോഗ്രാഫി വിഭാഗം**



ട്രാഫിക്



ടൂറിസം



സായുധം



മൗണ്ടഡ്



ബാന്റ്









...പുതിയ പൊലീസ് വരെ



അസംബ്ലി



ബറ്റാലിയൻ



സെറിമോണിയൽ



എസ്.ബി. സി.ഐ.ഡി.



ദ്രുതകർമ സേന




ബോംബ് സ്ക്വാഡ്

പ്രിയ തുവ്വശ്ശേരി



# സൈബർ ലോകത്തിലെ കാവൽ സംഘം

വിദ്യാർത്ഥികളും കൗമാരപ്രായക്കാരുമുൾപ്പെടെ ഏറ്റവുമധികം ആളുകൾ സന്ദർശിക്കുന്ന വെബ്സൈറ്റുകളാണ് orkut.com, friendster.com, myspace.com, zorpia.com തുടങ്ങിയ ഓൺലൈൻ സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റുകൾ. സൗഹൃദങ്ങൾ സ്ഥാപിക്കാനും പുതുക്കാനും സൂക്ഷിക്കാനും ഇന്നത്തെ തലമുറ ഏറെ ഇഷ്ടപ്പെടുന്ന മാധ്യമങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു ഇവ. എന്നാൽ ചിലപ്പോൾ ഇതിനു പിന്നിൽ കെണികളുമുണ്ടാകാം. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷണം നടത്തുന്ന ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെ കീഴിൽ അടുത്തകാലത്ത് വന്ന ഒരു കേസ് ഓർക്കുട്ടിനെ ചുറ്റിപ്പറ്റിയാണ്. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന അധികൃതർ 'നെറ്റ് പട്രോളിങ്' നടത്താറുണ്ട്. ഇപ്രകാരം പരിശോധിക്കവെ ഒരു പെൺകുട്ടിയുടെ പ്രൊഫൈൽശ്രദ്ധയിൽ പെട്ടു. ഓർക്കുട്ടിൽ കണ്ട വിവരങ്ങൾ എല്ലാം ആ കുട്ടിയുടെതു തന്നെ. എന്നാൽ അന്വേഷത്തിൽ ഓർക്കുട്ട് എന്താണ് എന്നു പോലും ആ കുട്ടിക്ക് അറിയില്ലെന്നും വ്യക്തമായി. താൻ അറിയാതെ തന്റെ വിലാസവും, ഫോൺ നമ്പരും ഉൾപ്പെടെ എല്ലാ സ്വകാര്യവിവരങ്ങളും ലോകത്തിന്റെ ഏത് കോണിലും ആർക്കും ലഭിക്കാവുന്ന രീതിയിൽ പ്രദർശിപ്പിച്ചിരിക്കുകയാണ് എന്ന സത്യം ആ വിദ്യാർത്ഥിനി അറിയുന്നത് സൈബർ ക്രൈം അന്വേഷണ ഉദ്യോഗസ്ഥരിൽ നിന്നാണ്. ഇത് ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ തെളിഞ്ഞ സൈബർ കേസിന്റെ ഒരു ചിത്രം മാത്രം. ഇങ്ങനെ എത്രയോ കേസുകൾ, പലതും ഞെട്ടിപ്പിക്കുന്നവ ഇവരുടെ മുന്നിൽ എത്തുന്നു.

കംപ്യൂട്ടറും ഇന്റർനെറ്റും വിവര സാങ്കേതിക വിദ്യയും മലയാളികളിൽ ഉണ്ടാക്കിയ സ്വാധീനം അവിശ്വസനീയമാണ്. സമ്പൂർണ സാക്ഷരത കൈവരിക്കുകയും ഏറ്റവും കൂടുതൽ ആളുകൾ വിദേശത്തു ജോലി ചെയ്യുകയും ചെയ്യുന്ന കേരളത്തിൽ ഇന്നു വ്യാപിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ് സൈബർ കുറ്റകൃത്യങ്ങൾ. കംപ്യൂട്ടർ, ഇന്റർനെറ്റ് എന്നിവ ഉപകരണമാക്കിയോ ലക്ഷ്യമാക്കിയോ കാരണമായോ നടത്തുന്ന കുറ്റകൃത്യങ്ങളാണ് സൈബർ കുറ്റകൃത്യങ്ങൾ. കംപ്യൂട്ടർ ഉപയോഗിച്ച് അശ്ലീല ചിത്രങ്ങൾ നിർമ്മിക്കുക, വിതരണം ചെയ്യുക, നിയമ വിരുദ്ധമായി ആയുധങ്ങൾ, മയക്കുമരുന്ന്, സ്ഫോടക വസ്തുക്കൾ തുടങ്ങിയവ കംപ്യൂട്ടർ ഉപയോഗിച്ച് ലേലം ചെയ്യുക, വിൽക്കുക, സോഴ്സ് കോഡ് മോഷ്ടിക്കുക, സോഫ്റ്റ്വെയർ പകർപ്പവകാശ ലംഘനം, (ബൗദ്ധികസ്വത്ത്) കൈവശപ്പെടുത്തൽ, ലോഗോ, ട്രേഡ്മാർക്കുകൾ എന്നിവ വ്യാജമായി ഉപയോഗിക്കുന്നത്, ഓൺലൈൻ ഗാംബ്ലിങ്, ക്രഡിറ്റ് കാർഡ് ഫ്രാഡ്, ഓൺലൈൻ വഴിയുള്ള ചതി, തുടങ്ങിയ സാമ്പത്തിക കുറ്റകൃത്യങ്ങൾ, ഒരു സ്ഥാപനത്തെയോ/ വ്യക്തിയെയോ അധിക്ഷേപിക്കാനായി അശ്ലീല സന്ദേശങ്ങളും മറ്റും ഇ-മെയിൽ ആയി അയയ്ക്കുകയോ, വെബ്സൈറ്റുകളിൽ പോസ്റ്റ് ചെയ്യുകയോ ചെയ്യുക, പ്രമാണം, ആധാരം, കറൻസികൾ തുടങ്ങിയവ വ്യാജമായി നിർമ്മിക്കുക, കംപ്യൂട്ടർ വൈറസും മറ്റും ഉണ്ടാക്കുകയോ അവ കടത്തിവിട്ട് മറ്റൊരാളുടെ കംപ്യൂട്ടറിനു കേടുവരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുക, അനുവാദമില്ലാതെ മറ്റൊരാളുടെ കംപ്യൂട്ടറിൽ അഥവാ നെറ്റ്വർക്കിൽ കടന്നു കയറുക (ഹാക്കിങ്), സൈബർ ഭീകരവാദം തുടങ്ങിയവ സൈബർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നു.

സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ ലോക്കൽ പൊലീസിനെയും ക്രൈം ബ്രാഞ്ചിനെയും സാങ്കേതിക കാര്യങ്ങളിൽ സഹായിക്കുന്നതിനും ടെക്നോളജി ഉപയോഗിച്ച് നടത്തുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനുമായി പൊലീസ് ആസ്ഥാനത്ത് 2006 ജൂണിൽ ഹൈടെക് ക്രൈം എൻക്വയറി സെൽ തുടങ്ങുന്നതിന് ഉത്തരവിറക്കുകയും ഐ.ജി ഹെഡ് ക്വാർട്ടേഴ്സിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

സി-ഡാക്കിൽ പരിശീലനം ലഭിച്ച ഡി.വൈ.എസ്.പി എസ് .വിജയന്റെ നേതൃത്വത്തിൽ ഒരു സി.ഐ, ഒരു എസ്.ഐ, ഒരു ഹെഡ് കോൺസ്റ്റബിൾ, ആറ് കോൺസ്റ്റബിൾമാർ എന്നിവരടങ്ങിയ ഹൈ

**സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി പൊലീസ് ആസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച ഹൈടെക് ക്രൈം എൻക്വയറി സെൽ ശ്രദ്ധേയമാവുകയാണ്.**

ടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചുവരുന്നു. സൈബർ ക്രൈം, ഡിജിറ്റൽ തെളിവുകൾ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചും ഡിജിറ്റൽ തെളിവുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും ലോക്കൽ പോലീസിലെയും ക്രൈംബ്രാഞ്ചിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതും Internet Service providers, Mobile phone service providers, C-DAC, NIC, IT MISSION, C DIT, KELTRON തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെടാനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതും ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെ ചുമതലയിൽപ്പെടുന്നു.

സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച പരാതികൾ അധികാരപരിധിയിലുള്ള പൊലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെയാണ് സമർപ്പിക്കേണ്ടത്. ഐ.ടി ആക്ട് 2000 പ്രകാരം 2006 ൽ 10 കേസുകളും 2007 മേയ് മാസം വരെ 9 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഐ.പി.സി യിലെ വകുപ്പുകൾ പ്രകാരമാണ് കൂടുതൽ കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അശ്ലീല ചിത്രങ്ങളും വീഡിയോകളും ഇലക്ട്രോണിക് മീഡിയ വഴി പ്രസിദ്ധീകരിക്കുന്നത് ഐ.ടി ആക്ട് സെക്ഷൻ 67 പ്രകാരം ആദ്യത്തെ വർഷം അഞ്ച് വർഷം തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷലഭിക്കാവുന്ന കുറ്റകൃത്യങ്ങമാണ്. കുറ്റം ആവർത്തിച്ചാൽ ഏഴ് വർഷം തടവും രണ്ട് ലക്ഷം രൂപ പിഴയും ലഭിക്കും. സെൽഫോണിലൂടെ അശ്ലീലചിത്രങ്ങൾ അയക്കുന്നത് ഐ.ടി ആക്ട് സെക്ഷൻ 67 പ്രകാരവും അശ്ലീലച്ചുവയോടെ സംസാരിക്കുന്നത് ഐ പി സി സെക്ഷൻ 509 പ്രകാരവും പോലീസിന് നടപടി എടുക്കാവുന്ന കുറ്റമാണ്. മോർഫിങ് സാങ്കേതിക വിദ്യയിലൂടെ വ്യക്തികളുടെ ചിത്രങ്ങൾ അശ്ലീല ചിത്രങ്ങളാക്കി മാറ്റുന്നതിനെതിരെ ഐ.ടി ആക്ട് സെക്ഷൻ 67 പ്രകാരവും ഒരാളുടെ ഇ-മെയിൽ അക്കൗണ്ടിൽ അനധികൃതമായി മറ്റൊരാൾ കടന്നുകയറിയാൽ അത് കണ്ടുപിടിച്ച് ഐ.ടി ആക്ട് സെക്ഷൻ 66 പ്രകാരവും നടപടിയെടുക്കാൻ സാധിക്കുന്നതാണ്.

മാധ്യമങ്ങളുടെ സ്വാധീനവും സാങ്കേതിക വിദ്യയുടെ വളർച്ചയും ഇന്ന് കംപ്യൂട്ടറിനെയും ഇന്റർനെറ്റിനെയും ഏതൊരു വ്യക്തിക്കും വളരെ എളുപ്പം ഉപയോഗിക്കാവുന്ന ദൂരത്തിൽ എത്തിച്ചിരിക്കുന്നു. ഇതോടൊപ്പം തന്നെ കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണവും വർദ്ധിക്കുന്നുണ്ട്. ഇത് നേരിടുന്നതിനുള്ള സൈബർ ക്രൈം പൊലീസ് സ്റ്റേഷൻ പോലുള്ള കൂടുതൽ സജ്ജീകരണങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ■

ടി.കെ. ശശീന്ദ്രൻ

ബ്രിട്ടീഷ് വാഴ്ചക്കാലത്ത് ജനങ്ങളെ ക്രൂരമായി മർദ്ദിച്ചും ശിക്ഷിച്ചും വിദേശഭരണത്തെ നിലനിർത്തുവാനുള്ള ഒരു സംവിധാനമായിരുന്നു പൊലീസ്. ഭീകരത സൃഷ്ടിക്കുന്നതിൽ ബ്രിട്ടീഷ് പൊലീസിനേക്കാൾ ഒരു ചുവട് മുന്നിലായിരുന്നു നാട്ടുപൊലീസ്. അങ്ങനെ പൊലീസ് എന്ന വാക്കുപോലും ജനസമൂഹത്തിൽ ഭീതിയുണ്ടാക്കുന്നതിന് കാരണമായി.

സ്വാതന്ത്ര്യം കിട്ടിയതിന് ശേഷം, പൊലീസ്സേനയിൽ ചില പരിഷ്കാരങ്ങൾ കൊണ്ടുവന്നെങ്കിലും ജനമനസ്സിലെ ഭീതി തുടച്ചുമാറ്റാൻ കഴിഞ്ഞില്ല. പൊലീസ് തങ്ങളുടെ ജീവന്റെയും സ്വത്തിന്റെയും കാവൽക്കാരാണ് എന്ന് കരുതുവാനും നിർഭയം പൊലീസിനോട് പരാതി പറഞ്ഞറിയിക്കാനും ജനസമൂഹം ഇന്നും മടിക്കുന്നു. ജനസേവകരാണ് തങ്ങൾ എന്ന് പൊലീസുകാരും തങ്ങളുടെ സുരക്ഷയുടെ കാവൽക്കാരാണ് പൊലീസ് എന്ന് ജനങ്ങളും കരുതുന്നില്ല. ഈ വസ്തുത കണക്കിലെടുത്താണ് കമ്മ്യൂണിറ്റി പൊലീസിങ് എന്ന ആശയം സർക്കാർ മുന്നോട്ട് വച്ചത്.

ജനങ്ങളുടെ സ്നേഹിതൻ എന്നതിലുപരി ഒരു സാമൂഹ്യ പ്രവർത്തകന്റെ വേഷത്തിലേയ്ക്ക് നമ്മുടെ പൊലീസ് മാറേണ്ടതുണ്ട്. ആ നിലയിലേയ്ക്ക് ഒരു പൊലീസുകാരന്റെ മനസ്സിനെ പാകപ്പെടുത്തിയെടുക്കുന്നതിന് അവരുടെ പ്രവർത്തനത്തിൽ വരാവുന്ന

# കമ്മ്യൂണിറ്റി പൊലീസിങ്



ചെറിയ വൈകല്യം പോലും സമൂഹത്തിൽ എന്തെന്തു പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെയാണ് പൊലീസ് പരിഷ്കാരങ്ങൾ സർക്കാർ നടപ്പാക്കിയത്.

സമൂഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും വിധം പൊലീസിനെ മാറ്റിയെടുക്കുന്നതോടൊപ്പം കർത്തവ്യനിർവ്വഹണത്തിൽ ഏർപ്പെടുന്ന പൊലീസുകാരന്റെ ജോലിഭാരവും മാനസിക പിരിമുറുക്കവും കുറയ്ക്കാൻ സാധിക്കുകയും വേണം. സേവനമേഖലയിലെ കഠിന നിയന്ത്രണങ്ങൾ പിൻവലിച്ചതും ജോലിസമയവും ജോലിഭാരവും ക്രമമായി കുറച്ചു കൊണ്ടുവരുന്നതും സാമൂഹ്യ പ്രശ്നങ്ങളെയും കുറ്റവാളികളെയും നേരിടാൻവിധം ലാഘവവും പക്വതയുമുള്ള മനസ്സുള്ളവരാക്കി മാറ്റുന്നതും പുതിയ പരിഷ്കാരം നടപ്പാക്കിയതും വളരെ നല്ല ഫലം ഉളവാക്കും.

ഓരോ പൊലീസ് സ്റ്റേഷന്റെയും പരിധിയിൽ വരുന്ന കുടുംബങ്ങളെയും കുടുംബാംഗങ്ങളെയും പറ്റിയുള്ള കൃത്യമായ വിവരങ്ങൾ അതത് പൊലീസ് സ്റ്റേഷനിൽ സൂക്ഷിക്കുക, റസിഡന്റ്സ് അസോസിയേഷനുകളുടെ പരിധിയിൽ വരുന്ന പൊലീസ് സ്റ്റേഷനിലെ ഒരു പൊലീസുകാരൻ വീതം അതത് റസിഡന്റ്സ് അസോസിയേഷനിലെ എക്സിക്യൂട്ടീവ് സമിതിയിൽ അംഗമാകുക എന്നീ ആശയങ്ങൾ കമ്മ്യൂണിറ്റി പൊലീസിങ്ങിൽ അന്തർലീനമായിരിക്കുന്നു. പൊലീസിൽ നിക്ഷിപ്തമായ കർത്തവ്യ നിർവഹണത്തിന് ജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കുന്നതും കമ്യൂണിറ്റി പോലീസിങ്ങിന്റെ ഭാഗമാണ്. തിരുവനന്തപുരം കൊച്ചി നഗരങ്ങളിൽ റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടെ നടത്തുന്ന രാത്രികാല പട്രോളിങ്ങും മറ്റും ഇതിന്റെ ഭാഗമാണ്. പൊലീസുകാരൻ എന്നതിലുപരി സാമൂഹിക പ്രവർത്തകൻ എന്ന വിശേഷണം കൂടി നൽകി പൊലീസിനു പുതിയൊരു പ്രതിഛായ സമൂഹത്തിൽ വളർത്തിയെടുക്കുക എന്നതും കമ്മ്യൂണിറ്റി പൊലീസിന്റെ ലക്ഷ്യമാണ്. സംസ്ഥാന സുരക്ഷാ സമിതി, പൊലീസിനെതിരെയുള്ള പരാതി അന്വേഷിക്കുന്ന വിഭാഗം എന്നിവയെല്ലാം തന്നെ പഴയ പൊലീസ് സംവിധാനത്തെ പരിഷ്കരിച്ച് സാമൂഹ്യ-സംസ്കാരിക വീക്ഷണമുള്ള ഒരു പൊലീസ് സേനയെ വാർത്തെടുക്കുക എന്ന ഈ സർക്കാരിന്റെ ലക്ഷ്യത്തെ സാക്ഷാത്കരിക്കുന്നതിന് സഹായിക്കും. ■

ആർ. വേണുഗോപാൽ

# നെട്ടുകാൽത്തേരിയിൽ ജയിൽ തുറന്നപ്പോൾ

ഇരുമ്പഴിയോ ഇരുട്ടറകളോ കൈവിലങ്ങോ കാൽച്ചങ്ങലയോ ഇല്ല. ലോക്കപ്പും അൺലോക്കും ഇല്ല. ജയിൽ ചാടണമെന്നു വച്ചാൽത്തന്നെ പേരിനുപോലും ഒരു മതിലോ മുള്ളുവേലിയോ ഇല്ല. ഇങ്ങനെയും ഒരു ജയിൽ...

നെയ്യാർ ഡാം പരിസരത്ത് വണ്ടി നിർത്തി നെട്ടുകാൽത്തേരിയിലേക്ക് ഞങ്ങൾ വഴി ചോദിച്ചു. ഒന്നല്ല പലതവണ, ഒരു കൗതുകത്തിന്. 'ഓപ്പൺ ജയിലിലേക്കാണല്ലേ....' എന്ന മറുചോദ്യമായിരുന്നു ഓരോതവണയും ലഭിച്ചത്.

ആ ചോദ്യങ്ങളുടെ അർത്ഥം മനസ്സിലായത് ഓപ്പൺ ജയിലിനു മുന്നിൽ എത്തിയപ്പോഴാണ്. നെയ്യാർ ജലസംഭരണിയും ഏതാനും ആശ്രമങ്ങളും വീടുകളും ഒന്നുരണ്ട് മുറുക്കാൻകടകളും താണ്ടി മുന്നോട്ട് പോയപ്പോൾ റോഡിന് ഇരുപുറവും കാടു മാത്രം. ജയിലിന് അടുത്തെങ്ങും വേറൊരു സ്ഥാപനവുമില്ല. ഒരാളുപോലും ഇല്ല.

'ഓപ്പൺ ജയിൽ-നെട്ടുകാൽത്തേരി' എന്നെഴുതിയ വർത്തുളകമാനത്തിനു കീഴിൽ ഞങ്ങൾ വണ്ടി നിർത്തി. ജയിൽവളപ്പിൽ കടക്കുന്നതിന് അനുവാദം ചോദിക്കണമല്ലോ. എന്നാൽ അവിടെ പാറാവുകാരോ കാവൽപ്പുരയോ ഉണ്ടായിരുന്നില്ല. പാറാവു മാത്രമല്ല, കൂറ്റൻ മതിൽക്കെട്ടോ അടഞ്ഞ കോട്ടവാതിലോ ഇല്ലായിരുന്നു. ജയിൽ സൂപ്രണ്ട് പ്രവേശനാനുമതി നൽകിയിട്ടുണ്ടായിരുന്നെങ്കിലും സന്ദർശക രജിസ്റ്ററിൽ പേരുവിവരം രേഖപ്പെടുത്തുക എന്ന ചടങ്ങു നിർവഹിക്കാൻ അവിടെ അങ്ങനെയൊരു രജിസ്റ്ററും ഇല്ലായിരുന്നു.

മലമടക്കുകളുടെ ഇടയിലൂടെ നീണ്ടു നിവർന്നു കിടക്കുന്ന ടാറിട്ട റോഡ് മുന്നോട്ടുള്ള യാത്രയ്ക്ക് അനുജ്ഞ നൽകി. ഞങ്ങൾ വണ്ടി മുന്നോട്ടെടുത്തു. കഷ്ടിച്ച് ഒരു ഫർലോങ് ഓടിയപ്പോൾ അഞ്ചെട്ടാളുകൾ നടന്നു പോകുന്നതു കണ്ടു. ഉടുപ്പിട്ടവരും ഇടാത്തവരും അക്കൂട്ടത്തിലുണ്ട്. ചിലർ വെള്ളയും മറ്റു ചിലർ നീലയും മുണ്ട് ഉടുത്തിരിക്കുന്നു. ചിലർ തലയിൽ വട്ടക്കെട്ടു കെട്ടി. മറ്റു ചിലർ തോർത്ത് അലസമായി കഴുത്തിൽ ചുറ്റി. എല്ലാവരുടെയും തോളിൽ മമ്മട്ടി ചാരിയിട്ടുണ്ട്. മുട്ടോളം ചെളിപറ്റിയിരിക്കുന്നു. അവർ പണിസ്ഥലത്തു നിന്ന് മടങ്ങുകയാണെന്ന് വ്യക്തമായി.

വണ്ടി നിർത്തി, അവർ ജയിലിലെ പണിക്കാരാണോ എന്ന് തിരക്കി. ചിരിച്ചു കൊണ്ടായിരുന്നു മറുപടി. "അല്ല, ഞങ്ങൾ തടവുപുള്ളികളാണ്."

"അപ്പോൾ പോലീസും അകമ്പടിയും....."

"ഇല്ല അതൊന്നും ഇവിടെ ഇല്ല." വീണ്ടും ചിരി.

"നിങ്ങൾ ചാടിപ്പോവുകയില്ലേ?"

"ഇല്ല. അതിന്റെ ആവശ്യം ഇവിടെ ഇല്ല."

ആവശ്യമില്ലെന്ന് ഞങ്ങൾക്കും ബോധ്യപ്പെട്ടു. എന്നാൽ അതിന് മണിക്കൂറുകളെടുത്ത് ജയിൽ മുഴുവൻ ചുറ്റിക്കറങ്ങി കാണേണ്ടി വന്നു. ജയിലിനെപ്പറ്റി ഞങ്ങൾക്കുണ്ടായിരുന്ന എല്ലാ ധാരണകളും സങ്കല്പങ്ങളും ഓപ്പൺ ജയിലിൽ തെറ്റി.



ചിത്രങ്ങൾ : സി.എസ്. രവികുമാർ

അവിടെ ഇരുമ്പഴിയോ കരിങ്കൽ ചുമരുകളോ ഇരുട്ടറകളോ ഏകാന്തതയുടെയും അന്യതയുടെയും ഭീതിയുണർത്തുന്ന തുരുത്തുകളോ ഇല്ലായിരുന്നു. കൈവിലങ്ങോ കാൽച്ചങ്ങലയോ ഇല്ല. തമ്മിൽത്തല്ലും തെറിവിളിയും അട്ടഹാസവും ഇല്ല. സൂര്യൻ താഴുമ്പോൾ തഴുതുവീഴുന്ന ലോക്കപ്പോ സൂര്യനു പിന്നാലെ മാത്രം തഴുതെടുക്കുന്ന അൺലോക്കോ ഇല്ല. സെൻട്രൽ പ്രിസണിലേതു പോലെ നിരീക്ഷണ ഗോപുരമോ നിഴലിനെപ്പോലും പിന്തുടരുന്ന വാർഡർമാരോ ഇല്ല. ജയിലുകളെ ആക്ഷേപിക്കുന്നവർ ആരോപിക്കുന്ന 'നടയടി'യോ മറ്റ് 'പൊലീസ് മുറ'കളോ ഇല്ല. ഒട്ടാകെയുള്ളത് രാത്രി ഒൻപത് മണിക്ക് തടവുപുള്ളികളുടെ എണ്ണം എടുക്കും. അത്ര തന്നെ.

നെട്ടുകാൽത്തേരിയിലും തൊട്ടടുത്തുള്ള തേവൻകോട് അനക്സിലുമായി 486 ഏക്കർ കൃഷിയിടമാണ് തുറന്ന ജയിലിനുള്ളത്. രണ്ടിടത്തുമായി ഉദ്ദേശ്യം 320 തടവുപുള്ളികൾ. ഇത്രയും പേരെ പരിപാലിക്കാൻ വെറും 25 വാർഡർമാർ! കണക്കുനോക്കിയാൽ ഇരുപത്തഞ്ചോ മുപ്പതോ തടവുപുള്ളികളെ നിരീക്ഷിക്കാൻ ഒരു വാർഡൻ മാത്രമാണുള്ളത്. ഓരോ തടവുപുള്ളിയും അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വലുപ്പം ഈ കണക്കിലുണ്ട്.

ഒരു ഹോസ്റ്റൽ പോലെ, അല്ലെങ്കിൽ ആശുപത്രി വാർഡ് പോലെ, അതുമല്ലെങ്കിൽ അടച്ചുകെട്ടുള്ള പഴയ പള്ളിക്കൂടം പോലെ നാലഞ്ച് ഡോർമിറ്ററികൾ. അതിൽ ഇരുവശവും നിരനിരയായി കട്ടിലുകൾ. അവിടെ 'സർവസ്വതന്ത്ര'രായി വട്ടംകൂടിയും വെടിപറഞ്ഞും കുറെ ആളുകൾ.

മിക്കവാറും എല്ലാവരും കൊലക്കേസിൽ ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്നവർ. സെൻട്രൽ പ്രിസണിൽ മൂന്നോ നാലോ വർഷം കിടന്ന ശേഷം സൽസ്വഭാവികളെന്നും ചെയ്ത തെറ്റിൽ പശ്ചാത്തപിക്കുന്നവരെന്നും ശിക്ഷാ കാലാവധി കഴിഞ്ഞ് പുറത്തുപോകുമ്പോൾ വീണ്ടും കുഴപ്പമുണ്ടാക്കില്ലെന്ന് ഉറപ്പുള്ളവരെന്നും അധികാരികൾക്ക് ബോധ്യം വന്നവർ. മിക്കവരും സാഹചര്യം കൊണ്ട് കുറ്റവാളി ആയവർ; ക്രിമിനൽ മാനസികാവസ്ഥ ഇല്ലാത്തവർ; കുടുംബത്തെപ്പറ്റിയോർത്ത് ഉള്ളു തേങ്ങുന്നവർ. കൂലിപ്പണിക്കാരൻ മുതൽ പബ്ലിക് പ്രോസിക്യൂട്ടർ വരെ ഇതിൽപ്പെടുന്നു.

തുറന്ന ജയിലിന്റെ അന്തസ്സത്ത പാലിക്കാത്തവരെ അപ്പോൾത്തന്നെ സെൻട്രൽ പ്രിസണിലേക്ക് മടക്കി അയയ്ക്കും. പിന്നീടൊരിക്കലും തുറന്ന ജയിൽ അവർക്കായി തുറക്കുകയില്ല.

ഇവിടെ ആരുടേയും മുഖം വരിഞ്ഞു മുറുകി കാണുന്നില്ല. അനായാസതയും ലാഘവവും ഓരോ മുഖത്തും നിറഞ്ഞു നിൽക്കുന്നു.

ജീവപര്യന്തം തടവുശിക്ഷ 14 വർഷം പൂർത്തിയാക്കിയ 32 പേരും അതിനു താഴെയുള്ള ശിക്ഷാ കാലാവധി പൂർത്തിയാക്കിയ ഏഴുപേരും ഇവിടെയുണ്ട്. ഇത്രയൊക്കെ സ്വാതന്ത്ര്യം ഉണ്ടെങ്കിലും ഇവിടെ നിന്ന് ആരും ജയിൽ ചാടാറില്ല. ഇനി ചാടണമെന്നു വച്ചാൽത്തന്നെ അങ്ങനെയൊരു സാഹസം കാട്ടാൻ പേരിനുപോലും ഒരു മതിലോ മുള്ളുവേലിയോ ഇവിടെയില്ല. കണ്ണെത്താത്ത മലമടക്കുകൾക്കപ്പുറത്തും തുറന്ന ജയിൽ അക്ഷരാർത്ഥത്തിൽ തുറന്നുതന്നെ കിടക്കുന്നു.




കൃഷിയിടങ്ങളിൽ അങ്ങിങ്ങ് കൊച്ച് ഓലപ്പുരകൾ കെട്ടിയിരിക്കുന്നതു കാണാം. രാത്രിയിൽ കൃഷിക്ക് കാവൽ കിടക്കാനുള്ള പുരകളാണവ. രണ്ടുപേർ വീതമാണ് കാവൽ. വിളവുകൾ മ്ലാവ്, കാട്ടുപന്നി തുടങ്ങിയവ കുത്തിമറിക്കാതെ കാക്കാനാണ് പുള്ളികൾ കാവൽ കിടക്കുന്നത്. അപ്പോഴും ആരും ചാടിപ്പോകുന്നില്ല.

എല്ലാ ദിവസവും തടവുപുള്ളികൾക്ക് ജോലി ചെയ്യാം. അത് കാടു വെട്ടൽ ആവാം,റബ്ബർപണി ആവാം, കപ്പനടീൽ ആവാം, പച്ചക്കറി കൃഷി ആവാം, എരുമ വളർത്തൽ ആവാം, പശുവിനെയോ ആടിനെയോ മേയ്ക്കൽ ആവാം, അടുക്കളപ്പണി ആവാം, തെങ്ങുകയറ്റം ആവാം, മറ്റെന്തുമാവാം. സെൻട്രൽ പ്രിസണിലേതിനേക്കാൾ ഉയർന്ന കൂലിയാണ് ഇവിടെ നൽകുന്നത്. കിട്ടുന്ന പണം വീട്ടിലേക്കയച്ചു കൊടുക്കാം. അല്ലെങ്കിൽ വാസനസോപ്പോ ആഫ്റ്റർ ഷേവ് ലോഷനോ വാങ്ങാം. മിക്കവരുടേയും വീടുകളിൽ വാരിത്തിന്നാൻ ഇല്ലെങ്കിലും വയറ് പൊരിയാതെ കഴിയുന്നത് ഇവർ അയയ്ക്കുന്ന ആയിരമോ ആയിരത്തി ഇരുന്നൂറോ രൂപാ കൊണ്ടാണെന്ന് ഒരു തടവുപുള്ളി പറഞ്ഞു. ഇതിലൂടെ പുള്ളികളെ കർമോന്മുഖരാക്കുകയാണ് ചെയ്യുന്നത്. മടിയന്റെ മനസ്സ് ചെകുത്താന്റെ പണിശാലയാകുമെന്നാണല്ലോ പഴമൊഴി. ഓരോരുത്തരുടേയും മനസ്സിലുള്ള ചെകുത്താനെ ആട്ടിയോടിക്കാനും ജോലിയും കൂലിയും സഹായിക്കും. ക്രിമിനൽ സൈക്കോളജിയിലെ ഒരു പാഠമാണത്. ഒരേ സമയം അവരെ ആഗ്രഹിപ്പിക്കുകയും അതനുസരിച്ച് രൂപപ്പെടുത്തുകയും ചെയ്യുക. ഒരുതരം സോഷ്യൽ കണ്ടീഷനിങ് നടത്തുകയാണിതിലൂടെ.

ഇനി ജോലി ചെയ്തില്ലെങ്കിലോ? വേണ്ട. ആരും നിർബന്ധിക്കില്ല. പക്ഷേ, കൂലി കിട്ടില്ലെന്നുമാത്രം. അതുകൊണ്ടു തന്നെ എല്ലാവരും പണിയെടുക്കുന്നു.

പുള്ളികൾ സ്വതന്ത്രരാണെന്ന് പറയാമെങ്കിലും അദൃശ്യമായ കുറെ കടിഞ്ഞാണുകൾ അവിടെ നിറഞ്ഞിട്ടുണ്ടെന്നതാണ് വാസ്തവം. ഉദാഹരണത്തിന്, പുലർച്ചെ 5.45ന് ആദ്യത്തെ മണി മുഴങ്ങും. ആ സമയത്ത് എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ ചെയ്യണം. ഏഴിന് മണി അടിക്കുമ്പോൾ പണിക്കിറങ്ങണം. 12 മണിക്ക് തിരിച്ചുകയറിയാൽ പിന്നെ ഭക്ഷണവും വിശ്രമവും. രണ്ട് മുതൽ നാല് വരെ വീണ്ടും പണി. അതു

കഴിഞ്ഞാൽ പത്രം വായിക്കാം. ടി.വി. കാണാം. രാത്രി 9.30ന് കിടക്കണം.

സമയം പാലിക്കാൻ അധികാരികൾ നിർബന്ധിക്കാറില്ല. എന്നാൽ രാവിലെ ഏഴ് മണി കഴിഞ്ഞാൽ പിന്നെ ആർക്കും ഭക്ഷണം കിട്ടില്ല. അതിനാൽ ഏഴിന് മുൻപ് കഴിച്ചിരിക്കണം. ഇല്ലെങ്കിൽ വിശന്നിരിക്കേണ്ടിവരും. ഈ രീതിയിലാണ് കടിഞ്ഞാണുകൾ എറിഞ്ഞിരിക്കുന്നത്. പുള്ളികൾ കൃഷി ചെയ്യുന്നു, വിളവെടുക്കുന്നു, അവർതന്നെ ഭക്ഷണം പാകം ചെയ്യുന്നു. വിളമ്പുന്നു, കഴിക്കുന്നു. അപ്പോഴൊന്നും ചിട്ട തെറ്റുന്നില്ല. ആരും തെറ്റിക്കുന്നില്ല. കടിഞ്ഞാൺ ഉണ്ടായിട്ടല്ല. എങ്കിലും കാര്യങ്ങൾ ചാടിനു പുറത്താവുന്നില്ല.

സെൻട്രൽ പ്രിസണെ അപേക്ഷിച്ച് ആറുമാസത്തിനുശേഷം ഒരു മാസം ലഭിക്കുന്ന 'ലീവെ'ടുത്ത് പുള്ളികൾക്ക് വീട്ടിൽ പോകാം. പുറമെ വർഷത്തിൽ 15 ദിവസത്തെ ഹോം ലീവും ഇവിടെ എടുക്കാം. കുടുംബാംഗങ്ങൾക്ക് അടിക്കടി വന്നു പുള്ളികളെ കാണാമെന്ന സൗകര്യവും ഇവിടെയുണ്ട്. ഇതൊക്കെ കാരണം ഇവിടെ ആരുടേയും മുഖം വരിഞ്ഞു മുറുകി കാണുന്നില്ല. അനായാസതയും ലാഘവവും ഓരോ മുഖത്തും നിറഞ്ഞു നിൽക്കുന്നു. ഇവിടെ തടവുപുള്ളിയുടെ മനസ്സും ശരീരവും നവീകരിക്കപ്പെടുന്നു. സ്വഭാവ രൂപീകരണത്തിലൂടെ സാമൂഹിക ജീവിതത്തിലേക്ക് അവരെ മടക്കി കൊണ്ടു പോകുന്നു. തൊഴിൽ ചെയ്ത് മാന്യമായി ജീവിക്കാൻ പ്രാപ്തനാക്കുന്നു. ചെയ്ത തെറ്റ് തിരുത്തി നല്ല പൗരനാക്കുന്നതിലൂടെ സമൂഹത്തിന് സ്വീകാര്യനാക്കുന്നു. ഈ രീതിയിലുള്ള ഉദാത്തമായ പ്രക്രിയയാണ് തുറന്ന ജയിലിൽ നടക്കുന്നതെന്ന് സൂപ്രണ്ട് പറഞ്ഞു. കുറ്റവാളിയെ ശിക്ഷിക്കുക മാത്രമല്ല, സംസ്ക്കാരസമ്പന്നനാക്കി നവീകരിക്കുക കൂടിയാണിവിടെ. മാനവികതയുടെ ഉയർന്ന ഭാവമാണ് ഇവിടെ കാണാൻ കഴിയുക.

തുറന്ന ജയിൽ തുറന്നത് 1962 ലാണെങ്കിലും ഈ സർക്കാർ അധികാരമേൽക്കും വരെ അതിന് പരിഗണനയോ പ്രാമുഖ്യമോ നൽകിയിരുന്നില്ല. ഒരു വർഷം മുമ്പു മാത്രമാണ് ആഭ്യന്തര മന്ത്രിയുടെ നിർദേശ പ്രകാരം തുറന്ന ജയിലിനു പുതുജീവൻ നൽകാനുള്ള ശ്രമം ഉണ്ടായത്. ഡി.ജി.പി.(പ്രിസൺ) എം.ജി.എ രാമൻ, ഐ ജി ജി.ബാബുരാജ്, ജയിൽ സൂപ്രണ്ട് എ.ബദറുദീൻ എന്നിവരുടെ കൂട്ടായ ശ്രമങ്ങൾ മാറ്റങ്ങൾക്ക് അടിത്തറയേകി. ■



മനോജ് കെ. പുതിയവിള



# അന്വേഷണവഴികൾ....

തന്ത്രവും ശ്രദ്ധയും ബുദ്ധിയും ഉത്തരവാദിത്തബോധവും കൊണ്ട് മാത്രം കേസുകൾ തെളിയിച്ച പൊലീസിന്റെ പാടവം. അതിനിടയിലും ചില കളങ്കങ്ങൾ...

കുട്ടനാട് പുളിങ്കുന്നാറ്റിലൂടെ തലയില്ലാത്ത ഒരു ശരീരം ഒഴുകിവന്നു; മണിക്കൂറുകൾക്കകം തലയും. രണ്ടും അഴുകി തിരിച്ചറിയാനാവാത്ത അവസ്ഥ.

സംഭവത്തിലെ ദുരൂഹത ബോദ്ധ്യപ്പെട്ട അന്നത്തെ ആലപ്പുഴ ഡിവൈഎസ്പി രവികുമാർ പോസ്റ്റുമോർട്ടം നേരിട്ടുകാണാൻ പോയി. മൃതദേഹം നെഞ്ചിനു താഴെ മുതൽ നാഭിക്കു താഴെ വരെ നീളത്തിൽ കീറിയിരുന്നു. ദേഹം വെള്ളത്തിൽ പൊങ്ങാതിരിക്കാനുള്ള തന്ത്രം. പക്ഷേ, കുടൽ മുറിയാത്തതിനാൽ അതു വീർത്തു ശവം പൊന്തി. ശാസ്ത്രീയമായി അറിവുള്ള സമർത്ഥനായ കൊലയാളിയുടെ നേരിയ പിഴവ്.

മുറിഞ്ഞ കഴുത്തിന്റെ മുകളിലെയും താഴത്തെയും തൊലി നിവർത്തി ചേർത്തുവച്ച് ഉടലും തലയും ഒരാളുടെതുതന്നെ എന്നു ബോദ്ധ്യപ്പെട്ടു.

എങ്കിലും ആളാരെന്നതിന് ഒരു സൂചനയുമില്ല. മുൻവരിപ്പല്ലിന്റെ ഒരു വിടവുകണ്ട്, സൂചികടിച്ചു പിടിക്കുന്ന ശീലമുള്ള തുന്നൽക്കാരനായിരിക്കുമെന്ന് ഊഹിച്ചു. പക്ഷേ തുന്നൽക്കാരെ കാണാതായ പരാതിയൊന്നും നിലവില്ലില്ല. ഏതാനും ദിവസം മുമ്പ് ഹരിപ്പാടുനിന്നു കാണാതായ സോമൻ എന്ന ബാങ്ക് ജീവനക്കാരന്റെ ബന്ധുക്കളെ വരുത്തി കാണിച്ചെങ്കിലും ഫലമുണ്ടായില്ല.

തുമ്പുണ്ടാകാതെ ദിവസങ്ങൾ നീണ്ടപ്പോൾ ജനം ഇളകി. ഇതിനിടെ മറ്റൊരു വിവരം കിട്ടി. തൊട്ടടുത്ത രാമങ്കരി പൊലീസ് സ്റ്റേഷനിലെ എസ്.ഐ സുഗതന്റെ ക്വാർട്ടേഴ്സിൽ രണ്ടു സ്ത്രീകൾ വന്നെന്നും വഴക്കുണ്ടായെന്നുമായിരുന്നു അത്. മറ്റൊരു ഡിവൈഎസ്പിയെ വിട്ട് അന്വേഷിപ്പിച്ചു

ദിവസങ്ങൾക്കുമുമ്പ് ഒരാൾ അവിടെ ചെന്നിരുന്നെന്നും വഴക്കും ബഹളവും ഉണ്ടായെന്നും ഇറങ്ങിയോടിയ അയാളെ നാട്ടുകാരും പൊലീസും ചേർന്നു പിടിച്ചുകൊടുത്തെന്നും അറിഞ്ഞു. അയാൾ ബന്ധുവാണെന്നും ഭ്രാന്താണെന്നും രാവിലെ ചങ്ങനാശ്ശേരിയിലെത്തിച്ചു ബസുകയറ്റി വിട്ടെന്നും സുഗതൻ പറഞ്ഞു.

ആളാരാണെന്നു ചോദിച്ചപ്പോൾ രണ്ടു ദിവസത്തിനകം എത്തിക്കാമെന്നായിരുന്നു മറുപടി. പക്ഷേ, കൊണ്ടുവന്നില്ല.

രാമങ്കരി സ്റ്റേഷനിലെ ബോട്ട് ഡ്രൈവർ കുറച്ചു ദിവസമായി വരുന്നില്ലെന്ന കാര്യവും ഇതിനിടെ ശ്രദ്ധയിൽപ്പെട്ടു. നാട്ടിൽ അന്വേഷിച്ചപ്പോൾ കേട്ടതു കൗതുകകരമായ കഥ:

കള്ളടിച്ചു പൂക്കുറ്റിയായി വീട്ടിൽ ക്കൊണ്ടു പോകാൻ കൂടി കള്ളുചോദിച്ചപ്പോൾ പറ്റില്ലെന്നു പറഞ്ഞ ഷാപ്പുടമയെ അയാൾ വിരട്ടിയത്രെ: ഞാനും എസ്.ഐയും കൂടി ഒരുത്തനെ കൊന്ന് ആറ്റിൽത്തള്ളിയിട്ട് ആരും ഒരു ചുക്കും ചെയ്തില്ല. അറിയമോ......ങാ.....ഞാൻ കാണിച്ചുതരാം.

ആ വീരനെ തപ്പിയെങ്കിലും കിട്ടിയില്ല. കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ ബന്ധുവിനോടൊപ്പമായിരുന്ന ഇയാളെ വേഷം മാറിപ്പോയി പൊക്കി. അയാൾ ചിലതെല്ലാം പറഞ്ഞു.

ഇതിനിടെ മറ്റൊന്നു കൂടി ഉണ്ടായി. മരിച്ചയാൾ ഹരിപ്പാട്ടുനിന്നും കാണാതായ സോമനാണെന്നു തിരിച്ചറിഞ്ഞതാണത്. സോമന്റെ സുഹൃത്തായ ഒരു എസ്.ഐയാണ് പല്ലിന്റെ വിടവുവച്ച് തിരിച്ചറിഞ്ഞത്. ജെംക്ലിപ്പ് കടിച്ചു പിടിക്കുന്നതുവഴി ഉണ്ടായതാണത്രെ വിടവ്.

പക്ഷേ സോമന്റെ മരണവും രാമങ്കരിയിലെ സംഭവങ്ങളുമായി ബന്ധമുണ്ടോ? സോമന്റെ ഒരു ഫോട്ടോ സംഘടിപ്പിച്ച് രാമങ്കരിക്കാരെ കാണിച്ചു. സുഗതന്റെ ക്വാർട്ടേഴ്സിൽ വന്നു ബഹളമുണ്ടാക്കിയ ആളാണെന്ന് അവർ തിരിച്ചറിഞ്ഞു.

ബോട്ടുഡ്രൈവർ ഒടുവിൽ എല്ലാം തുറന്നു പറഞ്ഞു. ശവം കുളിമുറിയിൽ ഒളിപ്പിച്ചതും കൊല്ലന്റെ അടുത്തുപോയി കത്തി മൂർച്ചകൂട്ടിയതും അതുകൊണ്ടു തലയറുത്തതും വയറുകീറിയതും ഉടലും തലയും വസ്ത്രങ്ങളും മൂന്നിടത്തു കൊണ്ടുപോയിട്ടതുമെല്ലാം.

ബോട്ടിൽക്കയറവെ എസ്.ഐയുടെ കാലിനുപറ്റിയ മുറിവിൽ അടുത്തുള്ള ക്ലിനിക്കിൽ മരുന്നു വച്ചുവെന്നും അയാൾ പറഞ്ഞു. കൊല്ലനെയും ക്ലിനിക്ക് അധികൃതരെയും സാക്ഷികളാക്കി. ഡ്രൈവറെ മാപ്പുസാക്ഷിയും. ഇവരുടെ മൊഴികൾ സമയം തെളിയിക്കാനേ ഉപകരിച്ചിട്ടുള്ളൂ. ബാക്കി മുഴുവൻ ശാസ്ത്രീയമായ തെളിവുശേഖരണമായിരുന്നു.

വസ്ത്രങ്ങൾ വീണ്ടെടുക്കാൻ മുങ്ങൽ വിദഗ്ധരെ വരുത്തി. ഒരു കല്യാണവീഡിയോയിൽ നിന്ന് സോമന്റെ പല്ലിന്റെ വിടവ് ഒത്തുനോക്കി. ഷേവിങ് പെട്ടിയിലെ സോപ്പിൽ പറ്റിയിരുന്ന മുടിയും ശവത്തിലെ മുടിയും രാസപരിശോധനയിൽ താരതമ്യം ചെയ്തു. തലയോട്ടി ഫോട്ടോയുമായി സൂപ്പറിമ്പോസ് ചെയ്തു.

ഇതെല്ലാം മികച്ച തെളിവുകളായതോടെ എസ്.ഐ സുഗതൻ പതറി. കഥ മുഴുവൻ വിവരിച്ചു.

സോമനും സുഗതനും സുഹൃത്തുക്കളായിരുന്നു. സുന്ദരിയായ ഒരു യുവതിയുമായി സോമൻ അടുപ്പത്തിലായിരുന്നു. അടുത്ത വീട്ടിൽ ജോലിക്കാരിയായിരുന്ന ഇവളെ സുഗതൻ സ്വാധീനിച്ചു; ഭാര്യയുമാക്കി. അനധികൃത 'ഭാര്യമാരി'ൽ ഒരാൾ.

ഇതിനിടെ സോമനു നല്ലൊരു കല്യാണം ഒത്തു വന്നു. പൂർവ്വ കാമുകിയുടെ പക്കലുണ്ടായിരുന്ന കത്തുകളും ഫോട്ടോയും മടക്കി വാങ്ങാനാണ് സോമൻ സുഗതന്റെ വീട്ടിലെത്തിയത്. എന്നാൽ സുഗതൻ വൻ തുക വിലപേശി. ഇതാണു പ്രശ്നമായത്. കൊല്ലപ്പെട്ട സോമനെ ശാസ്ത്രീയമായി മറവുചെയ്യുകയായിരുന്നു.

അടുത്തിടെ ഡിവൈഎസ്പി ഷാജി നടത്തിയ കൊലപാതകം ഇതിന്റെ മികച്ച പുനരാവിഷ്കാരമായിരുന്നു. പൊലീസുദ്യോഗസ്ഥർ സമർത്ഥമായി ചെയ്ത കുറ്റങ്ങൾ പൊലീസ് തന്നെ അതിസമർത്ഥമായി തെളിയിച്ചത് കേരളപൊലീസിന്റെ കഴിവും വിശ്വാസ്യതയും ഏറെ ഉയർത്തിയ സംഭവങ്ങളാണ്.

സുവർണ ജൂബിലി ആഘോഷിക്കുന്ന കേരള പൊലീസിന് അഭിമാനിക്കാൻ ബുദ്ധിയും സാമർത്ഥ്യവും ശാസ്ത്രീയാന്വേഷണവൈദഗ്ധ്യവും കൊണ്ടു തെളിയിച്ച ഇത്തരം എത്രയോ കേസുകളുണ്ട്!

ഇവയിൽ പലതുകൊണ്ടും ശ്രദ്ധേയമായ കേസാണ് തിരുവല്ല കരിക്കൻവില്ല ദമ്പതി വധക്കേസ്. 'മദ്രാസിലെ മോൻ' എന്ന സിനിമപോലും ഇതിനെ അടിസ്ഥാനമാക്കി വന്നതാണ്. പത്രങ്ങൾ വാർത്തകൾ സെൻസേഷണലൈസു ചെയ്തു തുടങ്ങുന്ന കാലത്താണ് സംഭവം. ഇന്ന് വിജിലൻസ് അഡീഷണൽ ഡിജിപിയായ സിബി മാത്യു ആ കേസിന്റെ അന്വേഷണത്തിൽ പ്രകടിപ്പിച്ച സാമർത്ഥ്യത്തിന്റെ പേരിലാണ് ആദ്യം ശ്രദ്ധിക്കപ്പെടുന്നത്. സർവ്വീസിൽക്കയറി ആറു മാസത്തിനുള്ളിലായിരുന്നു അത്.

1980 ഒക്ടോബർ ആറിനായിരുന്നു അത്. മീന്തലക്കര എന്ന സ്ഥലത്തെ കരിക്കൻവില്ല വീടുവാങ്ങി താമസിച്ചുവന്ന മക്കളില്ലാത്ത ഗൾഫുമലയാളികൾ കൊല്ലപ്പെട്ടതായിരുന്നു സംഭവം. കെ.സി.ജോർജും കുഞ്ഞമ്മ എന്നു വിളിക്കുന്ന റേച്ചലും. ദൃക്സാക്ഷികളില്ല. രാവിലെ വന്ന ജോലിക്കാരിയാണ് ആദ്യം കാണുന്നത്.

തിരുവല്ല പൊലീസ് കേസെടുത്തു. രണ്ടു മൂന്ന് ദിവസമായിട്ടും ഒരു സൂചനയുമില്ല. ആരുമായും ഒരു ബന്ധവുമില്ലാതെ ജീവിച്ച ദമ്പതിമാരുടെ എന്തെല്ലാം സ്വത്തുക്കൾ നഷ്ടപ്പെട്ടു എന്നു പോലും അറിയാൻ മാർഗ്ഗമില്ല. ആ മേഖലയിൽ സ്വാധീനമുള്ള പ്രമുഖ പത്രം വാർത്ത സെൻസേഷണലൈസു ചെയ്തു പരമ്പരയും തുടങ്ങിയതോടെ കേസ് രാഷ്ട്രീയവത്ക്കരിക്കപ്പെട്ടു. ഉടൻ കുറ്റക്കാരെ പിടിക്കണമെന്ന് ആഭ്യന്തരമന്ത്രി ടി.കെ.രാമകൃഷ്ണൻ നിർദ്ദേശിച്ചു. ആലപ്പുഴ എസ്.പി.യും ജില്ലയിലെ ഏതാണ്ടെല്ലാ ഉദ്യോഗസ്ഥരും സ്ഥലത്തു ക്യാമ്പു ചെയ്ത് അന്വേഷണം തുടങ്ങി. അപ്പോഴേക്കും അഞ്ചു ദിവസമായി.

ഇതിനിടെ അഭ്യൂഹങ്ങൾ പലതും പരന്നു. കുപ്രസിദ്ധനായ നാട്ടകം സിദ്ധന്റെ ആൾക്കാരാണ്, വലിയ നഗരങ്ങളിലെ വൻ കൊള്ളക്കാരാണ്, മലബാറുകാരാണ്, തമിഴ്നാട്ടുകാരാണ് എന്നിങ്ങനെ. എന്നാൽ മുൻപരിചയമില്ലാത്ത ചെറുപ്പക്കാരാകാനാണ് സാദ്ധ്യതയെന്ന് സിബി മാത്യു അഭിപ്രായപ്പെട്ടു. ജോർജിന്റെ ദേഹത്തുടനീളം കുത്തിയതും കുഞ്ഞമ്മയെ കുത്താൻ കറിക്കത്തി ഉപയോഗിച്ചതും രക്തത്തിൽ ചവിട്ടിയ ഷൂസിന്റെ പാടു പലയിടത്തും പതിഞ്ഞതും ആ പാടിലെ ഡിസൈനുമൊക്കെ ഈ വാദത്തിനു പിൻബലമായി ചൂണ്ടിക്കാട്ടുകയും ചെയ്തു. ഷൂസിന്റെ പാറ്റേൺ കോട്ടയത്തും എറണാകുളത്തുമൊക്കെ കാണിച്ചിട്ടും കച്ചവടക്കാർക്ക് ഏതു കമ്പനിയെന്നു പറയാൻ കഴിയാത്തത് പുറത്തുനിന്നുവന്ന പണക്കാരായ ആരോ ആണെന്ന ചിന്ത ബലപ്പെടുത്തി. സാഹചര്യത്തെളിവുകൾ തന്റെ വാദത്തിന് ഇണങ്ങുന്നതാണെന്നു കണ്ടാണ് അന്വേഷണച്ചുമതല എസ്.പി.ഗോപിനഥൻ ചെങ്ങനൂർ എസ്.പി. ആയിരുന്ന തന്നെ എല്പിച്ചതെന്ന് സിബി മാത്യു അനുസമരിച്ചു.

അഞ്ചാം ദിവസം ജോലിക്കാരിയെ വീണ്ടും ചോദ്യം ചെയ്തപ്പോഴാണ് ഏക സൂചന കിട്ടുന്നത്– അന്നു വൈകിട്ട് പണി കഴിഞ്ഞു പോകാൻ തുടങ്ങുമ്പോൾ കാറിൽ നാലുപേർ വന്നിരുന്നുവെന്ന്. 'മദ്രാസിലെ മോനും കൂട്ടുകാരും' എന്നു മാത്രമേ കുഞ്ഞമ്മ പറഞ്ഞുള്ളൂ. രണ്ടുപേരുടെയും ബന്ധുക്കളെയും അവരുടെ മക്കളെയും പറ്റിയുള്ള വിവരം മുഴുവൻ ശേഖരിച്ചു. അവരിൽ ആരാണു മദ്രാസിലെന്ന് തെര



ഞ്ഞു. ഡൽഹിയിലുള്ള അകന്ന ഒരു ബന്ധുവിന്റെ മക്കളിലൊരാൾ മദ്രാസിൽ എൻജിനീയറിങ്ങിനു പഠിക്കുന്നതായി അറിഞ്ഞു. ഉടൻ ഒരു പൊലീസ് സംഘം അങ്ങോട്ടുപോയി. ചലച്ചിത്ര നടന്മാരായ സോമനും ജനാർദ്ദനനുമൊക്കെ മലയാളികളിൽ നിന്നു വിവരങ്ങൾ ശേഖരിക്കാൻ സഹായിച്ചതായി അന്വേഷണോദ്യോഗസ്ഥർ ഓർക്കുന്നു.

പാരീസ് കോർണറിനടുത്ത് മയക്കുമരുന്ന് കേന്ദ്രമായ അർമീനിയൻ സ്ട്രീറ്റിൽ നിന്ന് മൂന്നു നാലു പേർ കാറുമായി എവിടെയോ പോയിരുന്നതായും ഓരാൾ കോട്ടയത്തുകാരാനാണെന്നും വിവരം കിട്ടി. കാത്തിരുന്ന് മൂന്നുപേരെ പിടികൂടി–റെനി ജോർജ്, മലേഷ്യക്കാരൻ ഗുണശേഖരൻ, മൗറീഷ്യസുകാരൻ ഹസൻ ഗുലാം മുഹമ്മദ്. കെനിയക്കാരൻ കിബ്‌ലോ ദാനിയലിനെ 15 ദിവസം കഴിഞ്ഞാണു കിട്ടിയത്. 75 പവന്റെ സ്വർണ്ണവും റോളക്സ് വാച്ചും കണ്ടെടുത്തു. സംഭവം നടന്നു പത്തു ദിവസത്തിനകം കേസുതെളിഞ്ഞു.

അവർ കുറ്റം സമ്മതിച്ചു. ധൂർത്തടിക്കാൻ പണത്തിനായി തന്നോട് പുത്രവാത്സല്യമുള്ള അവരെ കരുതിക്കൂട്ടി കൊന്നതാണ്. അതും തങ്ങളെ സൽക്കരിക്കാൻ വിരുന്നൊരുക്കുന്നതിനിടെ. അടുക്കളയിലായിരുന്ന റേച്ചലിനെ ഫ്രിഡ്ജിലിരുന്ന വെള്ളം നിറച്ച കുപ്പികൊണ്ടടിച്ചു വീഴ്ത്തി കറിക്കത്തികൊണ്ടു കുത്തിക്കൊല്ലുകയായിരുന്നു. സ്വീകരണമുറിയിലിരുന്ന ജോർജിനെ റെനി പിടിച്ചുകൊടുക്കുകയായിരുന്നു. എതിർത്ത ജോർജിനെ തുരുതുരാകുത്തി.

അവർ മരിച്ചു എന്ന് ഉറപ്പാക്കണമായിരുന്നു. കാരണം, തങ്ങളെ തിരിച്ചറിയാവുന്നവരല്ലേ. അതുറപ്പാക്കിയിട്ടണ് ആഭരണവും പണവും കവർന്ന് തിരിച്ചുപോയത്.

ദൃക്സാക്ഷികളില്ലാത്ത കേസിന് ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ ശക്തമായ സാഹചര്യത്തെളിവുകൾ കണ്ടെത്തേണ്ടിയിരുന്നു. അതിൽ കൈവരിച്ച വിജയമാണ് ഈ കേസിന് ധാരാളം നിയമപ്രസിദ്ധീകരണങ്ങളിൽ ഇടം നേടിക്കൊടുത്തത്.

രക്തക്കറയിലെ ഷൂസുകളുടെ പാടും വിരലടയാളങ്ങളും ഫോറൻസിക് വിദഗ്ധർ പിരശോധിച്ചു. വിലപിടിച്ച ഷൂസായതിനാൽ പ്രതികൾ അവ ഉപേക്ഷിക്കാൻ ചിന്തിച്ചില്ല. കാർ വന്ന വഴിയും പെട്രോളടിച്ച പമ്പും പുറപ്പെട്ടതും തിരിച്ചെത്തിയതുമായ സമയവുമെല്ലാം കൃത്യമായി നാക്ഷ്യപ്പെടുത്തി. ജോർജിനെ കുത്തുന്നതിനിട തെറ്റിക്കൊണ്ട് റെനിയുടെ കൈ മുറിഞ്ഞിരുന്നു. ഇതു ഡ്രസ് ചെയ്ത കോട്ടയത്തെ നഴ്സിങ് ഹോമുകാരും സ്ക്ഷികളായി.

ഇന്ന് ലോകായുക്തയായ ജ.കെ.ശ്രീധരനായിരുന്നു അന്ന് കോട്ടയം ജില്ലാജഡ്ജി. എല്ലാവർക്കും ജീവപര്യന്തം കഠിനതടവു വിധിച്ചു. ഹൈക്കോടതിയും സുപ്രീംകോടതിയും ശിക്ഷ ശരിവച്ചു. പിന്നീടു മാനസാന്തരം വന്ന റെനി ഇന്ന് തടവുകാർക്കു സേവനങ്ങൾ ചെയ്യുന്ന സന്നദ്ധപ്രവർത്തകനാണ്.

പിന്നീടിങ്ങോട്ടുള്ള പലകേസിലും ഫോറൻസിക് സയൻസ് അടക്കമുള്ള ആധുനികസങ്കേതങ്ങൾ ഗണ്യമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഏറെ മാധ്യമ ശ്രദ്ധനേടി രാഷ്ട്രീയ കോലാഹലം സൃഷ്ടിച്ച ഏറ്റുമാനൂർ വിഗ്രഹ മോഷണക്കേസ്, കേരള സർവ്വകലാശാലയിൽ നടന്ന പ്രീഡിഗ്രി മാർക്കു തട്ടിപ്പു കേസ് തുടങ്ങി സമീപകാലത്തു നാം അറിയുന്ന പല കേസുകളും ഇതിന് ഉദാഹരണമാണ്. കുറ്റവാളികളുടെ വൈദഗ്ധ്യവും ആസൂത്രണവും ഒപ്പത്തിനൊപ്പം ഉയരുന്നു എന്നു മാത്രം.

കമ്പിപ്പാര പൊതിഞ്ഞുകൊണ്ടുവന്ന ഒരു നോട്ടുബുക്കു കടലാസു ക്ഷണത്തിൽ കണ്ട വിദ്യാർഥിനിയുടെ മേൽവിലാസമാണ് കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിൽ നടന്ന ക്ഷേത്രമോഷണത്തിനു പിന്നിൽ തിരുവനന്തപുരം ജില്ലയുടെ തെക്കേയറ്റത്തുള്ള നെയ്യാറ്റിൻകരയ്ക്കടുത്ത കൊറ്റാമത്തുകാരായ ക്രിമിനലുകളിലേക്ക് അന്വേഷണം എത്തിച്ചതെന്ന് കേസ്ഡയറി സാക്ഷ്യപ്പെടുത്തുവന്നു. മറ്റൊരു കേസിൽ പിടിയിലായ സ്റ്റീഫൻ എന്ന മോഷ്ടാവ് അങ്ങനെയാണ് കുറ്റം സമ്മതിക്കാൻ ഇടയായത്. ക്രൈം ബ്രാഞ്ച് എസ്.പി.ആയിരുന്ന എസ്.കെ.വിശ്വംഭരന്റെ നേതൃത്വത്തിലാണ് കോട്ടയത്ത് കേസന്വേഷണം നടന്നത്.

വ്യാജമാർക്കുലിസ്റ്റ് കേസിലും വ്യാജ സർട്ടിഫിക്കറ്റിന്റെ കടലാസ്, അതിൽ അച്ചടിച്ച അക്ഷരം അതിൽ പതിച്ച സീൽ എന്നിവ സൂക്ഷ്മ പരിശോധനയിൽ സർവ്വകലാശാലയുടെ ഒറിജിനൽ സർട്ടിഫിക്കറ്റിന്റേതിൽ നിന്നു വ്യത്യസ്തമാണെന്ന് ഫോറൻസിക് പരിശോധനയിൽ കണ്ടതാണ് കേസിനു ശക്തമായ തെളിവായത്.

സുകുമാരക്കുറുപ്പ് സംഭവമാണ് ഇത്തരത്തിൽപ്പെട്ട മറ്റൊന്ന്. മാവേലിക്കരയ്ക്കടുത്ത് തണ്ണിമുക്കം എന്ന സ്ഥലത്ത് റോഡരികിലെ പാടത്ത് കാറു കത്തി അതോടിച്ചിരുന്ന ഉടമ സുകുമാരക്കുറുപ്പ് വെന്തു മരിച്ചു എന്നായിരുന്നു കേസ്.

കാറു കത്തിയ സ്ഥലത്തു പുൽത്തകിടിയിൽ പെട്രോൾ കണ്ടതും ഒരു കൈയ്യുറയുടെ കരിഞ്ഞ ഭാഗം കണ്ടതും കൊലപാതകമാണെന്ന സംശയം ആദ്യമേ ഉണർത്തി.

കുറുപ്പിന്റെ വീട്ടിൽ അന്നു രാത്രി ഇറച്ചിക്കറികൂട്ടി ഊണൊരുക്കിയതും അളിയൻ ഭാസ്കരപ്പിള്ളയുടെ കൈയിൽ പൊള്ളൽ കണ്ടതുമാണ് സംശയമുണർത്തിയത്. അന്നൊക്കെ അവിടങ്ങളിൽ ഇറച്ചിക്കറി അപൂർവ്വമായി മാത്രമേ വയ്ക്കുമായിരുന്നുള്ളൂ.


സുകുമാരക്കുറുപ്പല്ല കൊല്ലപ്പെട്ടതെന്ന് ഈ നിരീക്ഷണങ്ങൾ സൂചന നല്കിയതോടെ കാണാതായവരെപ്പറ്റി അന്വേഷിച്ചു. ഹരിപ്പാട്ടു നിന്നുവന്ന ഒരാൾ, മരിച്ചത് തന്റെ സഹോദരനായ ഫിലിം റെപ്രസന്റേറ്റീവ് ചാക്കോയാണെന്നു സംശയം പ്രകടിപ്പിച്ചു. അണ്ടർവെയറിന്റെ ഭാഗം ഭാര്യ തിരിച്ചറിയുകയും ചെയ്തു.

ചാക്കോയാണു മരിച്ചതെന്നു തെളിയിക്കാൻ ഉപയോഗിച്ച വിദ്യ മൃതദേഹത്തിന്റെ തലയോട്ടിയും ചാക്കോയുടെ ഫോട്ടോയും സൂപ്പർ ഇമ്പോസു ചെയ്ത് താരതമ്യം ചെയ്യലായിരുന്നു. സുകുമാരക്കുറുപ്പിന്റെ ഭാര്യവീട്ടിലെ കുളിമുറിയിൽ മാറാലയിൽ കരി കണ്ടതും കരിഞ്ഞ മുടി കണ്ടതും ഫോറൻസിക് പരിശോധനയ്ക്കു വിധേയമാക്കി. ആളെ തിരിച്ചറിയാതിരിക്കാൻ കുളിമുറിയിൽ വച്ചു മുഖം കരിച്ചതായി ഇതോടെ വ്യക്തമായി. ഫോറൻസിക് വിദഗ്ധൻ ഡോ.മുരളീകൃഷ്ണയാണ് ഈ പരിശോധനകൾ നിർവ്വഹിച്ചത്. കേസന്വേഷണത്തിനു നേതൃത്വം നല്കിയത് അന്നു ചെങ്ങന്നൂർ ഡി.വൈഎസ്.പി ആയിരുന്ന, പിന്നീട് സൂപ്രണ്ടായി വിരമിച്ച പി.എം.ഹരിദാസും.

സംഭവത്തിൽ ഉൾപ്പെട്ട ഡ്രൈവർ പൊന്നപ്പന്റെ നീക്കങ്ങൾ പിൻതുടർന്ന് സുകുമാരക്കുറുപ്പ് താമസിച്ച ആലുവയിലെ ലോഡ്ജ് കണ്ടത്തുകയും അവിടെ അയാൾ രജിസ്റ്ററിൽ എഴുതിയ കൈപ്പട തിരിച്ചറിയുകയുമൊക്കെ ഉണ്ടായി. അതിസമർത്ഥമായി അന്വേഷിച്ചു സത്യം കണ്ടെത്തിയ കേസാണെങ്കിലും കുറുപ്പിനെ പിടിക്കാൻ കഴിയാതെ പോയത് ഇന്നും തീരാക്കളങ്കമായി പൊലീസിനുമേൽ നില്ക്കുന്നു.

1970 ൽ തിരുവനന്തപുരത്തിനടുത്തു തുമ്പയിൽ ഐഎസ്ആർഒയ്ക്ക് സമീപത്തുനിന്ന് ഒരു വൃദ്ധയെ കാണാതായ സംഭവം കൗതുകമുണർത്തിയ ഒന്നാണ്. വൈകിട്ടു ചന്തയിൽപ്പോയ വൃദ്ധ മടങ്ങിവന്നില്ല. ഒരു സിപിഐ നേതാവിന്റെ അമ്മ





യായിരുന്നു അവർ. അതും അച്യുതമേനോന്റെ ഭരണകാലത്ത്. പൊലീസിനുമേൽ കടുത്ത സമ്മർദ്ദമായി. പക്ഷേ ഒരു സൂചനയും കിട്ടാനില്ല.

നക്സൽ കേസുകൾ അടക്കമുള്ള സെൻസേഷണൽ കേസുകൾ അന്വേഷിക്കാനായി അന്നത്തെ എസ്.പി. ജയറാം പടിക്കലിന്റെ നേതൃത്വത്തിൽ ക്രൈംബ്രാഞ്ചിൽ ഒരു പ്രത്യേക ടീമിനു രൂപം നൽകിയിരുന്നു. കഴക്കൂട്ടം സ്റ്റേഷനിൽ നിന്ന് കേസ് അവർ ഏറ്റെടുത്തു. ഡി.വൈ. എസ്.പി മുരളീകൃഷ്ണദാസിന്റെ നേതൃത്വത്തിൽ ക്രൈംബ്രാഞ്ച് ഇൻസ്പെക്ടറായിരുന്ന പിന്നീട് എസ്പിയായി വിരമിച്ച വി.രവീന്ദ്രന്റെ ചുമതലയിലായിരുന്നു അന്വേഷണം.

പിന്നെയും രണ്ടുമൂന്നു ദിവസം കഴിഞ്ഞാണ് ഒരു മരംകയറ്റത്തൊഴിലാളിയിൽ നിന്ന് സൂചന കിട്ടിയത്. എൽ.പി സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടി എന്തോ കണ്ടതായി പറയുന്നു എന്ന്. കുട്ടിയോട് സംസാരിച്ചു. റോഡരികിൽ ആടിനെ തീറ്റുന്നതിനിടെ ഒരു കാർ വൃദ്ധയെ ഇടിച്ചിടുകയും കാറിലുള്ളവർ വന്ന് അവരെ അതിലെടുത്തിട്ടുകൊണ്ടു പോകുകയും ചെയ്യുന്നതു കണ്ടുവെന്നും കാറിന്റെ നമ്പർ അന്ന് താൻ നിന്ന പുരയിടത്തിൽ മണ്ണിൽ എഴുതിയിട്ടെന്നുമാണ് അവൻ പറഞ്ഞത്.

ഭാഗ്യത്തിന് ആ നമ്പർ മാഞ്ഞുപോയിരുന്നില്ല. കേശവദാസപുരത്ത് ഓടുന്ന ടാക്സിയാണത്. കുറച്ചു ദിവസമായി അതു കാണുന്നില്ല. ഡ്രൈവറുടെ വീട്ടിൽ അന്വേഷിച്ചപ്പോൾ അയാളെയും കാണാനില്ല. ഉടമസ്ഥനും ഒരറിവുമില്ല.

അടുത്ത ദിവസം കാർ മുറ്റത്തു കിടക്കുന്നതായി ഉടമ അറിയിച്ചു. മഹസറെഴുതി വണ്ടിയെടുത്തു. അടുത്ത ദിവസം ഡ്രൈവർ നേരിട്ട് ഹാജരായി. അയാൾ എല്ലാം പറഞ്ഞു.

മാർ ഇവാനിയോസ് കോളേജ് അദ്ധ്യാപകൻ ജെയിംസ് ഈപ്പനും രണ്ടു വിദ്യാർഥികളും കൂടി ടാക്സിപിടിച്ചു. ചാരായം വിൽക്കുന്ന ഒരു വീട്ടിൽപ്പോയി നാലുപേരും ചേർന്നു കുടിച്ചു. ജെയിംസ് ഈപ്പനു വണ്ടിയോടിക്കാൻ മോഹം. കൊടുത്തു. അയാളാണ് വൃദ്ധയെ ഇടിച്ചിട്ടത്. അവർ അപ്പോഴേ മരിച്ചു.

പൊലീസിൽ അറിയിക്കാമെന്ന് ഡ്രൈവർ പറഞ്ഞെങ്കിലും ദൂരസ്ഥലലത്തു കൊണ്ടു കളയാമെന്ന് ജെയിംസ് വാശിപിടിച്ചു. കാറിന്റെ പിൻസീറ്റിലിട്ട് തമിഴ്നാട്ടിലെ കുലശേഖരത്ത് ഒരു റബർ എസ്റ്റേറ്റിൽ കൊണ്ടിട്ടു. മൂന്നുപേരും തക്കലയിൽ ലോഡ്ജിൽ തങ്ങി. ഡ്രൈവർ തിരിച്ചുപോന്നു.

വണ്ടി വീണ്ടും പരിശോധിച്ചു. സീറ്റിൽ രക്തക്കറയും മുടിയും മററും കണ്ടു. ഇവ കഴക്കൂട്ടം പൊലീസിന്റെ മഹസറിൽ ഇല്ലായിരുന്നു. ഡിക്കിയിൽ തിരുവനന്തപുരത്തു കാണാത്ത തരം പുല്ലിന്റെ നീണ്ട ഇലകളും ഒരു ചാക്കും കണ്ടു.

ഇതിനിടെ ഈപ്പനെയും വിദ്യാർത്ഥികളെയും ചിലർ ഹാജരാക്കി. ഡ്രൈവറെയും കൂട്ടി കൂലശേഖരത്തു പോയപ്പോൾ ഇട്ടസ്ഥലത്തു മൃതദേഹമില്ല. കുറെ ദൂരെനിന്ന് ഒരു തുടയെല്ലും മറ്റൊരിടത്തുനിന്ന് കത്തിക്കരിഞ്ഞ കൈലിയുടെ കഷണവും കിട്ടി. ദേഹം കുറുനരി തിന്നു തീർത്തിരിക്കുന്നു.

കാറിൽക്കണ്ട മുടി പക്ഷേ എന്തുമായി ഒത്തു നോക്കും? മരിച്ച വൃദ്ധ മുടി ചീകി, കൊഴിയുന്ന മുടി ചുരുട്ടി പുരപ്പുറത്തിടുമായിരുന്നെന്നു മരുമകൾ പറഞ്ഞു. അത്തരം രണ്ടുമൂന്നു ചുരുളുകൾ ശേഖരിച്ചു. അതും പരിശോധിച്ചു. എല്ലു പരിശോധിച്ച് ഏകദേശ പ്രായം തിട്ടപ്പെടുത്തി.

ശരീരം തിരിച്ചറിയാതിരിക്കാൻ അവിടത്തെ പൊലീസ് ഇൻസ്പെക്ടർക്കു പണം നൽകി വസ്ത്രങ്ങളും മറ്റും പിന്നീടു കത്തിച്ചതാണെന്ന് പ്രതികൾ സമ്മതിച്ചു.

സാക്ഷികളില്ലാത്ത ഈ കേസിന് സാഹചര്യത്തെളിവുകൾ കൃത്യമായി ശേഖരിക്കേണ്ടിയിരുന്നു. ശരീരം കിടന്ന എസ്റ്റേറ്റിൽ കാറിന്റെ ഡിക്കിയിൽ കണ്ട ഇനം പുല്ലു കണ്ടു. രണ്ടു സാമ്പിളും പരിശോധനയ്ക്കയച്ചു. കാറിൽക്കണ്ട മുടി പക്ഷേ എന്തുമായി ഒത്തുനോക്കും? മരിച്ച വൃദ്ധ മുടി ചീകി, കൊഴിയുന്ന മുടി ചുരുട്ടി പുരപ്പുറത്തിടുമായിരുന്നെന്നു മരുമകൾ പറഞ്ഞു. അത്തരം രണ്ടുമൂന്നു ചുരുളുകൾ ശേഖരിച്ചു. അതും പരിശോധിച്ചു. എല്ലു പരിശോധിച്ച് ഏകദേശപ്രായം തിട്ടപ്പെടുത്തി.

എല്ലാം ചേർത്തു കുറ്റപത്രം നല്കി. വണ്ടി ഇടിച്ചത് അപകടമായതിനാൽ കൊലക്കുറ്റത്തിനു ശിക്ഷ വന്നില്ല. പക്ഷേ തെളിവു നശിപ്പിച്ചതിന് പ്രതികൾക്കു ശിക്ഷവിധിച്ചു. എങ്കിലും അപ്പീലിൽ ഈ ശിക്ഷ ഒഴിവാക്കപ്പെട്ടു.

തൊട്ടിലിൽ ഉറങ്ങിയ ഒന്നര വയസ്സുകാരിയെ രാത്രി കാണാതായ സംഭവം രാവിലെ 9 മുതൽ വൈകിട്ട് 4 വരെയുള്ള സമയം കൊണ്ട് തെളിയിച്ച് റിവാർഡു വാങ്ങിയ ചരിത്രവും പൊലീസിനുണ്ട്. അതും വി.രവീന്ദ്രൻ ഉൾപ്പെട്ട സ്പെഷ്യൽ ടീമാണ് അന്വേഷിച്ചത്.

ലോക്കൽ പൊലീസിന് തെളിയിക്കാൻ കഴിയാതെ വന്നതും പിന്നീട് ക്രൈംബ്രാഞ്ച് അന്വേഷിച്ചു കണ്ടെത്തിയതുമായ കേസുകൾ ധാരാളമുണ്ട്. 1972-73 കാലത്തു മലപ്പുറത്തു കൊളത്തൂരിൽ ആടു മേയ്ക്കാൻ പോയ ബിയാക്കുട്ടി ഉമ്മയെ കൊന്ന് 30 പവൻ അപഹരിച്ച കേസ് ഇത്തരത്തിൽ ഒന്നാണ്. കുമാരൻ എന്നയാളെ പിടിച്ചു. രണ്ടുമാസത്തോളം മർദ്ദിച്ചെന്നും വേറെ ആഭരണം കൊണ്ടു കുഴിച്ചിട്ട് തൊണ്ടിയെടുപ്പിക്കാൻ ശ്രമിച്ചെന്നും ആരോപിച്ചു നാട്ടുകാർ ഇടപെട്ടു. കേസ് ക്രൈംബ്രാഞ്ചിനു വിട്ടു. പിന്നീടു സൂപ്രണ്ടായി വിരമിച്ച സി.മുരുകേശനാണ് അന്വേഷിച്ചത്.

സംഭവസ്ഥലത്തിനടുത്ത് കുമാരനെ കണ്ടു എന്ന സാക്ഷിമൊഴിയായിരുന്നു അറസ്റ്റിന് ആധാരം. 200 സാക്ഷികൾ. പക്ഷേ ഒന്നും വേണ്ടപോലെ പരിശോധിച്ചിട്ടില്ല. കുമാരനെ കണ്ടെന്നു പറയുന്ന സമയത്താണ് ഉമ്മയുടെ നിലവിളി കേട്ടത്. അത്ര ദൂരം പോയി കൃത്യം നടത്തി വരാൻ സമയമില്ല. ലളിതമായ ന്യായം!

മൊഴികൾ വീണ്ടും പിരശോധിച്ചപ്പോൾ ഒരു മുഹമ്മദ് അന്നു പണിക്കു പോയില്ലെന്നും സുഖമില്ലാതെ കിടപ്പായിരുന്നെന്നും മൊഴി നലികിയതുകണ്ടു. സംശയം തോന്നി, മൊഴി കള്ളമാണെന്നു കണ്ടു. മുഹമ്മദ് മുങ്ങി. തേടിപ്പിടിച്ച് അറസ്റ്റു ചെയ്തു. മുഴുവൻ ആഭരണവും കണ്ടെടുക്കുകയും ചെയ്തു.

ആലത്തൂരെ വേശുവമ്മ കൊലക്കേസ്, കുഴൽമന്ദത്തെ സുലോചന കൊലക്കേസ്, പഴയന്നൂർ രാമദേവൻ കൊല ഒക്കെ ഇങ്ങനെ തന്ത്രവും അല്പം ശ്രദ്ധയും ഉത്തരവാദിത്തബോധവും മാത്രം കൊണ്ടു തെളിയിക്കപ്പെട്ടവയാണ്. അന്വേഷണത്തിന്റെ മികച്ച മാതൃകകൾ ഇനിയും എത്രയോ ഉണ്ട്. ■

**രമേഷ്കുമാർ വെള്ളമുണ്ട**



കേരളത്തിന്റെ ഗോത്രസംസ്കൃതിയിൽ ആചാര സവിശേഷതകൾകൊണ്ട് വേറിട്ടു നിൽക്കുകയാണ് നാട്ടുഗദ്ദിക. കെട്ടുകാഴ്ചകളില്ലാത്ത കാട്ടുജീവിതത്തിന് ഏറെ ദൂരം കൂട്ടായി നിന്ന ഒന്നിനും പകരമാവാത്ത ഈ ആചാരം അടിയാൻമാരുടെ ഈറ്റില്ലമായ വയനാട്ടിൽ നിന്നും നൂറ്റാണ്ടുകൾക്കു മുമ്പേ അരങ്ങൊഴിഞ്ഞു തുടങ്ങി. വടക്കേ വയനാട്ടിലെ തൃശ്ശിലേരി എന്ന ഗ്രാമം പി.കെ. കാളൻ എന്ന നാട്ടു മൂപ്പനിലൂടെ ഗദ്ദികയുടെ പുനർജനിക്ക് വഴിയൊരുക്കുകയാണ്. തലമുറകളോളം കൈമാറി വന്ന ഈ നാടൻ കലാരൂപത്തെ വെളിച്ചമില്ലാത്ത ഗോത്രക്കുടിലുകളിൽ നിന്നും പടിയിറക്കി സാംസ്കാരിക വേദികളിലേക്ക് സന്നിവേശിപ്പിക്കുകയാണ് ഈ നാട്ടുമൂപ്പൻ. ഇന്ത്യയിലുടനീളം ക്ഷണിക്കപ്പെട്ട സദസ്സുകൾക്കു മുമ്പിലായി പലതവണ ഈ തനതു പാരമ്പര്യകലയെ ഇതിനകം കാളനും സംഘവും അവതരിപ്പിച്ചു. ഗദ്ദികയെന്ന ആചാരത്തിന്റെ ഭാഗമായ കലാസംരക്ഷണത്തിന് ജീവിതം തന്നെ മാറ്റിവച്ച കാളനെ ഇനി നാട്ടുഗദ്ദികയുടെ കുലപതി എന്ന വിശേഷണം മാത്രമാണ് കാത്തു നിൽക്കുന്നത്. അതിവേഗം മാഞ്ഞുപോകുന്ന ആചാരങ്ങളുടെ സംരക്ഷകൻ എന്ന നിലയിലും കുലസ്നേഹി എന്ന നിലയിലും കേരള നാടൻ കലാ അക്കാദമി കാളന് മൂന്നു തവണ പുരസ്കാരം സമ്മാനിച്ചു. 2005 ൽ ശ്രേഷ്ഠമായ ദല പുരസ്കാരവും ഈ കലാകാരനെ തേടിയെത്തി. ഒടുവിൽ കേരള ഫോക് ലോർ അക്കാദമിയുടെ ചെയർമാൻ സ്ഥാനവും കാളൻ അലങ്കരിക്കുകയാണ്.

വയലുകളും വലിയ കുന്നുകളുമായി ബ്രഹ്മഗിരി മലനിരയോട് ചേർന്നു നിൽക്കുകയാണ് അടിയാൻമാരുടെ കുടിലുകൾ. മുൻപ് കൂട്ടമായി താമസിച്ചിരുന്ന പലരും ഇപ്പോൾ വേറിട്ട ജീവിതം തുടങ്ങിയിരിക്കുന്നു. ഇതിനിടയിലും പാരമ്പര്യത്തനിമ നിലനിർത്തുന്ന ചെറിയ ചെറിയ സങ്കേതങ്ങൾ ഇപ്പോഴുമുണ്ട്. നേരം സന്ധ്യ മയങ്ങുന്നു. ആചാരത്തനിമയോടെ അവയിലൊന്നിൽ നാട്ടുഗദ്ദിക അരങ്ങേറുകയാണ്.

നെറ്റിയിൽ കുറി വരച്ച് വെളുത്ത ഒറ്റ മുണ്ടിനുമേൽ ചുവപ്പ് പട്ടുടുത്ത് എല്ലാം മറന്ന് തുടികൊട്ടി പാടുകയാണ് ദേശത്തിന്റെ നാട്ടുമൂപ്പനായ കാളൻ.

"ചീങ്ങെ ബാളിമാരി,
ബെട്ടകെ ചിക്കി
കണ്ണമ്പാടിക്കാളി
ദണ്ഡിനമാരി......
ആളുമൊത്ത പോനെ,
അരാക്കമൊത്ത പോനെ



# പുനർജനി തേടുന്ന നാട്ടുഗദ്ദിക




വയനാടൻ ഗോത്രഭൂമിയിൽ ആചാരങ്ങളുടെ നിധി സൂക്ഷിപ്പുകാർ ആയിരുന്നു ഒരുകാലത്ത് അടിയാൻമാർ. ഗദ്ദികയെന്ന 'നാടുനീക്കൽ ചടങ്ങ്' അടിയാൻമാരുടെ ആചാരങ്ങളിൽ ഏറെ ശ്രേഷ്ഠമാണ്.

മണ്ണും പാലായ് പോനെ........"

മാരി പെയ്തിറങ്ങുന്ന രോഗങ്ങളും കഷ്ടപ്പാടുകളും അകറ്റി, നാടിനും നാട്ടാർക്കും വേണ്ടി പാടിയിരുന്ന നാട്ടുഗദ്ദിക പുതിയ തലമുറയ്ക്കു വേണ്ടി അനുഷ്ഠാന വ്രതത്തോടെ പുനരാവിഷ്കരിക്കുകയാണ് ഈ കലോപാസകൻ. മേലാളന്റെ അടിമയായി പീഡനങ്ങൾ ഏറ്റുവാങ്ങുമ്പോഴും മേലാളന്റെ ഐശ്വര്യമാണ് തന്റെ ജീവിതമെന്ന് ഈ വരികളിലൂടെ അടിയാൻമാർ ഉയർത്തിപ്പിടിക്കുന്നു.

വയനാടൻ ഗോത്രഭൂമിയിൽ ആചാരങ്ങളുടെ നിധി സൂക്ഷിപ്പുകാരായിരുന്നു ഒരുകാലത്ത് അടിയാൻമാർ. കാലം പരിഷ്കാരങ്ങൾ അതിവേഗം ഏറ്റുവാങ്ങുമ്പോഴും അനുഷ്ഠാന കലകൾ നിലനിർത്താൻ പാടുപെടുകയാണ് ഈ സമൂഹം. വയനാട്ടിലെ ഇരുണ്ട വനാന്തരങ്ങളിലേക്ക് ആദ്യകാലത്ത് കർണ്ണാടകയിൽ നിന്നുമാണ് അടിയാൻമാർ കുടിയേറിയത്. കന്നഡ കൂട്ടിക്കലർത്തിയ ഭാഷയും വേഷങ്ങളും ഈ നിഗമനങ്ങളെ ബലപ്പെടുത്തുന്നു.

ഗദ്ദികയെന്ന 'നാടുനീക്കൽ ചടങ്ങ്' അടിയാൻമാരുടെ ആചാരങ്ങളിൽ ഏറെ ശ്രേഷ്ഠമായതാണ്. ഗദ്ദിക മൂന്നു തരത്തിൽ അവതരിക്കപ്പെടുന്നു. കുടുംബത്തിലാർക്കെങ്കിലും മാറാരോഗം വന്നാൽ അടിയന്തരമായി അനുഷ്ഠിക്കുന്ന 'നാടുനീക്കൽ' ചടങ്ങാണ് ഇവയിൽ പ്രധാനപ്പെട്ടത്. പിന്നീട് കുടുംബത്തിൽ നിന്നും രോഗം മാറുമ്പോഴാണ് പൂജഗദ്ദിക അവതരിക്കപ്പെടുന്നത്. ആദ്യത്തെ ഗദ്ദികയെ അപേക്ഷിച്ച് പൂജഗദ്ദിക ചെലവേറിയതാണ്. വർഷത്തിലൊരിക്കൽ നിർബന്ധമായി അനുഷ്ഠിക്കേണ്ട ഗദ്ദികയും ഏഴു ദിവസം നീണ്ടുനിൽക്കുന്നതാണ്.



കൊട്ടിയൂർ അമ്പലത്തിലെ ഉത്സവം കഴിഞ്ഞ് മുതിരേരി അമ്പലത്തിലേക്ക് വാൾ മടങ്ങിയാൽ മാത്രമേ നേർച്ച പ്രകാരമുള്ള ഗദ്ദിക നടത്താൻ പാടുള്ളൂ. അരിയും തേങ്ങയും തുളസിയും മുത്താറിയുമാണ് ഗദ്ദിക പൂജയ്ക്ക് വേണ്ടത്. മുറം ചാരി ചൂരൽ വടി വച്ച് കാണിക്ക അർപ്പിച്ചാണ് വലിയ മൂപ്പൻ 'ചുവാനു' പാടി വിളിക്കുക. ഗദ്ദിക നടത്താൻ സൃഷ്ടി സംഹാര മൂർത്തിയായ ശിവനോട് അനുവാദം ചോദിക്കുന്ന ചടങ്ങാണിത്. പിന്നീട് ഓരോന്നായി എല്ലാ ദൈവങ്ങളെയും വണങ്ങി അനുവാദത്തോടുകൂടി മാത്രമാണ് ഗദ്ദിക അവതരിപ്പിച്ചു തുട

ങ്ങുക. ഏഴു ദിവസത്തോളം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾക്ക് അതോടെ തുടക്കമായി. അറുത്ത കോഴിയെ ചുട്ടുതിന്ന് ഗദ്ദികയാടുന്നത് സ്ത്രീവേഷം കെട്ടിയ പുരുഷൻമാരാണ്. ചുവന്ന ചേല, വള, കമ്മൽ, കൺമഷി എന്നിവയെല്ലാം അണിഞ്ഞ് ഇവർ ആദ്യം മണ്ഡപത്തിലേക്ക് പുറപ്പെടുന്നു.

ഈ അവസരങ്ങളിൽ സ്ത്രീകൾക്ക് അനുഷ്ഠാനപരമായി സ്ഥാനമില്ല. ചൊവ്വ, വെള്ളി ദിവസങ്ങളിലാണ് ഈ ചടങ്ങ് അനുഷ്ഠിക്കുന്നത്. അലങ്കരിച്ചുണ്ടാക്കിയ ഗുഡിയുടെ മുമ്പിൽ സ്ത്രീവേഷധാരികളായ പുരുഷൻമാർ തുടിവാദ്യങ്ങളുടെ അകമ്പടിയോടെ നൃത്തം ചെയ്തുതുടങ്ങുന്നു. ഗദ്ദിക നൃത്തം ചൂടുപിടിക്കുന്നതോടെ മൂപ്പൻമാർ ഉറഞ്ഞു തുള്ളി 'മാരി'(മാരിയമ്മ) യോട് കാത്തു കൊള്ളണമെന്ന് കേണപേക്ഷിക്കുന്നു. അരിയും നെല്ലുമെറിഞ്ഞ് മൂപ്പൻമാർ ദേശത്തിന്റെ ആകെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പിന്നീട് മാരിദേവതയുടെ അനുഗ്രഹത്തോടെ വീടുകൾ



തോറും കയറിയിറങ്ങി ശാസ്ത്രം പറച്ചിലുകൾ തുടരുന്നു. ഗദ്ദികക്കാർ കൂട്ടത്തോടെ ഗ്രാമം മുഴുവനും ഉണർത്തു പാട്ടോടെ നീങ്ങുന്നു. ഒടുവിൽ ഇനിയൊരു ഗദ്ദിക നടത്തുന്നതുവരെ രോഗശാന്തിയും സമാധാനവും കിട്ടിയെന്ന വിശ്വാസത്തോടെ ഇവർ വേഷമഴിച്ചു വയ്ക്കുന്നു.

കാക്കപ്പുല, ചെമ്മപ്പുല തുടങ്ങി വൈവിധ്യമേറിയ ചടങ്ങുകൾ അടിയാൻമാരുടെ സംസ്കൃതിയിൽ വീണ്ടും നീളുകയാണ്. ദേവീദേവൻമാർ തൊട്ട് ദുർഗുണങ്ങളുടെ മൂർത്തീരൂപമായ കൂളികൾ വരെ ഇവരുടെ ആരാധനാ മൂർത്തികളാണ്. തുടിയും ചീനിയും ചേർന്നുള്ള വാദ്യമേളങ്ങളാണ് ഇവരുടെ അനുഷ്ഠാനങ്ങൾക്ക് താളം പിടിക്കുന്നത്. അപൂർവമായ വസ്തുക്കൾ, വിഗ്രഹങ്ങൾ, കല്ലുകൾ എന്നിവയെ ആരാധനാ മൂർത്തികളായി കണക്കാക്കുന്നതും സൂക്ഷിക്കുന്നതും ഇവരുടെ ആരാധനയുടെ ഭാഗമാണ്. കച്ചലക്കാരുടെ കൂടം, മന്റുകാരുടെ കൂടം, ഏവിലക്കാരന്റെ കൂടം, പനേലിക്കാരുടെ കൂടം എന്നിങ്ങനെ നാല് സ്ഥലത്തായി ഇവർ ദൈവത്തെ കുടിയിരുത്തുന്നു. ജനനം മുതൽ മരണം വരെയുള്ള മുഴുവൻ കാര്യങ്ങൾക്കും കുലദൈവങ്ങളെ തൃപ്തിപ്പെടുത്താൻ ചിട്ടയോടുകൂടിയുള്ള ചടങ്ങുകൾ പണ്ടുകാലം മുതൽക്കെ ഇവർക്ക് നിർബന്ധമായിരുന്നു.

തെരണ്ടുകല്യാണം, കുന്നുപ്പുല, ചെമ്മപ്പുല എന്നിവയും നാട്ടുഗദ്ദിക പോലെ ഇവർക്ക് പ്രധാനമായിരുന്നു. പെൺകുട്ടി ഋതുമതിയായി ഏഴാം നാൾക്കുമുതലാണ് തെരണ്ടുകല്യാണത്തിന്റെ ചടങ്ങുകൾ തുടങ്ങുക. ബന്ധുക്കളെയെല്ലാം വീട്ടിൽ വിളിച്ചു വരുത്തി വെറ്റില നൽകി വിവരം പറയുക എന്നതാണ് ആദ്യകർമം. പിന്നീട് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ചടങ്ങിന്റെ തുടിനാദം ഉയരുകയായി. അടുപ്പത്ത് കയറ്റി വയ്ക്കുന്ന പാത്രത്തിലെ ചോറ് പാകമായാൽ ഋതുമതിയായ പെൺകുട്ടിയെ കുളിപ്പിക്കൽ ചടങ്ങിന് നേരമായി. പ്രത്യേകമായുണ്ടാക്കിയ പന്തലിൽ നാലു പായ വിരിച്ച് ബന്ധുക്കൾ ആദ്യമിരിക്കുന്നു. തുകൽത്തുടിയിൽ കോലും കെയ്യും മാറി മാറി പെരുക്കി മേളം കൊഴുക്കുന്നതോടെ മൂപ്പൻ ഗോത്രഭാഷയിൽ പാട്ടു തുടങ്ങുന്നു. പാട്ടു തീരുന്നതിനുമുമ്പ് കുളികഴിയണമെന്നാണ് പ്രമാണം. പിന്നീട് നാട്ടു മൂപ്പൻ നാലുഭാഗത്തേക്കും അരിയെറിഞ്ഞ് കോഴിയുടെ കഴുത്തറുത്ത് ചുട്ടുതിന്നാൻ ബന്ധുക്കൾക്ക് കൊടുക്കുന്നു. അതിനുശേഷമാണ് ചേലയുടുപ്പിച്ച പെണ്ണിനെയും കൊണ്ട് 'കുള്ളി' ലേക്കുള്ള രാജകീയയാത്ര.

അടിയാൻമാരുടെ വിവാഹവും മറ്റുള്ളവരിൽനിന്നും ഏറെ വ്യത്യസ്തത പുലർത്തുന്നു. വിവാഹത്തിന് വരൻ തയ്യാറായി എത്തുമ്പോൾ മുറ്റത്തെ കല്ലിൽ തേങ്ങ ഉടച്ച ശേഷം വരന്റെ തലയിൽ മുണ്ടു കെട്ടി കല്യാണ ചടങ്ങുകൾ നടക്കും. മുത്തുമാലകൾ, മൂക്കുപണ്ടങ്ങൾ തുടങ്ങിയ ആഭരണങ്ങളും ബന്ധുക്കൾ വധുവിനെ അണിയിക്കും. തുടർന്നാണ് ചടങ്ങുകൾ ആരംഭിക്കുക. വെള്ളം നിറച്ച മുരുട പെൺകുട്ടിയുടെ തലയിൽവച്ച് മുറ്റത്ത് കുത്തിനിർത്തിയ ഉലക്കയെ വധുവരൻമാർ മൂന്ന് തവണ വലം വയ്ക്കണം. ഈ സമയം മൂപ്പനും കൂട്ടരും പാട്ടിനൊത്ത് താളം ചവിട്ടണം. പിന്നീട് മൂപ്പൻ ഇരുവർക്കും അനുഗ്രഹം ചൊരിയുന്നതോടെ ചടങ്ങുകൾ അവസാനിക്കുന്നു. മരണാനന്തരചടങ്ങുകൾ നടത്താൻ 'കരിമി'കളും ഗദ്ദിക നടത്താൻ 'തമ്മടി'കളും തെരണ്ടുകല്യാണം നടത്താൻ 'കനലാടി'കളും ഈ ഗോത്രവർഗത്തിന് സ്വന്തമായുണ്ട്. മൂപ്പൻമാർ പെരുവാൻമാർ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്.

നൂറ്റാണ്ടുകളുടെ സാധനകൊണ്ട് സ്വന്തമായതെല്ലാം കൈവിട്ട് പോകുന്നതിൽ ദു:ഖിതരാണ് ഈ ഗോത്രസമൂഹം. ഇതിനെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി കാളന് പിന്നിൽ അണിനിരക്കുകയാണ് ഇപ്പോഴത്തെ പുതിയ തലമുറയിലെ കണ്ണികൾപോലും. ഈ മഹത്തായ അനുഷ്ഠാന ആചാരങ്ങൾ എഴുതി സൂക്ഷിക്കാനും കൈമാറാനും പാടില്ല എന്ന ഗോത്ര നിയമം തങ്ങൾക്ക് വെല്ലുവിളിയാവുകയാണെന്ന് നാട്ടുമൂപ്പനായ കാളൻ പറയുന്നു. പതിനഞ്ച് വയസ്സു മുതലാണ് കാളൻ ഗദ്ദികയെന്ന കല അവതരിപ്പിച്ചു തുടങ്ങിയത്. അപ്പൻ കൊളുമ്പനും അമ്മ കറുത്തമ്മയും ഇതിനെ പ്രോത്സാഹിപ്പിക്കുയായിരുന്നു. കർമികളും മൂപ്പൻമാരും നിൽക്കെ ചെറുപ്രായത്തിൽ ഗദ്ദിക അവതരിപ്പിക്കാനുള്ള ഭാഗ്യവും ഇതോടെ കാളന് കൈവന്നു. എഴുപത് കടക്കുന്ന പ്രായം അവഗണിച്ച് മരുമകൻ കരിയൻ, വെള്ളി, മുത്തൻ, ശാത്തൻ, നാരായണൻ തുടങ്ങിയവരുമൊന്നിച്ച് ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിൽ പോലും ഗദ്ദികയെ കാളൻ ഇപ്പോഴും അരങ്ങേറ്റുന്നുണ്ട്. ഗോത്രാചാരപ്രകാരം നടത്തേണ്ട ഗദ്ദിക സാംസ്കാരിക വേദികളിൽ അവതരിപ്പിച്ചതിനും സമുദായത്തിന്റെ പഴി ഇദ്ദേഹത്തിന് ഇതിനു മുൻപ് കേൾക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ കലാസംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി ഇതിനെയെല്ലാം ഈ കലാകാരൻ അവഗണിച്ചുതള്ളി. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വയനാട് ജില്ലാ കൗൺസിലംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള കാളന് ഇപ്പോൾ ഒരു ആഗ്രഹം മാത്രം. നാട്ടുഗദ്ദികയെക്കുറിച്ച് വരും തലമുറയ്ക്കുവേണ്ടി ഒരു പുസ്തകമെഴുതണം. ഒപ്പം ഒരു നാടൻ കലാപഠന കേന്ദ്രവും വയനാട്ടിൽ തുടങ്ങണം. ഈ ലക്ഷ്യത്തിന് വേണ്ടി കാത്തിരിക്കുകയാണ് വയനാട് എന്ന ഗോത്രഭൂമിയും. ■

ശശികുമാർ. സി. തലശ്ശേരി



# തലശ്ശേരി ഛാപീതത്തിന് 160

ഇല്ലിക്കുന്നിലെ ഗുണ്ടർട്ടിന്റെ ബംഗ്ലാവ്

## മലയാളഭാഷാ പത്രപ്രവർത്തനത്തിന്റെ ഈറ്റില്ലത്തെ വിശേഷങ്ങൾ

കേരളത്തിൽ പത്രപ്രവർത്തനത്തിന് ആരംഭം കുറിച്ചിട്ട് 160 സംവത്സരങ്ങൾ കടന്നു പോവുകയാണ്. മലയാളത്തിലെ ആദ്യത്തെ പുരാതനപത്രമായ "രാജ്യസമാചാരം" മുദ്രണം ചെയ്തത് 1847 ജൂണിൽ തലശ്ശേരിയിലെ നെട്ടൂരിലുള്ള ഡോ.ഹെർമൻ ഗുണ്ടർട്ടിന്റെ ബംഗ്ലാവിലാണ്. മലബാറിലെ ആദ്യത്തെ ക്രൈസ്തവ മിഷനറി കേന്ദ്രമായ ഇല്ലിക്കുന്നിലെ സ്ട്രേഞ്ച് സായ്‌വ് ദാനമായി നല്കിയ ബംഗ്ലാവിൽ 1839 ൽ റവ.സാമുവൽ ഹെബിൻ മിഷനറി കേന്ദ്രം ആരംഭിക്കുകയും 1845 ഒക്ടോബറിൽ കേരളത്തിലെ ആദ്യത്തെ അച്ചുകൂടം ഇവിടെ പ്രേക്ഷിത പ്രവർത്തനങ്ങൾക്കായി സ്ഥാപിക്കുകയും ചെയ്തതോടു കൂടിയാണ് ഇതിനു നാന്ദി കുറിക്കപ്പെട്ടത്.

മതപരിവർത്തനം ഉദ്ദേശിച്ചരീതിയിൽ പുരോഗതി പ്രപിക്കാത്തതിനാൽ മലയാള ഭാഷാപഠനങ്ങൾക്ക് ഊന്നൽ നൽകുവാൻ കേന്ദ്രം തീരുമാനിക്കുകയായിരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്ക് യോഗ്യനായ ഒരാളെ അന്വേഷിക്കുന്നതിനിടയിലാണ് ജർമ്മൻ മിഷനറിയായ ഡോ.ഹെർമൻ ഗുണ്ടർട്ടും ഫ്രഞ്ചുകാരിയായ ഭാര്യ ജൂലിയും മക്കളുമൊത്ത് തലശ്ശേരി ഇല്ലിക്കുന്നിലെ ബംഗ്ലാവിൽ താമസിക്കാനെത്തുന്നത്.

മിഷൻ പ്രവർത്തകരിൽ ഒരാളെഴുതി 1896 ൽ പ്രസിദ്ധപ്പെടുത്തിയ ഗുണ്ടർട്ട് പണ്ഡിതരുടെ പ്രഥമ ജീവചരിത്രത്തിൽ ലിത്തോഗ്രാഫിനോട് സാദൃശ്യം പുലർത്തുന്ന കല്ലച്ച് 1845 ഒക്ടോബർ 23-ാം തിയതി സ്ഥാപിച്ചതിനെപ്പറ്റി പ്രസ്താവമുണ്ട്. ഇതിലേക്കാവശ്യമായ അച്ചടിമഷിയും കടലാസ്സും മറ്റു സാമഗ്രികളും കല്ലച്ച് കൈകാര്യം ചെയ്യാൻ ഒരു വിദഗ്ദ്ധനെയും ക്രിസ്ത്യൻമില്ലർ മംഗലാപുരത്ത് നിന്നും കൊണ്ടുവരികയായിരുന്നു. "1842 ഫെബ്രുവരി 8-ാം തീയതി ഇരിയോൺ എത്തി. 1843 ൽ ഫ്രഡറിക്ക് മില്ലർ ക്രിസ്ത്യൻ മില്ലർ എന്നിവരുമെത്തി" എന്നു ഗുണ്ടർട്ടിന്റെ ജീവചരിത്രകർത്താവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഭാഷയിലെ പത്രപ്രവർത്തനത്തിനും ആനുകാലികപ്രകാശനത്തിനും തുടക്കം കുറിക്കുകയായിരുന്നു ഹെർമൻ ഗുണ്ടർട്ട്. 1847 ജൂണിൽ തലശ്ശേരി മിഷൻ പ്രസ്സിൽ നിന്നും മുദ്രണം ചെയ്ത "രാജ്യസമാചാരം" മലയാളത്തിലെ ആദ്യത്തെ ആനുകാലികം എന്ന സ്ഥാനം കരസ്ഥമാക്കുകയും പത്രപ്രവർത്തനത്തിന്റെ സൂതികാലയം എന്ന പെരുമ തലശ്ശേരിക്ക് നേടിക്കൊടുക്കുകയും ചെയ്തു. കല്ലച്ചിന് ആവശ്യമായ ലിപികൾ അസാധാരണമിഴിവോടെ കൊത്തി ഉണ്ടാക്കിയത് സി.കണ്ട്യൻ കടു എന്ന തമിഴ് പുരോഹിതനായിരുന്നു എന്ന് ഗുണ്ടർട്ടിന്റെ മറ്റൊരു ജീവചരിത്രകാരനായ കെ.പി.വറീത് പ്രസ്താവിച്ചിട്ടുണ്ട്.

"ലോകത്തിലെ നാനാദ്വീപുകളിൽ നിന്നുള്ള മിഷനറിപ്രവർത്തനത്തിന്റെ സംക്ഷിപ്തവിവരണങ്ങളായിരുന്നു രാജ്യസമാചാരത്തിന്റെ ഉള്ളടക്കം." ഒരു ആനുകാലികത്തിന്റെ വൃത്തത്തിലേക്ക് ക്രിസ്തുമതപ്രചാരണവിഷയകമായ രാജ്യസമാചാരത്തിനു കടന്നുവരാൻ കഴിഞ്ഞത് പ്രസിദ്ധീകരണ വർഷം, മാസം എന്നിവ പ്രഥമലക്കത്തിൽ തന്നെ ഉദ്ധരിച്ചതിനാലാണ്. ലോകത്തിലെ വ്യത്യസ്തഭാഗങ്ങളിൽ മിഷനറിമാർ നടത്തിയ മതപ്രചാരണങ്ങളെ സംബന്ധിച്ച വാർത്തകളായിരുന്നു ഇതിന്റെ ഉള്ളടക്കം. അതിനാൽ അഭിപ്രായ സ്വാതന്ത്ര്യത്തിനു വിലകല്പിക്കുന്ന ഒരു പുരാതന പത്രമെന്ന പരിഗണന ഇതിനു ലഭിക്കാതെ പോവുന്നു. എന്നാൽ ആധുനിക രീതിയിലുള്ള റിപ്പോർട്ടുകളുമായി ഇതിലെ


രാജ്യസമാചാരം

വാർത്തകളെ താരതമ്യം ചെയ്യുന്നത് അവിവേകമായിരിക്കുമെന്നും വിദേശമിഷനറിമാരുടെ കൈകളിൽ മലയാളഗദ്യം എങ്ങനെ പരിവർത്തനോന്മുഖമായി എന്നും തിരിച്ചറിയാൻ ഇതിലെ ഭാഷാശൈലി പ്രയോജനപ്പെടുമെന്നു പ്രശസ്ത പത്രമാസികാചരിത്ര ഗവേഷകൻ ചമ്പാടൻ വിജയൻ രേഖപ്പെടുത്തിയിട്ടുണ്ട്.

“ജാതിയുടെയും കുടുംബത്തിന്റെയും സീമകളിൽ നിന്നും കുതറി മാറി മതപരിവർത്തനത്തിലൂടെ നിരാശ്രയരായ വ്യക്തികൾക്ക് പുതിയ വിശ്വാസത്തിനു യോജിച്ച സദാചാരങ്ങളും ഉപദേശങ്ങളും ആശ്വാസവും ആത്മവിശ്വാസവും നല്കാൻ രാജ്യസമാചാരത്തിലൂടെ ഗുണ്ടർട്ടിനു കഴിഞ്ഞിരുന്നു” എന്നും ഈ ആനുകാലികങ്ങളെപ്പറ്റി പഠനം നടത്തിയ ഡോ.എൻ.സാം എന്ന ഗവേഷകനും രേഖപ്പെടുത്തിയിട്ടുണ്ട്. (മലയാള പത്രപ്രവർത്തനം പത്തൊമ്പതാം നൂറ്റാണ്ടിൽ പേജ് 23)

ഡമ്മി എട്ടിലൊന്ന് വലിപ്പത്തിൽ രാജ്യസമാചാരത്തിന് എട്ടു പേജുകളാണുണ്ടായിരുന്നത്. 1847 മുതൽ 1850 വരെ രാജ്യസമാചാരത്തിന്റെ 42 ലക്കങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. പത്രത്തിന്റെ വില രേഖപ്പെടുത്തിയിരുന്നില്ല. “രാജ്യസമാചാരം” എന്ന ശിർഷകമാകട്ടെ രാജ്യത്തിന്റെ വർത്തമാനം അല്ല മറിച്ച് ക്രിസ്തുമതം ലക്ഷ്യമിടുന്ന ‘ദൈവരാജ്യം, സ്വർഗ്ഗരാജ്യം’ എന്നാണെന്നു പ്രഥമലക്കത്തിൽ തന്നെ ഗുണ്ടർട്ട് വ്യക്തമാക്കിയിട്ടുണ്ട്. ദൈവരാജ്യത്തിലെ സമാചാരങ്ങൾ മാലോകരെ അറിയിച്ച രാജ്യസമാചാരം ക്രൈസ്തവമിഷന്റെ ഹൗസ് മാഗസിൻ ആയിരുന്നു. എങ്കിലും രാജ്യസമാചാരത്തിനു അൽപായുസ്സേ ഉണ്ടായിരുന്നുള്ളു.

മലയാളത്തിലെ ഒന്നാമത്തെ ആനുകാലികത്തിനു ജന്മം നല്കിയ തലശ്ശേരിയിൽ തന്നെയാണ് രണ്ടാമത്തെ പത്രമായ ‘പശ്ചിമോദയ’വും മുദ്രണം ചെയ്തത്. ‘പശ്ചിമോദ’യത്തിന്റെ പ്രയാണവും ഇല്ലിക്കുന്നിലെ ബംഗ്ലാവിലെ കല്ലച്ചിൽ നിന്നായിരുന്നു. മതപ്രചാരണത്തിനായുള്ള ലഘുലേഖകൾ കഴിഞ്ഞുള്ള ദൗത്യമൊന്നും രാജ്യസമാചാരത്തിനു അവകാശപ്പെടാനില്ലെങ്കിലും മതപ്രചാരണത്തിൽ നിന്നു മാറി ചരിത്രം, ഭരണം. ഭൂമിശാസ്ത്രം ജ്യോതിഷവിദ്യ, ദൈവശാസ്ത്രം എന്നിവ പ്രതിപാദിക്കുകയും, പാശ്ചാത്യ നാടുകളിലുണ്ടാവുന്ന പുരോഗതികളെയും പരിഷ്കാരങ്ങളെയും മാസിക രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജ്യോതിഷവിദ്യ, ജന്തുശാസ്ത്രം, ദൈവശാസ്ത്രം, ഭൂമിശാസ്ത്രം, കേരളപ്പഴമ എന്നിവയായിരുന്നു പശ്ചിമോദയത്തിന്റെ പ്രഥമലക്കത്തിലെ പ്രതിപാദ്യം.


ഹെർമൻ ഗുണ്ടർട്ടും ജൂലി ഗുണ്ടർട്ടും

റോയൽസൈസിൽ 8 പേജിലായിരുന്നു രാജ്യസമാചാരം അച്ചടിച്ചത്. രണ്ട് പൈസയായിരുന്നു വില. വാർഷിക വരിസംഖ്യ 50 പൈസയായും നിശ്ചയിച്ചിരുന്നു. കാഴ്ചയിൽ ഒരു ലഘുലേഖയുടെ പ്രതീതി ജനിപ്പിക്കുമെങ്കിലും വാല്യവും നമ്പരും പത്രാധിപരുടെ പേരും രേഖപ്പെടുത്തിയിരുന്നു. 1847 ഒക്ടോബറിൽ ആരംഭിച്ച മാസിക 1851 ജൂൺ വരെ പ്രചാരത്തിലുണ്ടായിരുന്നു. 45 ലക്കങ്ങൾ ഒട്ടാകെ പുറത്തിറങ്ങി. രാജ്യസമാചാരത്തെ അപേക്ഷിച്ച് നാനാജാതിമതസ്ഥരുടെ ഇടയിൽ ഇതിനു പ്രചാരം ലഭിച്ചിരുന്നു എന്നു ഗുണ്ടർട്ടിന്റെ സഹപ്രവർത്തകനായ സി.ഒ. ജോസഫ് മുളിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1842 ൽ പ്രേക്ഷിത പ്രവർത്തനങ്ങൾക്കായി ഗുണ്ടർട്ടിനെ സഹായിക്കാൻ തലശ്ശേരിയിലെത്തിയ ഫ്രഡറിക്ക് മുള്ളർ എന്ന ജർമ്മൻ വൈദികനായിരുന്നു, പശ്ചിമോദയത്തിന്റ പത്രാധിപർ. ഇല്ലിക്കുന്നിലെ ഇംപ്രിന്റുകളുടെ ചുമതല മലയാളഭാഷ വശത്താക്കിയ ഫ്രഡറിക്ക് മുള്ളർക്കായിരുന്നു.

പശ്ചിമോദയത്തിനു കേരളത്തിലെ ഒന്നാമത്തെ ശാസ്ത്രപ്രസിദ്ധീകരണമെന്ന ഔന്നത്യവും അവകാശപ്പെടാം. ബിലാത്തി വിശേഷം, ജ്യോതിഷവാസം, ഭൂമിശാസ്ത്രം എന്നീ പരമ്പരകൾക്ക് കോളം അനുവദിച്ച പശ്ചിമോദയത്തിൽ ഗുണ്ടർട്ടിന്റെ ‘കേരളപ്പഴമ’ എന്ന ചരിത്രകൃതിയും ഖണ്ഡശ്ശയായി പ്രത്യക്ഷപ്പെട്ടിരുന്നു. വാസ്കോഡഗാമയുടെ വരവ് തുടങ്ങി 1861 വരെയുള്ള പോർച്ചുഗീസ് അധിനിവേശമാണ് കേരളപ്പഴമയിലെ ഇതിവൃത്തം. സംഭവങ്ങൾ നേരിട്ടുകണ്ട രീതിയിലാണ് ഗുണ്ടർട്ട് ഇതിൽ വിവരിച്ചിട്ടുള്ളത്. ഭൂമിശാസ്ത്രം വിഭാഗത്തിൽ ഏഷ്യ, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളെ സംബന്ധിച്ച വിവരങ്ങളായിരുന്നു. ഇതിൽ ഇന്ത്യയെയും കൊച്ചിയെയും പറ്റി പരാമർശം ഉണ്ടെന്നത് പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. തലശ്ശേരിയിലെ ഇല്ലിക്കുന്നിലെ സ്ട്രേഞ്ച് സായിവിന്റെ ബംഗ്ലാവിന്റെ വസതിയിൽ ഗുണ്ടർട്ട് സ്ഥാപിച്ച പ്രസ്സ് പിന്നീട് ‘തലശ്ശേരിഛാപിതം’ എന്നാണ് വിശേഷിപ്പിച്ചു കാണുന്നത്. ഒന്നര നൂറ്റാണ്ടിനു മുമ്പ് പ്രസ്സ് എന്ന ഇംഗ്ലീഷ് പദത്തിനു സമാനമായി ഗുണ്ടർട്ട് മലയാളവാക്കായി ഉപയോഗിച്ചത് ‘ഛാപിതം’ എന്നാണ്. ഉത്തരഭാരതത്തിൽ അച്ചടി ഛാപയാണ്; അച്ചകം ഛാപാഖാനയും. ഒരു പക്ഷേ ഛാപയിൽ നിന്നും മലയാളത്തിന്റെ ജീനിയസിനു നിരക്കുന്ന ഒരു പദം മിഷനറിമാർ സൃഷ്ടിച്ചതായിരിക്കണം. എന്നാൽ തന്റെ വിഖ്യാതമായ നിഘണ്ടുവിൽ ഗുണ്ടർട്ട് ഛാപിതം എന്ന വാക്ക് ഉൾപ്പെടുത്തിയിട്ടില്ല. എന്തായാലും ‘ഛാപിതം’ മലയാളം സ്വീകരിച്ചില്ല (കെ.എം.ഗോപി ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും പേജ് 130).




കൈരളി ‘ഛാപിതം’ എന്ന വാക്ക് ഉപേക്ഷിച്ചതിനാൽ പ്രന്റിങ് പ്രസ്സ് മലയാളത്തിൽ അച്ചുകൂടം ആയിരുന്നു. രാജ്യസമാചാരത്തിനും പശ്ചിമോദയത്തിനും പുറമെ മതപ്രചാരണലഘുലേഖകളും, വിദ്യാലയങ്ങൾക്ക് വേണ്ട പാഠപുസ്തകങ്ങളും ബാസൽ മിഷൻ സഭയ്ക്ക് വേണ്ട കൃതികളും മറ്റുമായി നിരവധി ശീർഷകങ്ങൾ ഇല്ലിക്കുന്നിലെ കല്ലച്ചിൽ നിന്നും മലയാളഭാഷയ്ക്ക് ലഭിച്ചു. 1845 നവംബർ ഒന്നാം തീയതി മതസംബന്ധമായ ഒരു ട്രാക്റ്റ് ആണ് ആദ്യമായി അച്ചടിച്ചതെന്നു ഗുണ്ടർട്ടിന്റെ ജീവചരിത്രകാരൻ തന്നെ പരാമർശിക്കുന്നുണ്ട്. “ഇല്ലിക്കുന്നിന്മേൽ പുതുതായി ഒരു കല്ലച്ച് സ്ഥാപിച്ചിരിക്കുന്നു. അതിൽ നിന്നും മനോഹരമായ ഒരു ഫലം ഉത്ഭവിച്ചു. 1845 നവെമ്പ്ര് ഒന്നിനു അച്ചടിച്ചു പ്രസിദ്ധം ചെയ്ത ചെറിയ പുസ്തകം വായിച്ച് ഒരു സന്യാസി ഒരു ദിവസം വീട്ടിൽ വന്നു”. 1845 ൽ തന്നെ “സഞ്ചാരിയുടെ പ്രയാണ ചരിത്ര ചുരുക്കം”, “ക്രിസ്തുവിന്റെ അവതാരം” “ക്രിസ്താവതാരപ്പാട്ട്” “നല്ല ഇടയന്റെ അന്വേഷണ ചരിത്രം” തുടങ്ങിയ ക്രിസ്തുമത സംബന്ധിയായ ലഘുകൃതികളും പുറത്തിറങ്ങിയിട്ടുണ്ട്. ആയിരം പഴംചൊല്ലുകൾ (1850), നളചരിതസാരം (1851), പഴഞ്ചൊൽ മാല (1845), മലയാളഭാഷാ വ്യാകരണം (1851), സത്യവേദകഥകൾ(1849), ക്ഷേത്രഗണിതം(1857), പഞ്ചതന്ത്രം കിളിപ്പാട്ട് (1857) തുടങ്ങിയവയും ഇല്ലിക്കുന്നിൽ നിന്നും പിറന്ന ഇംപ്രിന്റുകളാണ്. “1845 നും 1864 നും ഇടയ്ക്കുള്ള എല്ലാ പുസ്തകങ്ങളും തലശ്ശേരിയിൽ അച്ചടിച്ചു” എന്ന് ഡബ്ലിയു. ബേഡൻ അദ്ദേഹത്തിന്റെ ‘എ സർവെ ഓഫ് മലയാളം ക്രിസ്ത്യൻ ലിറ്ററേച്ചർ’ എന്ന ലഘുഗ്രന്ഥത്തിൽ നിരീക്ഷി

ക്കുന്നുണ്ട്. അതിനാൽ 1864ൽ ലോഹാച്ചുകൾ ഉപയോഗിച്ചു മുദ്രണം ചെയ്യുന്ന രീതി തുടങ്ങുന്നതുവരെ പ്രേക്ഷിതപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പുസ്തകങ്ങൾ അച്ചടിച്ചിരുന്നത് തലശ്ശേരിഠാപിതത്തിൽ നിന്നായിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്.

ഭാഷാപത്രപ്രവർത്തനത്തിനും ആനുകാലിക പ്രകാശനത്തിനും തുടക്കം കുറിച്ച ബാസൽമിഷൻ പ്രസ്സിൽ നിന്നാണ് മലയാളത്തിലെ ഒന്നാമത്തെ ജീവചരിത്രകൃതിയായ ഹാവ്ലോക്ക് സായിവിന്റെ ജീവചരിത്രം പുറത്തിറങ്ങിയത് (പടനായകനായ ഹാവ്ലോക്ക് സായ്വിന്റെ ജീവചരിത്രം, ഡമ്മി എട്ടിലൊന്നു വലുപ്പത്തിൽ 34 പേജ്, തലശ്ശേരിഠാപിതം) എന്ന് മാസികകളെ പറ്റി ഗവേഷണം നടത്തിയ പി.ആർ.പരമേശ്വരൻ പിള്ള വെളിപ്പെടുത്തുന്നുണ്ട്. മലയാള സാഹിത്യത്തിലെ പുതിയൊരു സാഹിത്യപ്രസ്ഥാനത്തിനു വഴി തുറന്നിടുകയാണ് ഈ ജീവചരിത്രകൃതി.

രാജ്യസമാചാരം, പശ്ചിമോദയം എന്നിവയ്ക്ക് പുറമേ കൂടുതൽ ആനുകാലികങ്ങൾ തലശ്ശേരിയിൽ നിന്നും ഉദയം കൊണ്ടിട്ടുണ്ടെന്നു വേണം കരുതാൻ. ഗുണ്ടർട്ട് പണ്ഡിതരുടെ ജീവചരിത്രം എഴുതിയ ആൾ അത് സുചിപ്പിക്കുന്നുണ്ട്. “ഗുണ്ടർട്ട് എന്ന ഈ പണ്ഡിതർ തൂവൽ കൊണ്ട് എന്തെല്ലാം പ്രവർത്തിച്ചു. ചെറിയ പ്രബന്ധത്തിൽ വിവരിക്കാൻ വഹിയ ഒരു പത്ത് സംവത്സരങ്ങളോളം ഗുണ്ടർട്ട് പണ്ഡിതർ മാസം തോറും അഞ്ച് പത്രങ്ങൾ പ്രസിദ്ധമാക്കി. അതിൽ ഒന്നു ബാലകരുടെ പരിഷ്കാരത്തിനു എഴുതിയതാണ്”. ( പേജ് 68) അപ്പോൾ ഗ്രന്ഥകാരൻ സ്മരിക്കുന്ന മറ്റു പത്രങ്ങൾ നമ്മുടെ ആദിമുദ്രണ ചരിതത്തിലെ സമസ്യകളിൽപ്പെടുത്തേണ്ടിയിരിക്കുന്നു. അച്ചടിയുടെകഥകൾ പറയുന്ന നൂറ്റാണ്ട് പഴക്കമുള്ള ഇല്ലിക്കുന്നിലെ ഗുണ്ടർട്ട് ബംഗ്ലാവ് ഇപ്പോഴും ചരിത്ര ഗവേഷകരെയും ചരിത്ര വിദ്യാർത്ഥികളെയും ആകർഷിക്കുന്നുണ്ട്. ‘ചർച്ച് ഓഫ് സൗത്ത് ഇന്ത്യ’ യുടെ ഉടമസ്ഥതയിലാണ് ഈ ബംഗ്ലാവിപ്പോൾ. ഒരു പുണ്യസങ്കേതത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന ഓട് മേഞ്ഞ കെട്ടിടവും പ്രശാന്തസുന്ദരമായ പരിസരവും ആരിലും വിസ്മയം ജനിപ്പിക്കും. 20 വർഷക്കാലം ഗുണ്ടർട്ടിന്റെ പഠിപ്പുരയായി മാറിയ ഈ ബംഗ്ലാവ് ഏറ്റെടുത്ത് ഒരു ചരിത്ര സ്മാരകമായി സംരക്ഷിക്കേണ്ടതുണ്ട്. രാജ്യസമാചാരത്തിന്റെ ബാനറിൽ കേരളീയ പത്രപ്രവർത്തനത്തിന്റെ നൂറ്റിഅറുപതാം വാർഷികം കടന്നു പോവുമ്പോൾ മലയാളത്തിലെ പത്രപ്രവർത്തനത്തിന്റെ പ്രാദുർഭാവത്തിനു തുടക്കം കുറിച്ച രാജ്യസമാചാരം, പശ്ചിമോദയം തുടങ്ങി ഗുണ്ടർട്ടിന്റെ പ്രസ്സിലൂടെ വാർന്നു വീണ ശീർഷങ്ങളൊന്നും തന്നെ വരും തലമുറയ്ക്കു വേണ്ടി ശേഖരിക്കാൻ കേരളത്തിലെ പൊതുഗ്രന്ഥശാലകൾ ശ്രമിച്ചിട്ടില്ല എന്നൊരു ദു:ഖം ബാക്കിയാവുന്നു. കാലത്തെ അതിജീവിച്ച ചുരുക്കം ചില ശീർഷങ്ങളാവട്ടെ വിദേശങ്ങളിലാണുള്ളത്. പിന്നെ സ്വകാര്യവ്യക്തികളുടെ ശേഖരത്തിലും. ■

## ഭരണം വിലയിരുത്തി ജനസമക്ഷം

**ക**ഴിഞ്ഞ ഒരു വർഷത്തെ ഭരണം വിലയിരുത്താനും ഭാവിപ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ്വരൂപിക്കാനും വേണ്ടി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ജനസമക്ഷം പരിപാടി ഫലത്തിൽ ഭരണനേട്ടങ്ങൾക്കുള്ള അംഗീകാരമായി മാറി. കോഴിക്കോട് ടാഗോർ ഹാളിൽ തിങ്ങിനിറഞ്ഞ ജനം സർക്കാരിനും മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനും അഭിവാദ്യങ്ങൾ അർപ്പിച്ചു.

ജില്ലയിൽ നിന്നുള്ള മന്ത്രിമാരായ എളമരം കരീം, ബിനോയ് വിശ്വം എന്നിവരും പി.സതീദേവി എം.പി., എം.എൽ.എ മാരായ എ. പ്രദീപ്കുമാർ, അഡ്വ.പി.എം.എ.സലാം, കെ.കെ. ലതിക, ജോർജ് എം.തോമസ്, എം.കെ.പ്രേംനാഥ്, കെ.കുഞ്ഞമ്മദ്, ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് കെ.പി.കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ, കൊയിലാണ്ടി മുനിസിപ്പൽ ചെയർമാൻ കെ.ദാസൻ, കോർപ്പറേഷൻ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സി.കെ.രേണുകാദേവി തുടങ്ങിയ ജനപ്രതിനിധികളും ജില്ലാകളക്ടർ ഡോ.എ.ജയതിലകും പരിപാടിയിൽ പങ്കെടുത്തു.

കഴിഞ്ഞ ഒരു വർഷം കൊണ്ടുതന്നെ സംസ്ഥാനത്ത് വലിയ തോതിലുള്ള വികസനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും നടത്താൻ സർക്കാരിന് കഴിഞ്ഞതായി പരിപാടി ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങൾക്കുനൽകിയ വാഗ്ദാനങ്ങൾ എൽ.ഡി.എഫ് സർക്കാർ നിർവ്വഹിക്കുമെന്നും സർക്കാരിന്റെ തെറ്റുകൾ നിർദാഷിണ്യം ജനങ്ങൾ ചൂണ്ടിക്കാട്ടണമെന്നും തെറ്റുകൾ തിരുത്തി സർക്കാർ മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാരിന്റെ ഒരു വർഷത്തെ ഭരണം ജനങ്ങളിൽ ഉണ്ടാക്കിയ പ്രതികരണം വ്യക്തമാക്കുന്നതായിരുന്നു ജനങ്ങളിൽ നിന്നും ഉയർന്നുവന്ന ചോദ്യങ്ങളേറെയും. പ്രസ്സ് ക്ലബ് സെക്രട്ടറി കമാൽ വരദൂർ ചോദ്യങ്ങൾക്ക് തുടക്കമിട്ടു. അനധികൃതമായ കൈയ്യേറ്റങ്ങൾക്കെതിരെ ധീരമായ നടപടിയെടുത്തപോലെ കുളങ്ങളും പാടങ്ങളും നികത്തി പരിസ്ഥിതി സന്തുലനം തകർക്കുന്നതിനെതിരെ നടപടിയുണ്ടാവണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ ഗൗരവശ്രദ്ധ പതിപ്പിക്കുമെന്ന് വനംവകുപ്പുമന്ത്രി ബിനോയ് വിശ്വം മറുപടി നൽകി. നഗരത്തിലെയും പ്രാന്തപ്രദേശങ്ങളിലെയും തണ്ണീർത്തടസംരക്ഷണത്തിന് സർക്കാർ നടപടിയെടുക്കുമോ എന്ന് പ്രൊഫ.കെ.ശ്രീധരൻ ചോദിച്ചു. അനുകൂല നടപടിയുണ്ടാവുമെന്ന് മന്ത്രി പറഞ്ഞു. ബേപ്പൂർ തുറമുഖവികസനം യാഥാർത്ഥ്യമാക്കണമെന്ന മലബാർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡണ്ട് പി.സക്കീറിന്റെ നിർദ്ദേശം വ്യവസായവകുപ്പുമന്ത്രി എളമരം കരീം സ്വാഗതം ചെയ്തു. ബേപ്പൂരിനെ വിഴിഞ്ഞം മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള ആദ്യപടിയായി കൺസൽട്ടൻസിയെ നിയമിച്ചതായി മന്ത്രി അറിയിച്ചു. പ്രത്യേക സാമ്പത്തിക മേഖല നിലവിൽ വന്നാൽ നമ്മുടെ അവകാശങ്ങൾ ഇല്ലാതാവുമെന്ന് തായാട്ട് ബാലൻ ചൂണ്ടികാട്ടിയതിന് ഈ മേഖലയിൽ തൊഴിൽ നിയമങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്ന് മന്ത്രി കരീം വ്യക്തമാക്കി.

എൽ.ഡി.ക്ളാർക്ക് നിയമനം ത്വരിതപ്പെടുത്തുക, വികലാംഗപെൻഷൻ 500 രൂപയായി വർദ്ധിപ്പിക്കുക, കൈയ്യേറ്റം ഒഴിപ്പിക്കൽ നടപടികളിൽ നിന്ന് വികലാംഗരുടെ പെട്ടിക്കടകളെ ഒഴിവാക്കുക, സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കുക, ഫിലിംഫെസ്റ്റിവൽ ഓരോ ജില്ലയിലും മാറിമാറി സംഘടിപ്പിക്കുക, തുടങ്ങി വിവിധ പ്രശ്നങ്ങളിലേക്ക് സദസ്സ് ശ്രദ്ധ ക്ഷണിച്ചു.

*കെ.ടി. ശേഖരൻ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്*

## വനിതാസാരഥികൾ ഒത്തുചേർന്നപ്പോൾ

**അ**ടുത്ത പത്തു വർഷത്തിനകം ജില്ലയും സമീപ പ്രദേശങ്ങളും വികസിക്കുമ്പോൾ ഉണ്ടാകാവുന്ന ഗതാഗത പ്രശ്നങ്ങൾക്കുള്ള പരിഹാരം സബർബൻ റയിൽവെയാണെന്ന് എറണാകുളം ജില്ലയിലെ വനിതാ നേതൃനിര കരുതുന്നു. ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ *ജില്ലയുടെ വികസനം വനിതകളുടെ കാഴ്ചപ്പാടിൽ* സംവാദത്തിലാണ് ഒരു ദശാബ്ദം മുന്നിൽ കണ്ടുള്ള നിർദേശങ്ങൾ അവർ മുന്നോട്ടുവച്ചത്.

ജില്ലയുടെ വികസനം അങ്കമാലിയും അരൂരും കടന്ന് കൊടുങ്ങല്ലൂരേക്കും ചേർത്തലയിലേക്കും വ്യാപിക്കുകയാണ്. ഈ അവസരത്തിൽ മെട്രോ റയിലിനേക്കാൾ അനുഗുണം തൃശൂർ, ആലപ്പുഴ ജില്ലകൾ ബന്ധിച്ചുള്ള സബർബൻ റയിലാണ്. ഇതിനൊപ്പം റിങ് റോഡുകളും കോറിഡോറുകളും വരേണ്ടതുണ്ട്. ഒപ്പം പാർക്കിങ് മേഖലകളും.

ജി.സി.ഡി.എ. ചെർപേഴ്സൺ എം.സി. ജോസഫൈൻ, കൊച്ചി മേയർ പ്രൊഫ. മേഴ്സി വില്യംസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. ഷൈല, തൃപ്പൂണിത്തുറ നഗരസഭാധ്യക്ഷ അഡ്വ. രഞ്ജിനി സുരേഷ്, ആലുവ നഗരസഭാധ്യക്ഷ അഡ്വ. സ്മിത ഗോപി, മൂവാറ്റുപുഴ നഗരസഭാധ്യക്ഷ മേരി ജോർജ് തോട്ടം, കോതമംഗലം നഗരസഭാധ്യക്ഷ നിമ്മി നാസർ എന്നിവർ സംവാദത്തിൽ പങ്കെടുത്തു. ജില്ലയിലെ എട്ട് നഗരസഭകളിൽ ഏഴിലും വനിതകളാണ് അധ്യക്ഷപദത്തിൽ. ജി.സി.ഡി.എ. ജില്ലാ പഞ്ചായത്ത്, കൊച്ചി കോർപ്പറേഷൻ എന്നിവയും ഭരിക്കുന്നത് വനിതകളാണ്. ഈ പശ്ചാത്തലത്തിലാണ് നാളത്തെ വികസനത്തെക്കുറിച്ചുള്ള പെൺപക്ഷ സംവാദത്തിന് മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി വേദിയൊരുക്കിയത്.

ശാസ്ത്രസാങ്കേതിക – വ്യവസായിക വികസനത്തിന് അനുപൂരകമായി ജില്ലയിൽ കാർഷിക വികസനവും അനിവാര്യമാണെന്ന് ആമുഖപ്രഭാഷണത്തിൽ കളക്ടർ എം.പി.എം. മുഹമ്മദ് ഹനീഷ് പറഞ്ഞു. കെ.എം. റോയി മോഡറേറ്ററായിരുന്നു.

*പി. വിനോദ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

എൻ.സി. സേനൻ

# മലയാള തിരക്കഥാ മാർഗദർശ

ദൃശ്യഭാഷയെക്കാൾ സാഹിത്യമൂല്യത്തിന് പ്രാമുഖ്യം നൽകി തിരക്കഥാസാഹിത്യ ശാഖയ്ക്ക് തിരി കൊളുത്തിയ ആദ്യകാല തിരക്കഥാകൃത്തുക്കളെപ്പറ്റി

സി സിനിമാ നിർമിതിയുടെ ആദ്യ കാലഘട്ടങ്ങളിൽ തിരക്കഥാ രചന എന്താണെന്നോ എങ്ങനെയാണെഴുതേണ്ടതെന്നോ സംവിധായകർക്കോ നിർമാതാക്കൾക്കോ യാതൊരു രൂപവുമുണ്ടായിരുന്നില്ല. ഒരു കഥയും സംഭാഷണവുമായിരുന്നു ചിത്രീകരണത്തിനുള്ള അടിസ്ഥാന രേഖയായി കണക്കാക്കിയത്. നാടകങ്ങളെ പോലെ സിനിമയ്ക്കും കഥകൾ ആവശ്യമായി വന്നു. അതിനെ രംഗങ്ങളായി തിരിച്ച് സംഭാഷമണമെഴുതി ചിത്രീകരണത്തിന് തയ്യാറാക്കുകയായിരുന്നു പതിവ്. എന്നാൽ കുറച്ച് കഴിഞ്ഞപ്പോൾ ഈ രീതിക്ക് മാറ്റമുണ്ടായി. സിനിമയ്ക്ക് അതിന്റേതായ ഭാഷയും വ്യാകരണവുമൊക്കെ ഉരുത്തിരിഞ്ഞു വന്നു. സാങ്കേതികത്വത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കഥയെ വിവരിച്ച് ചിത്രീകരണത്തിനു വേണ്ടി എഴുതാൻ കഥാകൃത്തുക്കൾ പ്രേരിതരായി. അതോടെ ഫിലിമിലേക്ക് പകർത്തുന്നതിന് സംവിധായകർക്കുള്ള അടിസ്ഥാന രേഖയായിത്തീർന്നു തിരക്കഥ. ഇന്നത് സാഹിത്യത്തിലെ ഒരു പ്രത്യേക ശാഖയായിത്തന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

നാടക രംഗത്തു നിന്ന് കടന്നു വന്നവരായിരുന്നു മലയാളത്തിൽ ആദ്യകാലത്ത് പ്രശസ്തരായ തിരക്കഥാകൃത്തുക്കൾ. മലയാളത്തിൽ മാത്രമല്ല, മറ്റെല്ലാ ഭാഷകളിലും ഇത്തരത്തിൽ സാഹിത്യ രംഗത്തുള്ളവരുടെ ശക്തമായ സാന്നിദ്ധ്യമാണ് സിനിമയിലും ഉണ്ടായിരുന്നത്. കഥകൾ രംഗങ്ങളായിത്തിരിച്ച് സംഭാഷണം രചിക്കുകയാണുണ്ടായിട്ടുള്ളതെന്ന് അക്കാലത്തെ പ്രശസ്തരായ സാഹിത്യകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടുതലായി സിനിമയെപ്പറ്റി പഠിക്കാനോ ചർച്ചകൾ നടത്തി ഈ മാധ്യമത്തിന്റെ സാദ്ധ്യതകളെ അപഗ്രഥിക്കാനോ ഇക്കൂട്ടർ തയ്യാറായിരുന്നില്ല. അതു കൊണ്ടുതന്നെ പല പോരായ്മകളും അതിൽ വന്നുഭവിച്ചു. കാലം മാറി. സിനിമയുടെ സാങ്കേതിക വശങ്ങൾ മെച്ചപ്പെട്ടപ്പോൾ കഥയിലും അവതരണത്തിലുമൊക്കെ പുതുമകൾ ആവിഷ്കരിക്കാൻ കലാപ്രവർത്തകർ പ്രേരിതരായി. നല്ല ചിത്രങ്ങൾ എങ്ങനെ നിർമിക്കണം എന്ന ചിന്ത പലരേയും പരീക്ഷണങ്ങളിലേക്കു കടത്തിവിട്ടു. ഇത്തരം ഒരു മാറ്റം ചലച്ചിത്രരംഗത്ത് അനിവാര്യമായിരുന്നു താനും.

മറ്റ് ഇന്ത്യൻ ഭാഷകളിൽ നാടകത്തിലായാലും സിനിമയിലായാലും പുരാണകഥകൾക്കായിരുന്നു പ്രാമുഖ്യം കൽപിച്ചിരുന്നത്. എന്നാൽ സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കഥകളായിരുന്നു നാടകകൃത്തുകൾ മലയാളത്തിൽ എഴുതിയിരുന്നത്. സിനിമ എന്ന മാധ്യമം കടന്നുവന്നപ്പോഴും ഈ പ്രവണത ഏറി വരികയാണുണ്ടായത്. അക്കാലത്തെ പ്രശസ്തരായ എഴുത്തുകാരിൽ പലരും നാടകരംഗത്ത് ശക്തരായി നിലകൊണ്ട പ്രഗത്ഭമതികളായിരുന്നു. അതുകൊണ്ട് തന്നെ അവരുടെ കഥകൾ ചലച്ചിത്രമാക്കാൻ നിർമാതാക്കൾ തയ്യാറായപ്പോൾ സംഭാഷണ രചന നിർവഹിക്കാൻ തൽക്കർത്താക്കളെത്തന്നെയാണ് ചുമതലപ്പെടുത്തിയത്. സ്റ്റുഡിയോകളിലാണെങ്കിൽ കഥയും സംഭാഷണവുമെഴുതാൻ സ്ഥിരം എഴുത്തുകാരെ നിയമിച്ചിരുന്നു. അവരുടെ നിലനിൽപ് ചിത്രത്തിന്റെ വിജയത്തെ ആധാരമാക്കിയായിരുന്നു. എന്നാൽ നവീനാശയങ്ങളുമായി പുതിയ കഥാകൃത്തുക്കൾ രംഗത്ത് വന്നപ്പോൾ പഴയ ചില സിനിമാസങ്കല്പങ്ങൾ തകരുകയാണുണ്ടായത്.

'ബാലൻ' മലയാളത്തിലെ സംസാരിക്കുന്ന ആദ്യ ചലചിത്രമാണല്ലോ. സേലത്തെ മോഡേൺ സ്റ്റുഡിയോ ഉടമയായ ടി.ആർ.സുന്ദരം ആയിരുന്നു ഈ ചിത്രത്തിന്റെ നിർമ്മാതാവ് . മലയാളിയല്ലാത്ത അദ്ദേഹം തമിഴ് ചിത്രങ്ങൾ നിർമ്മിച്ച് ചില പരാജയങ്ങൾ വന്നുഭവിച്ചപ്പോൾ ഒരു മലയാളചിത്രത്തിന്റെ നിർമ്മാണത്തെപ്പറ്റി ആലോചിക്കുകയും അതനുസരിച്ച് മദിരാശിയിൽ തുടങ്ങി പരാജയപ്പെട്ട ഒരു സംരംഭത്തെ സേലത്തേക്ക് ക്ഷണിക്കുകയുമാണുണ്ടായത്. സുന്ദരംപിള്ള എന്ന നാഗർകോവിൽസ്വദേശി എഴുതിയ "വിധിയും മിസിസ് നായരും" എന്ന കഥയായിരുന്നു അത്. ചിത്രീകരണത്തിനിടയ്ക്ക് ടി.ആർ.സുന്ദരവും സുന്ദരംപിള്ളയും തെറ്റിപ്പിരിഞ്ഞു. കഥ പൂർത്തിയാക്കാൻ ഒരു തിരക്കഥാകൃത്തിനെ തേടി ആ ചിത്രത്തിലെ ഒരു നടനായ ആലപ്പി വിൻസന്റ് കേരളത്തിൽ എത്തി. അദ്ദേഹം കണ്ടെത്തിയ കഥാകൃത്ത് പ്രശസ്ത നാടകകൃത്തായ മുതുകുളം രാഘവൻപിള്ളയായിരുന്നു. രാഘവൻ പിള്ള സേലത്തെ സ്റ്റുഡിയോയിലെത്തി ചിത്രീകരിച്ച ഭാഗങ്ങൾ കണ്ടു. അതദ്ദേഹത്തിനത് തൃപ്തികരമായി തോന്നിയില്ല. അത് മാറ്റിയെഴുതാൻ ടി.ആർ. സുന്ദരം രാഘവൻ പിള്ളയെ ചുമതലപ്പെടുത്തി. അതോടെ മുതുകുളം രാഘവൻപിള്ള മലയാളസിനിമയിലെ ആദ്യ തിരക്കഥാകൃത്തായിത്തീർന്നു.

മലയാളസിനിമയുടെ അടിത്തറപാകിയവരിൽ പരമോന്നത സ്ഥാനമാണ് ഈ കലാകാരനുള്ളത്. മുതുകുളത്തെ കലാപാരമ്പര്യമുള്ള ഒരു കുടുംബത്തിലാണ് രാഘവൻപിള്ള ജനിച്ചത്. അമ്മാവനായ യയാതി വേലുപ്പിള്ള പ്രശസ്തനായ നാടകകൃത്തും കവിയുമായിരുന്നു. വളരെ കുട്ടിക്കാലം



മുതുകുളം രാഘവൻപിള്ള

മുതൽക്കേ സംസ്കൃതത്തിൽ പ്രാവീണ്യം നേടിയ രാഘവൻ പിള്ള നാടകരംഗത്തേക്ക് കടന്നുവന്നു. നാടകം, അഭിനയം, ഓട്ടൻതുള്ളൽ, ആട്ടക്കഥാരചന എന്നീ കലാവിഭാഗങ്ങളിൽ ആണ്ട് കഴിഞ്ഞ രാഘവൻപിള്ളയ്ക്ക് കലാശാലയിൽ പോയി കൂടുതൽ പഠിക്കാൻ താത്പര്യം ഉണ്ടായിരുന്നില്ല. ഈ കാലയളവിൽ മലയാളത്തിലും സംസ്കൃതത്തിലുമുള്ള നിരവധി പുസ്തകങ്ങൾ പഠിച്ചു. അമ്മാവനായ യയാതി വേലുപ്പിള്ളയുടെ അകമഴിഞ്ഞ പ്രോത്സാഹനവും ലഭിച്ചു. തുടർന്ന് നാടകരചനയിലേക്ക് തിരിഞ്ഞ രാഘവൻ പിള്ള നാട്ടിലെ അറിയപ്പെട്ട നാടകകൃത്തായിത്തീർന്നു. 'യാചകി' തുടങ്ങിയ അക്കാലത്തെ പ്രശസ്ത നാടകങ്ങൾ രചിച്ചത് മുതുകുളം രാഘവൻപിള്ളയായിരുന്നു. അതുകൊണ്ടുതന്നെയാണ് ആദ്യ സിനിമയുടെ രചനയിലേക്ക് മുതുകുളം ക്ഷണിക്കപ്പെട്ടത്.




മുതുകുളം രചിച്ച ആദ്യ ചിത്രം 'ബാലൻ' വൻപിച്ച വിജയമായിരുന്നു. കെ.കെ. അരൂർ, എം.കെ.കമലം, കെ.എൻ. ലക്ഷ്മിക്കുട്ടി, ആലപ്പി വിൻസെന്റ്, മിസ് മാലിനി, എം.വി.ശങ്കു എന്നീ മലയാളികളായിരുന്നു അഭിനേതാക്കൾ. നൊട്ടാണി എന്ന ഒരു പാർസിയായിരുന്നു സംവിധായകൻ. തിരക്കഥയ്ക്കു പുറമെ ഈ ചിത്രത്തിലെ ഗാനങ്ങളും രചിച്ചത് മുതുകുളമായിരുന്നു. 23 ഗാനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ഒരു സിനിമ മലയാള ഭാഷയിൽ കാണാൻ ആർത്തി പൂണ്ടിരുന്ന മലയാളി പ്രേക്ഷകർ ഈ ചിത്രത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തു.

'ബാലന്റെ' വിജയം കണ്ടിട്ട് മറ്റൊരു തമിഴ് നിർമാതാവും വിതരണക്കാരനുമായ അണ്ണാമല ചെട്ടിയാർ സി.മാധവൻ പിള്ള എഴുതിയ ഒരു നോവൽ ചലച്ചിത്രമാക്കാൻ തയ്യാറായി. 'ജ്ഞാനാംബിക' എന്ന നോവൽ എഴുതിയ മാധവൻ പിള്ള അക്കാലത്തെ പ്രശസ്തനായ എഴുത്തുകാരനായിരുന്നു. നിരവധി നോവലുകളും ഡിക്ഷണറിയുമൊക്കെ ഭാഷയ്ക്ക് സംഭാവന ചെയ്ത അദ്ദേഹം ഈ ചിത്രത്തിൽ അഭിനയിക്കുകയും ചെയ്തു. രണ്ടാനമ്മയാൽ പീഡിപ്പിക്കപ്പെട്ടിരുന്ന 'ജ്ഞാനാംബിക' എന്ന യുവതിയുടെ കഥയാണ് നോവലായി അദ്ദേഹം എഴുതിയത്. വായനക്കാരെ ഏറെ ആകർഷിച്ച ഈ നോവൽ ചലച്ചിത്രമാക്കിയാൽ പ്രേക്ഷകർ സ്വീകരിക്കുമെന്ന് ചെട്ടിയാർക്കു തോന്നി. ഈ ചിത്രം സംവിധാനം ചെയ്തത് 'ബാല'ന്റെ സംവിധായകനായ നൊട്ടാണി തന്നെയായിരുന്നു. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞ് ഭാഗവതർ, സി.കെ.രാജം, ആലപ്പി വിൻസെന്റ്, കെ.കെ. അരൂർ, എം.വി.ശങ്കു എന്നിവരാണഭിനയിച്ചത്. മഹാകവി പുത്തൻകാവ് മുത്തൻ തരകനായിരുന്നു ഗാനരചന. പ്രതീക്ഷിച്ചത്ര വിജയം നേടാൻ ഈ ചിത്രത്തിന് കഴിഞ്ഞില്ല. സി.മാധവൻ പിള്ള ഇതിന്റെ പരാജയത്തോടെ രംഗത്തു നിന്നും പിൻമാറുകയും ചെയ്തു.

1941 ൽ മറ്റൊരു സാഹിത്യകാരനും നാടകനടനും ഉദ്യോഗസ്ഥനുമായ എൻ.പി. ചെല്ലപ്പൻ നായർ സിനിമാ രംഗത്തേയ്ക്ക് കടന്നു വന്നു. അദ്ദേഹം തിരക്കഥ എഴുതിയ 'പ്രഹ്ളാദ' എന്ന പുരാണ ചിത്രത്തിന്റെ സംവിധായകനും നിർമാതാവും കെ.സുബ്രഹ്മണ്യം എന്ന തമിഴ് സംവിധായകനായിരുന്നു. ഗുരുഗോപിനാഥ്, തങ്കമണി ഗോപിനാഥ്, കുമാരി ലക്ഷ്മി, ബാലനടനായി ടി.കെ.ബാലചന്ദ്രൻ എന്നിവരെ കൂടാതെ തിരക്കഥാകൃത്തായ എൻ.പി.ചെല്ലപ്പൻ നായരും ഈ ചിത്രത്തിൽ അഭിനയിച്ചു. 'ശശിധരൻ', 'ചേച്ചി' തുടങ്ങിയ ചിത്രങ്ങൾക്ക് തിരക്കഥ എഴുതിയത് ഇദ്ദേഹമായിരുന്നു.

# രംഗത്തെ ശീകൾ

നാടകാഭിനയ രംഗത്ത് എൻ.പി വളരെ പ്രശസ്തി നേടിയെടുത്ത വ്യക്തിയായിരുന്നു. ഹാസ്യരസപ്രാധാനമായ വേഷങ്ങളിൽ തിളങ്ങി നിന്ന ഈ കലാകാരൻ മാവേലിക്കര നിന്നും തിരുവനന്തപുരത്ത് വന്ന് കുറഞ്ഞകാലം കൊണ്ടു തന്നെ നാടകരംഗത്ത് പ്രശസ്തനായി. മഹാരാജാ തിരുമനസിലെ എല്ലാ തിരുനാൾ ആഘോഷങ്ങൾക്കും കൊട്ടാരത്തിലും വി.ജെ.ടി.ഹാളിലും നാടകം അവതരിപ്പിക്കുന്ന പതിവുണ്ടായിരുന്നു. അവിടെ തന്റെ കഴിവുകൾ പ്രകടമാക്കിയ എൻ.പി, ഇ.വി.കൃഷ്ണപിള്ളയുടെ ചുവടുപിടിച്ച് നാടകങ്ങൾ രചിക്കാൻ ആരംഭിച്ചു.നിരവധി നാടകങ്ങൾ രചിച്ച് തഴക്കവും പഴക്കവും വന്ന എൻ.പി.ക്ക് ഒരു പുരാണ കഥയ്ക്കു തിരക്കഥ എഴുതാനുള്ള അവസരമാണ് ആദ്യം ലഭിച്ചത്.



ഈ സമയത്തു തന്നെ 'മാർത്താണ്ഡ വർമ്മ' എന്ന ഒരു ചിത്രം നിർമിക്കുവാൻ അന്നത്തെ തിരുവിതാംകൂർ രാജകുടുംബത്തിൽപ്പെട്ട ചിലർ ശ്രമിച്ചു. അതിന് തിരക്കഥ എഴുതാൻ നിയുക്തനായത് കൊട്ടാരവുമായി അടുത്ത ബന്ധമുണ്ടായിരുന്ന എൻ.പി.ചെല്ലപ്പൻ നായരായിരുന്നു. കൊട്ടാരത്തിലെ പ്രാചീന ഗ്രന്ഥങ്ങളും തിരുവിതംകൂർ ഗവൺമെന്റ് ആർക്കൈവ്സിലും വിപുലമായ ഗവേഷണം നടത്തിയ ശേഷമാണ് എൻ.പി.തന്റെ തിരക്കഥയ്ക്ക് അന്തിമ രൂപം നൽകിയത്. പ്രശസ്ത സാഹിത്യകാരനായ സി.വി.രാമൻ പിള്ളയുടെ 'മാർത്താണ്ഡ വർമ്മ' നിശബ്ദ ചിത്രമാക്കി പരാജയപ്പെട്ടതിനു ശേഷമായിരുന്നു ഈ സംരംഭത്തിനു തുടക്കമിട്ടത്. ഏതോ കാരണത്താൽ ചലച്ചിത്ര നിർമാണ ശ്രമം

തുടങ്ങുവാൻ നിർമാതാക്കൾക്ക് കഴിഞ്ഞില്ല. എങ്കിലും തിരുവിതാംകൂർ ചരിത്രത്തിലെ ആദ്യകാലഘട്ടം ചലച്ചിത്രമാക്കാൻ വളരെ ശ്രമപ്പെട്ട് രചിച്ച ഈ തിരക്കഥയ്ക്ക് പ്രാധാന്യമുണ്ട്. പിന്നീടത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി.

'പ്രഹ്ളാദ' പരാജയപ്പെട്ടതിനാൽ അടുത്ത ആറേഴ് വർഷക്കാലം മലയാള ചിത്രങ്ങൾ നിർമിക്കാൻ നിർമാതാക്കാളാരും തയാറായിരുന്നില്ല. 'ബാലനു' ശേഷം അടുത്തടുത്ത് നിർമിച്ച രണ്ടു ചിത്രങ്ങളാണ് പരാജയപ്പെട്ടത്. നിർമാതാക്കളാണെങ്കിൽ തമിഴ്നാട്ടിലുള്ളവരും. 'പ്രഹ്ളാദ' യുടെ നിർമാണത്തിനു ശേഷം പതിനഞ്ച് വർഷങ്ങൾക്കു ശേഷമാണ് മറ്റൊരു പുരാണ ചിത്രം തന്നെ മലയാളത്തിൽ നിർമിക്കപ്പെട്ടത്. അതേസമയം തമിഴ്, തെലുങ്ക് ഭാഷകളിൽ പുരാണ ചിത്രങ്ങൾ ധാരാളം നിർമിക്കുകയും വിജയം വരിക്കുകയും ചെയ്തിരുന്നു. കേരളക്കരയിലാണെങ്കിൽ സാമൂഹ്യ ചിത്രങ്ങൾക്ക് പ്രാധാന്യം നൽകുന്നതിൽ പ്രഗത്ഭമതികളായ സാഹിത്യകാരൻമാർ ശ്രദ്ധ വച്ചു. മലയാളി മനസ്സ് തൊട്ടറിഞ്ഞ ഈ സാഹിത്യകാരൻമാർ കാലഘട്ടത്തിലെ പുരോഗമന ചിന്താഗതി കാത്തു സൂക്ഷിക്കുന്നതിൽ നിഷ്ണാതരായിരുന്നു എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല.

ഈ ചിത്ര നിർമാണ കാലഘട്ടത്തിൽ തമിഴ്നാട്ടുകാരായിരുന്നു സാങ്കേതിക രംഗത്ത് പ്രവർത്തിച്ചിരുന്നതെങ്കിലും തിരക്കഥ രചിക്കുന്നതിനും അഭിനയിക്കുന്നതിനും മലയാളികളെത്തന്നെ ക്ഷണിച്ചിരുന്നു. നീണ്ട ഏഴു വർഷങ്ങൾ യാതൊരു പ്രവർത്തനങ്ങളുമില്ലാതെ കടന്നു പോയി. ഇക്കാലമത്രയും നാടകരംഗം സജീവമായി നിലകൊള്ളുകയും സിനിമ എന്ന പുതു മാധ്യമത്തിന്റെ സാദ്ധ്യതകൾ വിദ്യാസമ്പന്നരായ യുവാക്കൾ ഉൾക്കൊള്ളുകയും ചെയ്തിരുന്നു. അതിന്റെയൊക്കെ ഫലമായിട്ടാണ് ചിത്രകാരനും നാടകനടനുമായ ആർട്ടിസ്റ്റ് പി.ജെ.ചെറിയാൻ എറണാകുളത്ത് ഒരു ചിത്രത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇത് മലയാളത്തനിമയുള്ള ഒരു സംരംഭമായിരിക്കണമെന്ന് അദ്ദേഹത്തിന് അതിയായ നിർബന്ധമുണ്ടായിരുന്നു. നാലാമത്തെ ചിത്രമായ 'നിർമല'യുടെ നിർമാണം അതോടെ ആരംഭിച്ചു. 1948 ൽ നിർമാണമാരംഭിച്ച ചിത്രത്തിന്റെ കഥ എഴുതിയത് എം.സ്.ജേക്കബ് എന്നയാളായിരുന്നു. ഇതിന് സംഭാഷണമെഴുതാൻ പ്രശസ്ത സാഹിത്യകാരനായ പുത്തേഴത്ത് രാമൻ മേനോനെയാണ് ഏർപ്പെടുത്തിയത്. മഹാകവി ജി.ശങ്കരക്കുറുപ്പായിരുന്നു ഗാനങ്ങൾ എഴുതിയത്. അക്കാലം വരെ നടീനടൻമാർ പാടി അഭിനയിക്കുന്ന രീതിയാണ് സിനിമയിലുണ്ടായിരുന്നത്. എന്നാൽ ഈ ചിത്രത്തിലൂടെയാണ് പിന്നണി സംഗീതം മലയാളത്തിൽ ആരഭിച്ചത്. ഒരു സാമൂഹ്യ കഥയായിരുന്ന 'നിർമല'യ്ക്ക് പുതുമകൾ ഉണ്ടായിരുന്നെങ്കിലും സാമ്പത്തിക വിജയം നേടാനായില്ല. പലപ്പോഴായിട്ടായിരുന്നു ചിത്രീകരണം നടത്തിയിരുന്നത്. നിർമാണച്ചെലവ് അധികരിച്ചതിനാൽ സാമ്പത്തിക ഭാരം കൂടി വരികയും ചെയ്തു. ആർട്ടിസ്റ്റ് ചെറിയാൻ അടുത്തൊരു ചിത്രം നിർമിക്കുവാൻ ശ്രമിച്ചെങ്കിലും സാമ്പത്തിക പ്രായാസങ്ങൾ കാരണം നിർത്തി വെച്ചു. സംഭാഷണമെഴുതിയ പുത്തേഴത്ത് രാമൻ മേനോൻ സിനിമാരംഗം വിട്ട് ഔദ്യോഗിക രംഗത്തും സാഹിത്യരംഗത്തും ഉറച്ച് നിൽക്കാൻ തീരുമാനിക്കുകയും ചെയ്തു. പാലക്കാട്ടുകാരനായ ക്യാമറാമാൻ പി.വി.കൃഷ്ണയ്യർ എന്നയാളായിരുന്നു ഇതിന്റെ സംവിധായകൻ.

1949 ലാണ് മലയാളത്തിലെ അഞ്ചാമത്തെ ചിത്രമായ 'വെള്ളിനക്ഷത്ര'ത്തിന്റെ പ്രവർത്തനങ്ങൾ നടന്നത്. കേരളത്തിൽ രണ്ടാമത്തേതായി ആരംഭിച്ച ഉദയാ സ്റ്റുഡിയോയിലാണ് ഇത് നിർമിച്ചത്. നടനായിരുന്ന ആലപ്പി വിൻസെന്റ്, ടി.വി.തോമസ്, വ്യാവസായി കുഞ്ചാക്കോ എന്നിവർ ചേർന്ന് ആലപ്പുഴയിൽ രൂപം കൊടുത്ത ഈ ചിത്ര നിർമാണ സ്ഥാപനം പിന്നീട് കുഞ്ചാക്കോയുടെ കൈകളിലേക്ക് എത്തിച്ചേരുകയാണുണ്ടായത്. 'ഉദയ' സ്റ്റുഡിയോയിൽ ആരംഭിച്ച ഈ പ്രഥമ ചിത്രത്തിന്റെ കഥ-തിരക്കഥാരചനയ്ക്ക് മറ്റൊരു പ്രസിദ്ധ നാടകകൃത്തായ കുട്ടനാട് രാമകൃഷ്ണ പിള്ളയെയാണ് നിർമാതാക്കൾ സമീപിച്ചത്. നല്ലൊരു നടനും കൂടിയായിരുന്ന അദ്ദേഹത്തിന്റെ നാടകങ്ങൾ കേരളത്തിലെ മിക്ക സ്ഥലങ്ങളിലും അവതരിപ്പിക്കുകയും ചെയ്തിരുന്നു. വളരെ പ്രതീക്ഷയോടെയാണ് വെള്ളിനക്ഷത്രം പുറത്തിറക്കിയത്. ചിത്രം പരാജയമായിരുന്നെങ്കിലും പിന്നീട് പ്രശസ്തരായ മിസ് കുമാരി, അഭയദേവ് തുടങ്ങിയ കലാപ്രതിഭകളെ സിനിമാരംഗത്തവതരിപ്പിക്കുവാൻ ഈ ചിത്രത്തിലൂടെ സാധിച്ചു. കുട്ടനാട് രാമകൃഷ്ണ പിള്ള ഈ ചിത്രത്തിന്റെ പരാജയത്തോടെ രംഗത്തു നിന്നും വിരമിച്ചു. സംവിധാന ചുമതല യൂറോപ്യനായ ജെ.എച്ച്.ബെയിസ് എന്നൊരാളിനായിരുന്നു. ഒരു ചിത്രം പലകാരണങ്ങൾ കൊണ്ടും പരാജയപ്പെടാൻ സാധ്യതയുണ്ട്. എന്നാൽ ആദ്യകാല രചയിതാക്കൾ ചിത്രത്തിന്റെ പരാജയം സ്വന്തം പരാജയമായി കരുതിയിരുന്നോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ആ കാലഘട്ടത്തിൽ നാടകരംഗത്ത് പ്രശസ്തനായ എഴുത്തുകാരനും നടനും സംവിധായകനും ആയിരുന്നു സുകുമാര കളേബരനായിരുന്ന തിക്കുറിശ്ശി സുകുമാരൻ നായർ. അദ്ദേഹം എഴുതിയ 'സ്ത്രീ', 'മായ', 'മാതൃക', 'ബ്രഹ്മചാരി' 'ജീവിത നൗക' എന്നീ നാടകങ്ങൾ അതി പ്രശസ്തങ്ങളായിരുന്നു. നാടകരംഗത്ത് പല പരിവർത്തനങ്ങൾക്കും അദ്ദേഹം നാന്ദി കുറിച്ചു. ഇന്നത്തെ കന്യാകുമാരി ജില്ലയിൽപ്പെട്ട തിരുവട്ടാർ എന്ന സ്ഥലത്താണ് തിക്കുറിശ്ശി ജനിച്ചത്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തായാക്കിയതിനു ശേഷം അദ്ദേഹം തിരുവനന്തപുരത്തേക്ക് താമസം മാറ്റി. നാടകരംഗത്തെ പ്രശസ്തരായിരുന്ന കൈനിക്കര സഹോദരൻമാർ, ടി.എൻ. ഗോപിനാഥൻ നായർ, എൻ.പി.ചെല്ലപ്പൻ നായർ, ഗുപ്തൻ നായർ തുടങ്ങിയവരുമായിട്ടൊക്കെ നാടകരംഗത്ത് പ്രവർത്തിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു.

ആലപ്പുഴയിലെ ഒരു ഹോട്ടലുടമയായ കെ. പരമേശ്വരൻ പിള്ള തിക്കുറിശ്ശിയുടെ 'സ്ത്രീ' എന്ന നാടകം ചലച്ചിത്രമാക്കാൻ മുന്നോട്ട് വന്നു. ഒരു നാടകം ചലച്ചിത്രമാക്കുന്നത് ആദ്യമായിട്ടായിരുന്നു. ആർ. വേലപ്പൻ എന്ന ആളായിരുന്നു സംവിധായകൻ. കഥ-സംഭാഷണം, അഭിനയം എല്ലാം തിക്കുറിശ്ശിതന്നെയായിരുന്നു. 'സ്ത്രീ' നാടകം പോലെ വിജയിച്ചില്ല എങ്കിലും തിക്കുറിശ്ശി എന്ന കലാകാരന്റെ കഴിവുകൾ അംഗീകരിക്കപ്പെട്ടു. വൈക്കം മണി, അരവിന്ദാക്ഷ മേനോൻ, ഓമല്ലൂർ ചെല്ലമ്മ തുടങ്ങിയ നാടകരംഗത്തെ പ്രമുഖരായവർ ഈ ചിത്രത്തിലൂടെ സിനിമയിലും എത്തിച്ചേർന്നു.

കോയമ്പത്തൂരിലെ പക്ഷിരാജാ സ്റ്റുഡിയോ ഉടമസ്ഥൻ ശ്രീരാമലു നായിഡു ഒരു മലയാള ചിത്രം നിർമ്മിക്കാൻ ആഗ്രഹിച്ചപ്പോൾ മലയാളനാടകരംഗത്ത് ശക്തനായി നിലക്കൊണ്ടിരുന്ന മുൻഷി പരമുപിള്ളയെയാണ് ക്ഷണിച്ചത്. 'പ്രസന്ന' എന്ന നായിഡുവിന്റെ ചിത്രത്തിനു കഥയും സംഭാഷണവുമെഴുതിയത് മുൻഷിയായിരുന്നു. പ്രശസ്തരായ നാടകകൃത്തുക്കളെയാണ് ഈ നിർമ്മാതാക്കൾ കഥയെഴുതാൻ അക്കാലത്ത് ക്ഷണിച്ചിരുന്നത്. അതിന്റെ പിന്നിൽ സാമ്പത്തിക ലാഭവും ലക്ഷ്യമാക്കിയിട്ടുണ്ടാവാം. പുതുതായി രംഗത്ത് കൊണ്ടുവരുമ്പോൾ രചയിതാക്കളോ മറ്റുള്ളവരോ അത്രയൊന്നും പ്രതിഫലം അവകാശപ്പെടാൻ ഒരുമ്പെടില്ല. ഈ ചിത്രം വിജയമായിരുന്നില്ല. എന്നാൽ പിൽക്കാലത്ത് പ്രശസ്തരായ ലളിത, പത്മിനി, രാഗിണി സഹോദരിമാരെ ചലച്ചിത്രരംഗത്തേക്ക് കൊണ്ടുവരാൻ ഈ ചലച്ചിത്രത്തിനു കഴിഞ്ഞു.


പത്മിനി


കെടാമംഗലം സദാനന്ദൻ


തിക്കുറിശ്ശി


കെ.പി. കൊട്ടാരക്കര


നെയ്യാറ്റിൻകര കോമളം


ടി.ആർ. സുന്ദരം

നായിഡു തന്നെയായിരുന്നു ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചത്. മുൻഷി 'കാഞ്ചന', 'വനമാല' എന്നീ രണ്ട് ചിത്രങ്ങൾക്ക് കൂടി സംഭാഷണമെഴുതി ഈ രംഗത്ത് നിന്നും പിൻമാറി. അവ രണ്ടും വേണ്ടത്ര വിജയം നേടിയില്ല എന്നതാവാം കാരണം.

എൻ.പി. ചെല്ലപ്പൻ നായർ അമ്പതുകളിൽ 'ചന്ദ്രിക' എന്ന പേരിൽ ഒരു കഥ എഴുതിയത് നിർമ്മിക്കാൻ മുന്നോട്ട് വന്നത് കെ.എം.കെ. മേനോനായിരുന്നു. കെ.എം.കെ. മേനോനാണ് മൺവിളയിൽ ആരംഭിച്ച ശ്രീകൃഷ്ണാ സ്റ്റുഡിയോയുടെ ഉടമസ്ഥൻ. ഇവിടെയാണ് സത്യനും പ്രേംനസീറും ആദ്യമഭിനയിച്ച 'ത്യാഗസീമ' യുടെ ചിത്രീകരണം നടന്നത്. ചിത്രം പൂർത്തിയാക്കാൻ നിർമ്മതാവായ കെ. ബാലകൃഷ്ണന് കഴിഞ്ഞില്ല. 'ചന്ദ്രിക' എന്ന മേനോൻ ചിത്രത്തിന് പല പ്രത്യേകതകളുമുണ്ടായിരുന്നു. പി.ഭാസ്കരൻ മാസ്റ്റർ ആദ്യം ഗാനമെഴുതിയതും ദക്ഷിണാമൂർത്തി സംഗീതസംവിധാകനായതും ഈ ചിത്രത്തിലൂടെയായിരുന്നു. നാഗവള്ളി ആർ.എസ്. കുറുപ്പ് ഈ ചിത്രത്തിനു വേണ്ടി സംഭാഷണമെഴുതുകയും അഭിനയിക്കുകയും ചെയ്തു. തിക്കുറിശ്ശി, ആറൻമുള പൊന്നമ്മ, പി.കെ. വിക്രമൻനായർ, വി.എൻ. ജാനകി, ലളിത, പത്മിനി തുടങ്ങിയവരെല്ലാം ഇതിൽ അഭിനയിച്ചു. 'ചന്ദ്രിക' യുടെ സംഭാഷണരചയിതാവായി വന്ന നാഗവള്ളി 'അമ്മ' എന്ന മറ്റൊരു ചിത്രത്തിന്റെ സംഭാഷണ രചയിതാവായി. അതിനുശേഷമാണ് അദ്ദേഹം ആകാശവാണിയിൽ ഒരുദ്യോഗസ്ഥനായി ചേർന്നത്. ആ ഉദ്യോഗത്തിലിരിക്കുന്ന അവസരത്തിലാണ് മലയാളത്തിലെ ആദ്യത്തെ റിയലിസ്റ്റിക് ചിത്രമായ 'ന്യൂസ്പേപ്പർ ബോയി' യുടെ സംഭാഷണമെഴുതുകയും അഭിനയിക്കുകയും ചെയ്തത്. ഈ ചിത്രത്തിന് ആ കാലഘട്ടത്തിൽ അംഗീകാരം ലഭിച്ചില്ലെങ്കിലും ഈ നൂതനസംരംഭം മലയാളസിനിമാ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതപ്പെടുകയുണ്ടായി എന്നതും തുടർന്ന് നാഗവള്ളി പല ചിത്രങ്ങളിലൂടെ കഥാസംഭാഷണ രചയിതാവായി എന്നതും എടുത്ത് പറയേണ്ടതാണ്.

മലയാള ചലച്ചിത്രരംഗത്ത് ഈ അടുത്തകാലംവരെ നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു കെ.പി. കൊട്ടാരക്കര. കഥാ-സംഭാഷണരചയിതാവായും നിർമ്മാതാവായുമൊക്കെയുള്ള കെ.പി.യുടെ സേവനം മലയാളസിനിമയുടെ വളർച്ചയ്ക്ക് സഹായകരമായിരുന്നു. 1952 ൽ മെരിലാന്റ് സ്റ്റുഡിയോവിൽ കഥാകൃത്തായും അഭിനേതാവായും കടന്നുകൂടിയ കുട്ടൻപിള്ള കൊട്ടാരക്കര 'ആത്മസഖി' 'പൊൻകതിർ' 'അവകാശി' 'ഹരിശ്ചന്ദ്ര' 'അന്വേഷണം', 'മിന്നുന്നതെല്ലാം പൊന്നല്ല' എന്നീ ചിത്രങ്ങൾക്ക് കഥാസംഭാഷണമെഴുതി. തുടർന്ന് മെരിലാന്റിലെ സേവനത്തിനുശേഷം മദിരാശിയിലെത്തി. ഈ സമയം പ്രേംനസീർ, സത്യൻ തുടങ്ങിയവർ മദിരാശിയിൽ എത്തിക്കഴിഞ്ഞിരുന്നു. അക്കാലത്ത് തമിഴ് ചിത്രരംഗത്തേക്ക് കടന്ന് ചെല്ലാൻ കെ.പി.ക്ക് അനായാസം സാധിച്ചു. ശിവാജി ഗണേശൻ അഭിനയിച്ച് വിജയം നേടിയ 'പാശമലർ' എന്ന തമിഴ് ചിത്രത്തിന്റെ കഥ എഴുതിയത് കെ.പി. ആയിരുന്നു.

'പാശമലർ' ഇൻഡ്യയിലെ എല്ലാഭാഷകളിലും റീമേക്ക് ചെയ്തതോടെ കന്നട, തെലുങ്ക്, ഹിന്ദി തുടങ്ങിയ ഭാഷക്കാർക്കെല്ലാം കെ.പി. സുപരിചിതനായിത്തീർന്നു. എം.ജി.ആർ, ശിവാജി, സത്യൻ, നാഗേശ്വരറാവു, അശോക് കുമാർ, ദിലീപ്കുമാർ, ഗുരുദത്ത്, പ്രേംനസീർ, മധു, വിജയകാന്ത്, പ്രഭു, ജയറാം, ദിലീപ് തുടങ്ങിയ നായകനടന്മാർക്ക് വേണ്ടി അദ്ദേഹം കഥകളെഴുതിയിട്ടുണ്ട്. മലയാളത്തിൽ കെ.പി. നിർമ്മിച്ച ആദ്യചിത്രം 'ജീവിതയാത്ര'യായിരുന്നു. തുടർന്ന് നിരവധി ചിത്രങ്ങൾ നിർമ്മിച്ചു. അഞ്ചരപതിറ്റാണ്ട് കാലത്തോളം മലയാളസിനിമയിൽ മാത്രമല്ല, ഇൻഡ്യൻ സിനിമാരംഗത്ത് നിറഞ്ഞുനിന്നിരുന്ന കെ. കുട്ടൻപിള്ള ഈ അടുത്ത കാലത്താണ് ദിവംഗതനായത്. തെന്നിന്ത്യൻ സിനിമയിൽ വിപുലമായ പരിചയസമ്പത്തും സ്വാധീനവുമുണ്ടായിരുന്നിട്ടും മലയാളസിനിമയുടെ സർവതോമുഖമായ പുരോഗതിക്കുവേണ്ടി ജീവിതാന്ത്യം വരെ പ്രവർത്തിച്ചുക്കൊണ്ടിരുന്ന കെ.പി., സൗത്ത് ഇൻഡ്യൻ ഫിലിം ചേംബറിന്റെ അദ്ധ്യക്ഷനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1952 ൽ കഥയും സംഭാഷണവുമെഴുതിക്കൊണ്ട് ചലച്ചിത്രരംഗത്തേക്ക് കടന്നുവന്ന കഥാകാരനായിരുന്നു കെടാമംഗലം സദാനന്ദൻ. കഥാപ്രസംഗകലയിൽ തന്റെ അസാധാരണകഴിവുകൾ പ്രകടമാക്കിയ ഈ കലാകാരൻ അഭിനയിക്കുകയും ഗാനരചന നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. മലയാളസിനിമയിലെ നിത്യഹരിതനായകനായിരുന്ന പ്രേംനസീർ ആദ്യമഭിനയിച്ചു പുറത്തു വന്ന 'മരുമകൾ' എന്ന ചിത്രത്തിന്റെ കഥയും സംഭാഷണവും ഇദ്ദേഹത്തിന്റേതായിരുന്നു. എന്നാൽ പ്രേംനസീറിന്റെ ആദ്യം റിലീസായ ചിത്രം വിശപ്പിന്റെ വിദ്യയായിരുന്നു. പ്രേംനസീറും കെടാമംഗലവും കൂടാതെ നെയ്യാറ്റിൻകര കോമളം, രേവതി, മുത്തയ്യ, എസ്.ജെ.ദേവ് തുടങ്ങിയവരായിരുന്നു മരുമകളിലെ അഭിനേതാക്കൾ. പ്രേക്ഷകർ ഈ ചിത്രത്തെ അംഗീകരിച്ചില്ലെങ്കിലും പ്രേംനസീറിന്റെ ആദ്യം അഭിനയിച്ചു പൂർത്തിയാക്കിയ ചിത്രമെന്ന നിലയിൽ ഇതിന് പ്രാധാന്യമുണ്ട്.

കഥാകൃത്ത് കെടാമംഗലം സദാനന്ദൻ, 'അരപ്പവൻ', 'ശബരിമല അയ്യപ്പൻ', 'പ്രതികാരം', 'ഗുരുവായൂരപ്പൻ' തുടങ്ങി ഏതാനും ചിത്രങ്ങൾക്ക് വേണ്ടി കഥ-സംഭാഷണമെഴുതുകയുണ്ടായി. ഇതിനിടയിൽ കഥാപ്രസംഗകലയിലേക്ക് തിരിച്ചുപോയ അദ്ദേഹം അവിടെ അജയ്യനായിനിലകൊണ്ടു. ഇടയ്ക്ക് പുരാണ ചിത്രങ്ങളുടെ രചനയിലും ഏർപ്പെട്ടിരുന്നു.

1952 ൽത്തന്നെ ഒ.ജെ. തോട്ടാൻ, ജോസഫ് പള്ളിപ്പാടൻ, വാണക്കുറ്റി തുടങ്ങിയവർ ഓരോ ചിത്രങ്ങൾക്കുവേണ്ടി കഥാ-സംഭാഷണമെഴുതുകയുണ്ടായി. എന്നാൽ അവർക്കാർക്കും തന്നെ ഈ മാധ്യമത്തിൽ പിടിച്ചുനിൽക്കുവാനുള്ള കരുത്ത് സമാർജിക്കുവാൻ സാധിച്ചില്ല. പഴയ എഴുത്തുകാരാണ് ഈ കാലയളവിൽ ശക്തരായി നിലക്കൊണ്ടത്. കെ.പി.യുടെ 'പൊൻകതിർ, തിക്കുറിശ്ശിയുടെ 'അച്ഛൻ', എൻ.പി. ചെല്ലപ്പൻ നായരുടെ 'ആത്മശാന്തി', മുതുകുളത്തിന്റെ 'വിശപ്പിന്റെ വിളി', നാഗവള്ളിയുടെ 'അമ്മ' തുടങ്ങിയ ചിത്രങ്ങൾ ജനങ്ങളുടെ ശ്രദ്ധപിടിച്ചുപറ്റുകയുണ്ടായി. മലയാള സിനിമയുടെ വളർച്ചയ്ക്ക് അടിത്തറ പാകിയവർ ഈ സാഹിത്യകാരന്മാരാണ് എന്നതിൽ സംശയമില്ല. ■

മലയാളി മനസ്സ് തൊട്ടറിഞ്ഞ ഈ സാഹിത്യകാരൻമാർ കാലഘട്ടത്തിലെ പുരോഗമന ചിന്താഗതി കാത്തു സൂക്ഷിക്കുന്നതിൽ നിഷ്ണാതരായിരുന്നു എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല.

## സ്കൂൾ പി.ടി.എ. മാർഗ നിർദ്ദേശങ്ങൾ പുതുക്കി

ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിലെ അധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനത്തിനുള്ള മാർഗനിർദേശങ്ങൾ പുതുക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 126/2007/ പൊ.വി.വ തീയതി തിരുവനന്തപുരം 25.6.2007). ഇതനുസരിച്ച് പി.ടി.എ ജനറൽ ബോഡി വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരണം. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 11-ാം ക്ലാസിലെ പ്രവേശനം പൂർത്തിയായി ഒരു മാസത്തിനുള്ളിലും മറ്റു സ്കൂളുകളിൽ ജൂൺ മാസത്തിലും ആദ്യയോഗം ചേരണം. തുടർന്നുള്ള യോഗം രണ്ടാം ടേമിലും മൂന്നാമത്തെ യോഗം ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പത്ത്/പന്ത്രണ്ട് ക്ലാസുകളിലെ പൊതുപരീക്ഷയ്ക്ക് ഒരു മാസം മുമ്പും മറ്റു സ്കൂളുകളിൽ ഫെബ്രുവരി അവസാനവാരവും ചേരണം. പി.ടി.എ ആദ്യ ജനറൽ ബോഡി യോഗത്തിൽ നിന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കണം. ഇതിന്റെ അംഗസംഖ്യ കുറഞ്ഞത് 15 ഉം കൂടിയത് 21 ഉം ആയിരിക്കും. പകുതി പ്രതിനിധികൾ സ്ത്രീകളാവണം. രക്ഷാകർതൃ പ്രതിനിധികൾ എണ്ണത്തിൽ ഒന്നു കൂടുതലായിരിക്കണം. 750 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന സ്കൂളുകളിൽ 15 പേരെയും അതിനുമുകളിൽ വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ ഓരോ 250 കുട്ടികളോ അതിന്റെ ഭാഗമോ ഉള്ളിടത്ത് കൂടുതലായി രണ്ടു പേരെ വീതവും (പരമാവധി അംഗസംഖ്യ 21) ഉൾപ്പെടുത്തണം. പി.ടി.എ പ്രസിഡന്റ് / വൈസ് പ്രസിഡന്റ് എന്നിവർ രക്ഷാകർതൃ പ്രതിനിധികൾ ആയിരിക്കും. പ്രസിഡന്റ് സ്ഥാനം ഹയർസെക്കണ്ടറി വിഭാഗത്തിനാണെങ്കിൽ വൈസ് പ്രസിഡന്റ് സ്ഥാനം ഹൈസ്കൂൾ വിഭാഗത്തിനോ അല്ലെങ്കിൽ തിരിച്ചോ ആകണം. ഇവരെ തെരഞ്ഞെടുക്കുന്നത് അധ്യാപക പ്രതിനിധികൾ ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി ആയിരിക്കും. ഹയർ സെക്കണ്ടറി/ വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ പി.ടി. എയുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയും ഹെഡ്മാസ്റ്റർ എക്സ് ഒഫിഷ്യോ ഖജാൻജിയും ആയിരിക്കും. പ്രൈമറി /ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ സെക്രട്ടറിയും ഡപ്യൂട്ടി എച്ച് എം/സീനിയർ അസിസ്റ്റന്റ് ഖജാൻജിയും ആയിരിക്കും. മാസത്തിലൊരിക്കലെങ്കിലും ഈ കമ്മിറ്റി യോഗം ചേരണം. പി.ടി.എ. അംഗത്വം എല്ലാ രക്ഷിതാക്കൾക്കും വർഷംതോറും നിർബന്ധമാണ്. അംഗത്വ ഫീസ് നിരക്ക് എൽ.പി വിഭാഗം 10 രൂപ, യു.പി.വിഭാഗം 21 രൂപ, ഹൈസ്കൂൾ വിഭാഗം 50 രൂപ, ഹയർ സെക്കണ്ടറി 100 രൂപ വീതമായിരിക്കും.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നവർക്കും ഫീസ് നിർബന്ധമല്ല. മറ്റു ഫീസുകൾ നൽകാൻ രക്ഷിതാക്കൾ ബാധ്യസ്ഥരല്ല. അവരെ അതിനു നിർബന്ധിക്കാനും പാടില്ല. എന്നാൽ മുൻവർഷത്തെ അവസാന പി.ടി.എ ജനറൽ ബോഡി തീരുമാനപ്രകാരം എൽ.പി. 20 രൂപ, യു.പി. 50 രൂപ, എച്ച്. എസ് 100 രൂപ, ഹയർസെക്കണ്ടറി 400 രൂപ വീതം പ്രത്യേകം നിർവചിക്കപ്പെട്ടിട്ടുള്ള അക്കാദമിക കാര്യങ്ങൾക്കായി ഓരോ രക്ഷിതാവിൽ നിന്നും ശേഖരിക്കാം. പക്ഷേ ഇതിനായി നിർബന്ധിക്കാൻ പാടില്ല. പി.ടി.എയുടെ കണക്കുകൾ ഓഡിറ്റു ചെയ്യാൻ രണ്ടംഗ സമിതിയെ ജനറൽ ബോഡി യോഗത്തിൽ തിരഞ്ഞെടുക്കണം.

ഉത്തരവിന്റെ പൂർണ രൂപം www.prd.kerala.gov.in, www.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും.

### അനധികൃത കെട്ടിടനിർമ്മാണം സെക്രട്ടറിമാർ വീഴ്ച വരുത്തിയാൽ അച്ചടക്ക നടപടി

അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നഗരസഭാ സെക്രട്ടറിമാർക്കുമെതിരെ അച്ചടക്ക നടപടി എടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉത്തരവ് നൽകി. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കാണ് മന്ത്രി ഉത്തരവ് നൽകിയത്.

കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് നിയമവും തീരദേശ പരിപാലന നിയമവും ലംഘിച്ചുകൊണ്ട് ധാരാളം അനധികൃത നിർമ്മാണങ്ങൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയെങ്കിലും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണം ഒരു കാരണവശാലും ഗവൺമെന്റ് അനുവദിക്കില്ല. ഈ സാഹചര്യത്തിലാണ് അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്ത സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ മന്ത്രി ഉത്തരവ് നൽകിയത്.

### രോഗികൾക്ക് ആശ്വാസവാർത്ത
## കാൻസർ, പ്രമേഹ മരുന്നുകൾക്ക് 20 ശതമാനം വിലക്കുറവ്

കാൻസർ, പ്രമേഹ രോഗങ്ങളുടെ ചികിത്സയ്ക്ക് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലൂടെ നൽകുന്ന മരുന്നുകൾക്ക് 20 ശതമാനം പ്രത്യേക വിലക്കുറവ് നൽകാൻ തീരുമാനിച്ചതായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി സി.ദിവാകരൻ അറിയിച്ചു.

കേരളത്തിൽ അടുത്ത കാലത്ത് നടത്തിയ പഠനത്തിൽ ആർ.സി.സി. യിൽ മാത്രം ചികിത്സ തേടുന്ന ഏകദേശം ഒന്നരലക്ഷത്തോളം കാൻസർ രോഗികളും മെഡിക്കൽ കോളേജിലും മറ്റും ചികിത്സയ്ക്കെത്തുന്ന 30 ലക്ഷത്തിലധികം പ്രമേഹ രോഗികളുമുണ്ട്. ഓരോ വർഷവും പതിനായിരക്കണക്കിന് രോഗികളുടെ എണ്ണം വർദ്ധിക്കുകയാണ്.

രോഗപീഡകൾക്ക് പുറമേ പല വിധത്തിലുള്ള ചൂഷണങ്ങൾക്കും രോഗികൾ വിധേയരാകുന്നു. പരിശോധനകൾക്കും മരുന്നുകൾക്കും നിത്യേനയെന്നോണം ഭീമമായ തുക ചെലവാക്കേണ്ടതായി വരുന്നു. ഈ അവസരം മുതലെടുത്ത് ഔഷധ കമ്പനികൾ പുതിയ ടെസ്റ്റ് കിറ്റുകളും മരുന്നുകളും ഇറക്കി വൻ സാമ്പത്തികനേട്ടം ഉണ്ടാക്കുന്നു. ഉത്പാദന ചെലവിന് ആനുപാതികമായി മാത്രം മരുന്നുകൾക്ക് വില നിശ്ചയിക്കുക എന്ന രീതിയല്ല പല കമ്പനികളും അനുവർത്തിച്ചുവരുന്നത്.


മുൻകാലങ്ങളിൽ പ്രമേഹം സമ്പന്നവർഗത്തിന് മാത്രമുള്ള രോഗമെന്ന് ധരിച്ചിരുന്നെങ്കിൽ ഇന്നത് എല്ലാ തരക്കാരെയും ബാധിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ സാധാരണ രോഗികൾക്ക് വലിയൊരു ആശ്വാസമാകും ഈ തീരുമാനം. ഇതരവകുപ്പുകളുമായി ബന്ധപ്പെട്ട് കാൻസറിനും പ്രമേഹത്തിനും കൂടുതൽ ഫലപ്രദവും എന്നാൽ താരതമ്യേന വിലക്കുറവുള്ളതുമായ മരുന്നുകൾ സംഭരിച്ച് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽപ്പന നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി അറിയിച്ചു.

## സാഹിത്യ അക്കാദമി അവാർഡുകൾക്ക് ഗ്രന്ഥങ്ങൾ ക്ഷണിച്ചു

കേരള സാഹിത്യ അക്കാദമിയുടെ 2007-ലെ അവാർഡുകൾ, എൻഡോവ്മെന്റ് അവാർഡുകൾ എന്നിവയ്ക്ക് പരിഗണിക്കുന്നിനായി മലയാള ഗ്രന്ഥങ്ങൾ ക്ഷണിച്ചു. 2004, 2005, 2006 വർഷങ്ങളിൽ പ്രസിദ്ധീകരിച്ച ആദ്യപതിപ്പുകളാണ് പരിഗണിക്കുക. നോവൽ, കവിത, നാടകം, ചെറുകഥ, സാഹിത്യ വിമർശനം/പഠനം, വൈജ്ഞാനികസാഹിത്യം (ശാസ്ത്രം, മാനവികം), ജീവചരിത്രം/ആത്മകഥ, യാത്രാവിവരണം, വിവർത്തനം, ഹാസസാഹിത്യം, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിൽ അവാർഡിന് ഗ്രന്ഥങ്ങൾ സമർപ്പിക്കാവുന്നതാണ്.

വൈജ്ഞാനിക സാഹിത്യം (ജി.എൻ.പിള്ള അവാർഡ്), വ്യാകരണം/ഭാഷാശാസ്ത്രം (ഐ.സി. ചാക്കോ അവാർഡ്), വൈദികസാഹിത്യം (കെ.ആർ.നമ്പൂതിരി അവാർഡ്), ഉപന്യാസ സമാഹാരം (സി.ബികുമാർ അവാർഡ്), കവിതാസമാഹാരം (കനകശ്രീ അവാർഡ് - 35 വയസ്സിന് താഴെ ഉള്ളവർക്ക്), ചെറുകഥാ സമാഹാരം (ഗീതാ ഹിരണ്യൻ അവാർഡ് -35 വയസ്സിന് താഴെ ഉള്ളവർക്ക്), നാടകം/ഏകാങ്കങ്ങൾ (നാടകവേദി -ബോംബെ അവാർഡ് - 35 വയസ്സിന് താഴെ ഉള്ളവർക്ക്) എന്നീ വിഭാഗങ്ങളിൽ എൻഡോവ്മെന്റ് അവാർഡിനും ഗ്രന്ഥങ്ങൾ സമർപ്പിക്കാവുന്നതാണ്.

മുമ്പ് അവാർഡ് ലഭിച്ചവരുടെ കൃതികൾ അതതു വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. ഗ്രന്ഥകാരനോ ബന്ധുവിനോ സുഹൃത്തിനോ പ്രസാധകനോ സാഹിത്യ-സാംസ്കാരിക സംഘടനകൾക്കോ അവാർഡിനുള്ള ഗ്രന്ഥം സമർപ്പിക്കാം. ഗ്രന്ഥത്തിന്റെ മൂന്ന് കോപ്പികൾ ജൂലായ് 31 ന് മുമ്പ് സെക്രട്ടറി, കേരളസാഹിത്യ അക്കാദമി, ടൗൺ ഹാൾ റോഡ്, തൃശൂർ -20 വിലാസത്തിൽ ലഭിക്കണം.




## സർക്കാർ ഗസറ്റ് ഇനി ഓൺലൈനിലും

സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റുകൾ ഇനി ഓൺലൈനിൽ ലഭിക്കും. ഇ-ഗവേണൻസ് രംഗത്ത് ഏറെ ജനോപകാരപ്രദമായ ഈ സംരംഭം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും അച്ചടി വകുപ്പും ചേർന്നാണ് യഥാർത്ഥ്യമാക്കിയിരിക്കുന്നത്. ഔദ്യാഗിക വെബ് പോർട്ടലിലും www.egazette.kerala.gov.in വെബ്സൈറ്റിലും ഗസറ്റുകൾ ലഭിക്കും. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്ലാനിങ് ആന്റ് ഡവലപ്പ്മെന്റ് വിഭാഗം നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് നെറ്റിന്റെ പരിപാലനചുമതലയും സി-ഡിറ്റ് നിർവഹിക്കും. സി-ഡിറ്റാണ് സൈറ്റിന്റെ രൂപകൽപന നടത്തിയത്.

പൊതുജനങ്ങൾ പല നിലയിലും ആശ്രയിക്കുന്ന ഗസറ്റുകൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന ഇ-ഗസറ്റ് സൈറ്റിൽ ഏറ്റവും പുതിയ മൂന്നു ഗസറ്റുകൾ എപ്പോഴും ലഭ്യമാകും. മുൻകാല ഗസറ്റുകളുടെ ആർക്കൈവ്, പ്രിന്റിങ് വകുപ്പുമായി ബന്ധപ്പെട്ട പൊതുവിവരങ്ങൾ, ഉദ്യോഗസ്ഥരുടെ ടെലിഫോൺ നമ്പരുകൾ, വിവിധ അപേക്ഷാ ഫോമുകൾ, സംശയങ്ങൾക്ക് മറുപടി തുടങ്ങിയ ഒട്ടേറെ വിവരങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇ-ഗസറ്റിന്റെ ഉദ്ഘാടനം ജൂൺ 20 ന് പി.ആർ.ചേമ്പറിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവ്വഹിച്ചു. പ്രിന്റിങ് ആന്റ് സ്റ്റേഷനറി വകുപ്പ് മന്ത്രി മാത്യു ടി.തോമസ് ആദ്ധ്യക്ഷം വഹിച്ചു.

## കമ്മ്യൂണിറ്റി റേഡിയോ നിലയത്തിന് അപേക്ഷിക്കാം

സന്നദ്ധ സംഘടനകൾ, കാർഷിക സർവ്വകലാശാലകൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, രജിസ്റ്റർ ചെയ്ത സൊസൈറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള സർക്കാർ നയം ലളിതമാക്കിയതായി കേന്ദ്ര വിവര-പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. ഇതിനായി സംസ്ഥാനത്ത് നോഡൽ ആഫീസറെ നിയമിക്കുന്നതിനും നിർദ്ദേശമുണ്ട്.

കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ ആരംഭിക്കുന്നതിന് ശേഷിയുള്ള സന്നദ്ധ സംഘടനകൾക്ക് അപേക്ഷാ ഫാറവും വിവരങ്ങളും www.mib.nic.in/ www.prd.kerala.gov.in സൈറ്റിൽ ലഭിക്കും.

## പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നു

കേരള മുനിസിപ്പൽ നിയമത്തിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസ്ഥകളും/ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളും എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ബാധകമാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. മുമ്പ് കോർപ്പറേഷനുകളിലും നഗരസഭകളിലും 184 ഗ്രാമപഞ്ചായത്തുകളിലും മാത്രം ബാധകമായിരുന്ന വ്യവസ്ഥകളും ചട്ടങ്ങളുമാണ് ഇപ്പോൾ സംസ്ഥാനത്തെ 815 ഗ്രാമപഞ്ചായത്തുകളിൽ കൂടി ബാധകമാക്കിയിരിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു.

ഈ നിയമവും ചട്ടങ്ങളും ബാധകമല്ലാതിരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് മുൻകൂർ അനുമതി ആവശ്യമായിരുന്നില്ല. എന്നാൽ അടുത്ത കാലത്ത് ഗ്രാമപ്രദേശങ്ങളിൽ പോലും വർദ്ധിച്ചതോതിൽ ആസൂത്രിതമല്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ഭാവി വികസനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാലാണ് നിയമപരമായ നിയന്ത്രണമേർപ്പെടുത്തുന്നതെന്ന് മന്ത്രി പറഞ്ഞു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും പ്രാബല്യത്തിൽ വരുന്നതോടെ പഞ്ചായത്ത് പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ മുൻകൂർ അനുവാദം വാങ്ങണം. സംസ്ഥാനത്തിന്റെ പൊതുനന്മ ലക്ഷ്യമാക്കിയാണ് ഇത്തരത്തിൽ ചട്ടങ്ങൾ കൊണ്ടുവന്നതെന്നും അതിനാൽ ഇക്കാര്യത്തിൽ എല്ലാവരും സഹകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# നാട്ടുവിശേഷം



# പെൺകരുത്തിന്റെ പൊലിമ

**കൃഷിയിലെ** പെൺകരുത്ത് തെളിയിച്ച് മാതൃക കാട്ടുകയാണ് കണ്ണൂരിലെ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ. കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി 2782 ഏക്കർ നിലത്ത് നടത്തിയ കൃഷിയുടെ വിജയം നൽകിയ ആവേശത്തിലാണ് കണ്ണൂരിലെ സ്വയംസഹായസംഘങ്ങൾ. 744.3 ടൺ പച്ചക്കറി, 492.7 ടൺ മരച്ചീനി, 591.1 ടൺ നേന്ത്രക്കായ എന്നിവ ഉത്പാദിപ്പിച്ച് കാർഷിക വളർച്ചയ്ക്ക് പുതിയ മാതൃകകൾ തേടുന്ന സംസ്ഥാനത്തിന് വഴികാട്ടിയാവുകയാണ് ഈ മുന്നേറ്റം.

സാമ്പാദ്യം, സംരംഭകത്വം, ശാക്തീകരണം എന്നിവയാണ് സ്ത്രീകൂട്ടയ്മകളിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. എന്നാൽ ലഘു സമ്പാദ്യ പ്രവർത്തനങ്ങൾ വിജയിക്കുമ്പോഴും അടുത്തഘട്ടമായ ലഘുസംരംഭങ്ങൾ, ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ ദുഷ്കരമായ ലക്ഷ്യങ്ങളായാണ് പലപ്പോഴും മാറുന്നത്. തൊഴിൽ സംരംഭങ്ങളിലൂടെയുണ്ടാകുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം, മാർക്കറ്റിങ് എന്നിവയിലാണ് പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാവുക. ഇവിടെയാണ് കാർഷികമേഖലയിലെ തൊഴിൽ സംരംഭങ്ങൾ ശ്രദ്ധേയമാകുന്നത്.

കണ്ണൂരിൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ തരിശുഭൂമിയിൽ വ്യാപകമായ കാർഷിക പ്രവർത്തനങ്ങൾക്ക് തയ്യാറെടുക്കുകയാണ് 13000 സ്ത്രീകൂട്ടായ്മകൾ. കൃഷി മാത്രമല്ല, അനുബന്ധ മേഖലകളിലും കൈവച്ചു കഴിഞ്ഞു ഇവർ. തേനീച്ചവളർത്തലിനും തേൻ വിപണനത്തിനും ഹോർട്ടികൾച്ചർ മിഷനുമായി ചേർന്നുള്ള പദ്ധതി, കൂൺകൃഷി വ്യാപനത്തിനുള്ള പരിശീലനവും പുത്തൻ യൂണിറ്റുകളും ആട്ടിറച്ചി സംസ്കരിച്ച് വിറ്റഴിക്കാനുള്ള ശാസ്ത്രീയ അറവുകേന്ദ്രങ്ങൾ ഉൾപ്പെടുന്ന ആട്ഗ്രാമം, അലങ്കാര മത്സ്യകൃഷി തുടങ്ങിയ പദ്ധതികളും ആരംഭിക്കുകയാണ്. ഇതോടെ ഓരോ ഗ്രാമപഞ്ചായത്തിലും തൊഴിൽസംരംഭകരുടെ എണ്ണത്തിൽ അൻപതുശതമാനം വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്.

കുടുംബശ്രീക്ക് ജില്ലയിൽ 10,668 അയൽക്കൂട്ടങ്ങളാണ് നിലവിലുള്ളത്; 215275 അംഗങ്ങളും. നിക്ഷേപ വളർച്ചയെക്കാൾ തൊഴിൽ സംരംഭങ്ങൾക്കു മുൻഗണന കൈവന്നതോടെ കഴിഞ്ഞ വർഷം 524 തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിരുന്നു. 'അമൃതം ന്യൂട്രിമിക്സ്' ഇവയിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ്. കുട്ടികൾക്കുള്ള പോഷകാഹാരം ഉത്പാദിപ്പിക്കുന്ന ഈ പദ്ധതി വഴി 29 തൊഴിൽ യൂണിറ്റുകളിലായി 16,77,954 കിലോ പോഷകാഹാരം ഉത്പാദിപ്പിച്ച് വിറ്റഴിച്ചുകഴിഞ്ഞു.

തൊഴിൽ സംരംഭങ്ങളിൽ നിന്നുള്ള വരുമാനം സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കും. സ്ത്രീശാക്തീകരണത്തിന്റെ ഒരു പ്രധാന ഘടകം തന്നെയാണല്ലോ സ്വന്തമായ വരുമാനം. സംരംഭങ്ങൾ വഴി ശാക്തീകരണത്തിലേയ്ക്ക് മുന്നേറുകയാണ് കണ്ണൂരിലെ സ്ത്രീകൾ. പെൺകരുത്തിന്റെ പൊലിമയിൽ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയും ഉണരുകയാണ്.

*പി.പി. ചന്ദ്രൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

## പരസ്പരം

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ

*ബിരുദ പഠനം കഴിഞ്ഞ് തൊഴിലിനായി കാത്തിരിക്കുന്ന വ്യക്തിയാണ് ഞാൻ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതേക്കുറിച്ച് ചില സംശയങ്ങളുണ്ട്. പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നാൽ എന്താണ്? അതിൽ പ്രത്യേകം പേര് രജിസ്റ്റർ ചെയ്യണമോ? എനിക്ക് ഐ.ടി.ഐ. സർട്ടിഫിക്കറ്റ് യോഗ്യതയുമുണ്ട്. ഇതിന് ഇത്തരം എക്സ്ചേഞ്ചുകൾ വഴി തൊഴിൽ ലഭിക്കുമോ? ഒരിക്കൽ രജിസ്റ്റർ ചെയ്താൽ പുതുക്കേണ്ടതുണ്ടോ? രജിസ്ട്രേഷൻ റദ്ദായാൽ വീണ്ടും രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ?*

*എം പ്രശാന്ത്, അയണിമൂട്, തിരുവനന്തപുരം*


പ്രൊഫഷണൽ, എക്സിക്യൂട്ടീവ് തലങ്ങളിലുള്ള തൊഴിലുകൾക്ക് മാത്രമുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ. എൻജിനീയറിങ്, മെഡിസിൻ, നഴ്സിങ്, നിയമം, അഗ്രികൾച്ചർ, വെറ്റിനറി തുടങ്ങി നാലുവർഷമോ എട്ടു സെമസ്റ്ററോ പഠന കാലാവധിയുള്ള പ്രൊഫഷണൽ ബിരുദകോഴ്സുകൾ പാസായവർക്കും 50 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയവർക്കും ഇവിടെ രജിസ്റ്റർ ചെയ്യാം. ഇത്തരം യോഗ്യതകൾ ഉള്ളവർ പ്രൊഫഷണൽ/എക്സിക്യൂട്ടീവ് തലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങൾക്ക് പരിഗണിക്കപ്പെടുന്നതിന് ഇതിനായുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽത്തന്നെ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇതേ ഉദ്യോഗാർത്ഥികൾക്ക് പക്ഷേ, മറ്റുതരത്തിലുള്ള ജോലികൾക്ക് പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ സാധാരണ എക്സ്ചേഞ്ചുകളിലും പ്രത്യേകം രജിസ്റ്റർ ചെയ്യാം. പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തപ്പെടുന്ന നിയമനങ്ങൾക്ക് സാധാരണ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ ഉള്ളവരെ പരിഗണിക്കുകയില്ല. ഐ.ടി.ഐ സർട്ടിഫിക്കറ്റുള്ള താങ്കൾക്ക് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യാൻ അർഹതയില്ല.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്കായി തിരുവനന്തപുരത്തും,എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകൾക്കായി എറണാകുളത്തും കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകൾക്കായി കോഴിക്കോട്ടും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷന് മൂന്ന് വർഷമാണ് സാധുത. അത് കഴിഞ്ഞാൽ പുതുക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത വ്യക്തി നേരിട്ടോ മറ്റൊരാൾ മുഖേനയോ ഐഡന്റിറ്റി കാർഡുമായി എക്സ്ചേഞ്ചിലെത്തി പുതുക്കാം. രജിസ്ട്രേഷൻ വിശദാംശങ്ങൾ രേഖപ്പെടുത്തി മറുപടിക്കുള്ള പോസ്റ്റ് കാർഡ് സഹിതം തപാലിൽ അപേക്ഷിച്ചും രജിസ്ട്രേഷൻ പുതുക്കാം. പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് http://employmentkerala.gov.in എന്ന വെബ്സൈറ്റ് വഴിയും രജിസ്ട്രേഷൻ പുതുക്കാം. രജിസ്ട്രേഷൻ പുതുക്കുന്നതിന് സാധാരണ ഉദ്യോഗാർഥികൾക്ക് രണ്ടു മാസവും പട്ടികജാതി പട്ടികവർഗക്കാർക്ക് ഒരു വർഷവും അധികസമയം (grace period) നൽകും. ഈ കാലയളവിൽ സീനിയോറിറ്റി നഷ്ടപ്പെടില്ല. വികലാംഗ ഉദ്യോഗാർത്ഥികളെ രജിസ്ട്രേഷൻ ലാപ്സാകുന്നതിനു മുൻപ് അക്കാര്യം അറിയിക്കാറുണ്ട്.

രജിസ്ട്രേഷൻ ഒരിക്കൽ റദ്ദായാൽ വീണ്ടും രജിസ്റ്റർ ചെയ്യാവുന്നതാണ്. പക്ഷേ സീനിയോറിറ്റി നഷ്ടപ്പെടും. ഇപ്രകാരം പുനർ രജിസ്ട്രേഷന് മുൻ രജിസ്ട്രേഷന്റെ തിരിച്ചറിയൽ കാർഡ് മടക്കി നൽകേണ്ടതുണ്ട്. രജിസ്ട്രേഷന് യാതൊരു വിധ ഫീസും ഈടാക്കുന്നതല്ല.

*വിവരങ്ങൾക്ക് കടപ്പാട് : കെ.പി. ശിവദാസ്, ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് വകുപ്പ്*



## നാനോ കാർ

ലോകത്ത് വിവിധതരം കാറുകൾ നിങ്ങൾ കണ്ടിട്ടുണ്ടാവും. പല വലിപ്പത്തിലും ആകൃതിയിലുമുള്ളത്. എന്നാൽ ലോകത്തേക്ക് ഏറ്റവും ചെറിയ കാർ എതെന്നറിയാമോ? നാനോകാർ. ഇത് വികസിപ്പിച്ചത് റൈസ് സർവകലാശാലയിലെ ശാസ്ത്രജ്ഞരാണ്. നാല് നാനോമീറ്റർ നീളവും മൂന്ന് നാനോമീറ്റർ വീതിയുമുള്ള ഇതിന് മറ്റു കാറുകൾക്കുള്ളതു പോലെ നാല് വീലുകളുണ്ട്.

## വെടിയുണ്ടയുടെ ആദ്യ രക്തസാക്ഷി

വെടിയുണ്ടയേറ്റ് മരിച്ച ആദ്യവ്യക്തിയെന്ന് കരുതുന്ന ഒരാളുടെ അസ്ഥികൂടം പെറുവിലെ ലിമയ്ക്കു പുറത്തുള്ള ഇൻകാസെമിത്തേരിയിൽ കണ്ടെത്തി. 153 കളിലെ സ്പാനിഷ് ആക്രമണത്തിൽ മരിച്ച 72 പേരിൽ ഒരാളുടേതാണിത്. ഇയാളുടെ മുറിവിന് 500 വർഷംപഴക്കമുണ്ട്.



## ജി.എ.ബി2

അൽഷിമേഴ്സ് രോഗസാദ്ധ്യത മുൻകൂട്ടിയറിയാൻ കഴിയുമോ? കഴിയുമെന്നാണ് അരിസോണയിലെ ബാനർ അൽഷിമേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകർ പറയുന്നത്. ജി.എ.ബി2 എന്ന ജീനാണത്രേ ഇതിനു സഹായിക്കുക. ഫ്രോണ്ടൽ ലോബ്, ടെബറൽ ലോബ്, ഹീററ്റൽ ലോബ് എന്നീ ഭാഗങ്ങളിലെ കോശങ്ങലളിലൂടെയുള്ള സന്ദേശം തടസ്സപ്പെടുന്നതു മൂലമാണ് ഓർമ്മയും ബുദ്ധിയുമൊക്കെ അൽഷിമേഴ്സ് രോഗികൾക്ക് നഷ്ടപ്പെടുന്നത്. ജി എ ബി2 എന്ന ജീൻ തകരാറിലാകുമ്പോൾ മസ്തിഷ്കത്തിലെ മേൽ സൂചിപ്പിച്ച ഭാഗങ്ങളിലെ കോശങ്ങൾക്ക് സംരക്ഷണം നഷ്ടപ്പെടുന്നു. രോഗപ്രതിരോധത്തെക്കുറിച്ച് കൂടുതൽ അറിയാൻ ജി എ ബി2 ജീനിന്റെ കണ്ടുപിടിത്തം ഏറെ സഹായകമായിരിക്കുകയാണ് ഗവേഷകർക്ക്.



## ജിജാന്റ്പ്ടർ ഇർലിയാനെൻസിസ്

ജിജാന്റ്പ്ടർ ഇർലിയാനെൻസിസ് എന്ന പേര് കേട്ടിരിക്കാൻ വഴിയില്ല. ഇതൊരു ജീവിയുടെ പേരാണ്. ഏതു ജീവിയുടേത് എന്ന് ഊഹിക്കാമോ? ദിനോസറിന്റെ, വെറും ദിനോസറല്ല ചിറകുള്ള ദിനോസറിന്റെ. ഇതിന്റെ ഭാരം എത്രയെന്നോ? 1400 കി.ഗ്രാം. നീളമാകട്ടെ എട്ടുമീറ്ററും. ഇത്തരമൊരു ഭീമൻ ദിനോസറിന്റെ ഫോസിൽ ചൈനയിലെ ഇന്നർ മംഗോളിയയിൽ കണ്ടെത്തി. ഇതിനു മുമ്പ് കണ്ടെത്തിയവയെക്കാൾ 35 മടങ്ങ് ഭാരമുണ്ടത്രേ ഇവയ്ക്ക്. മാംസഭോജി ദിനോസറുകൾക്ക് രൂപപരിണാമം സംഭവിച്ച് പക്ഷികളെപ്പോലെയാകുന്നതാണെന്നും അപ്പോൾ അവയുടെ വലിപ്പം കുറയുന്നതാണെന്നുമുള്ള അഭിപ്രായം നിലനിൽക്കവേയാണ് ഇത്തരമൊരു ഭീമൻ ദിനോസറിന്റെ ഫോസിൽ കിട്ടുന്നത്.



## ഗോവ മുഖ്യമന്ത്രി




ഗോവ മുഖ്യമന്ത്രിയായി ദിഗംബർ കാമത്ത് സ്ഥാനമേറ്റു. സംസ്ഥാനത്തെ 19-ാമത്തെ മുഖ്യ മന്ത്രിയാണ് കാമത്ത്. രണ്ടു വർഷം മുൻപ് ബി.ജെ.പി. വിട്ട് കോൺഗ്രസിൽ ചേർന്ന യാളാണ് 54-കാരനായ കാമത്ത്.

## ദല പുരസ്കാരം


'ദല' പുരസ്കാരത്തിന് സി.വി. ശ്രീരാമൻ അർഹനായി. സാഹിത്യമേഖലയിൽ നൽകിയ സമഗ്രസംഭാവനയ്ക്കാണ് അവാർഡ്. അര ലക്ഷം രൂപയും പ്രശസ്തിപത്രവും ജൂലൈയിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കപ്പെടും. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ നന്മോന്മുഖമായ വീക്ഷണമാണ് ശ്രീരാമന്റേത് എന്ന് പുരസ്കാരനിർണയ സമിതി വിലയിരുത്തി.





## ഡബ്ലിൻ പുരസ്കാരം

പെർപീറ്റേഴ്സൻ അന്താരാഷ്ട്ര ഇംപാക്ക് പെർപീറ്റേഴ്സൻ ഡബ്ലിൻ സാഹിത്യ പുരസ്കാരത്തിന് അർഹനായി. ലോകത്ത് ഏറ്റവും കൂടുതൽ സമ്മാനത്തുകയുള്ള സാഹിത്യ അവാർഡാണിത്. ഒരു ലക്ഷം യൂറോയാണ് (54 ലക്ഷം രൂപ) സമ്മാനത്തുക.





## ഫിഫ പ്രസിഡന്റ്

ലോക ഫുട്ബോൾ സംഘടനയായ ഫിഫയുടെ പ്രസിഡന്റായി സെപ് ബ്ലാറ്റർ തിരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായി മൂന്നാമത്തെ പ്രാവശ്യമാണ് ബ്ലാറ്റർ ഫിഫയുടെ പ്രസിഡന്റാവുന്നത്. ഫിഫയുടെ 57-ാം വാർഷിക കോൺഗ്രസിൽ പങ്കെടുത്ത 207 അംഗരാഷ്ട്രങ്ങളുടെയും പ്രതിനിധികൾ ഐകകണ്ഠേനയാണ് ബ്ലാറ്ററെ തിരഞ്ഞെടുത്തത്. 71-കാരനായ ഇദ്ദേഹത്തിന് 2011 വരെ പ്രസിഡന്റായി തുടരാം.

## മാൻ ബുക്കർ പുരസ്കാരം

ആധുനിക ആഫ്രിക്കൻ സാഹിത്യത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന നൈജീരിയൻ എഴുത്തുകാരൻ ചിനുവ ആച്ചെബയ്ക്ക് മാൻ ബുക്കർ സാഹിത്യ പുരസ്കാരം. 60,000 പൗണ്ട് (50 ലക്ഷത്തോളം രൂപ) ആണ് സമ്മാനത്തുക. യൂറോപ്യൻ കോളനിവത്കരണത്തിനെതിരെ ആഫ്രിക്കൻ രാജ്യങ്ങൾ നടത്തുന്ന ചെറുത്തുനിൽപ്പിന്റെ കഥ പറയുന്ന *തിങ്സ് ഫാൾ എപ്പാർട്ട്* എന്ന നോവലിലൂടെ ലോകപ്രശസ്തനായി ആച്ചബെ. 52 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഈ നോവൽ കൂടാതെ *ദി ആരോ ഓഫ് ഗോൾഡ്, നോ ലോങ്ങർ അറ്റ് ഈസ്, എ മാൻ ഓഫ് ദി പീപ്പിൾ* എന്നിവയും അദ്ദേഹത്തിന്റെ രചനകളാണ്.





## ഗൈ ലെറ്റർ മെ

ബൽജിയത്തിൽ ഗൈ ലെറ്റർ മെ പ്രധാനമന്ത്രിയാകും. എട്ടു വർഷം പ്രതിപക്ഷത്തായിരുന്ന ക്രിസ്ത്യൻ ഡമോക്രാറ്റ് സഖ്യം ഭൂരിപക്ഷം നേടി ലിബറൽ സോഷ്യലിസ്റ്റ് സഖ്യത്തെ പരാജയപ്പെടുത്തി. ഗൈവെർഹോഫ് സ്റാറ്റ് മന്ത്രിസഭ രാജിവച്ചു.



## ഇസ്രായേൽ പ്രസിഡന്റ്

ഇസ്രായേൽ പ്രസിഡന്റായി ഷിമോൺ പെരസ് തിരഞ്ഞെടുക്കപ്പെട്ടു. ഏഴുവർഷം മുമ്പ് പെരസ് ഇസ്രായേൽ പ്രസിഡന്റായിരുന്നു. രണ്ടാം വട്ട വോട്ടെടുപ്പിനു മുമ്പു തന്നെ എതിരാളികളായ ലികുഡ് പാർട്ടിയുടെയും ലേബർ പാർട്ടിയുടെയും സ്ഥാനാർത്ഥികൾ പെരസിന് പിന്തുണ പ്രഖ്യാപിച്ച് പിന്മാറിയിരുന്നു. 1994 ൽ പെരസിന് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചിട്ടുണ്ട്. ഇസ്രായേൽ ഡെപ്യൂട്ടി പ്രധാന മന്ത്രിയായിരുന്ന ഷിമോണിന് 83 വയസ്സുണ്ട്.

## യങ് റൈറ്റർ ബഹുമതി

സാഹിത്യ രംഗത്തെ ബാലപ്രതിഭകൾക്കുള്ള കനേഡിയൻ റീഡിങ് റെയിൻബോ യങ് റൈറ്റർ ആൻഡ് ഇല്ലസ്ട്രേറ്റർ ബഹുമതിക്ക് ആറ് വയസ്സുകാരി മലയാളി ബാലിക എലെയ്ൻ ആൻ മനോജ് തുടർച്ചയായ രണ്ടാം വർഷവും അർഹയായി. *കൂൾ ക്യാറ്റ്സ് ടൗൺ* എന്ന കഥയാണ് ബഹുമതിക്ക് അർഹയാക്കിയത്.

## കലാമണ്ഡലം വൈസ് ചാൻസലർ

കലാമണ്ഡലം കൽപ്പിത സർവകലാശാലയുടെ ആദ്യ വൈസ്ചാൻസലറായി പ്രമുഖ സംസ്കൃത പണ്ഡിതനും കൂടിയാട്ട വിദഗ്ധനുമായ ഡോ. കെ. ജി. പൗലോസിനെ നിയമിച്ചു. പൗരാണിക നാടകം, ക്ലാസിക്കൽ ആർട്സ്, കഥകളി എന്നിവയിലും വിദഗ്ധനാണ് ഇദ്ദേഹം.